1744

# ഹൃദയദാഹം

~~39133~~

## HE MUST REIGN

*by*

REV. P. WENISCH S. J.

KOTTAYAM PUBLIC LIBRARY
KOTTAYAM.

പരിഭാഷകൻ:
അബ്രാഹം ഈററസ്സുകുന്നേൽ

പ്രസാധകർ:
എസ്. എച്ച്. ലീഗ്,
അപ്പസ്തോലിക് സെമ്മിനാരി,
ആലുവാ നോത്ത് P. O.

ഒന്നാം പതിപ്പ് — കോപ്പി: 1000
ഒക്ടോബർ 15, 1952

രണ്ടാം പതിപ്പ് — കോപ്പി: 5000
ഏപ്രിൽ 16, 1954

909

**NIHIL OBSTAT** — Fr. Aurelian, O. C. D.,
*Alwaye, 6—1—1954.* — *Rector, Ap. Seminary.*

**IMPRIMATUR** — † Joseph Attipetty,
*Ernakulam, 2-2-'54.* — *Abp. of Verapoly.*

# ഹൃദയദാഹം

39133

## I

## പ്രേഷിതപ്രവർത്തനത്തിൻെറ ആവശ്യകത

### 1 വിശുദ്ധസ്ഥലങ്ങൾക്കു സ്വാതന്ത്ര്യം ലഭിക്കുവാൻ

ക്രിസ്തുവർഷം 1095. തുർക്കികൾ പലസ്തീനാ ആക്രമിക്കുകയും ജറുസലേം നഗരത്തെ കീഴടക്കുകയും ചെയ്തു. ക്രിസ്ത്യാനികളിൽ അനേകരെ അവർ ബഹിഷ്കരിച്ചു; അസംഖ്യങ്ങളെ കൊന്നൊടുക്കി. ഈ വാർത്ത ശ്രവിച്ചമാത്രയിൽ രണ്ടാം ഊർബൻ മാർപ്പാപ്പായുടെ ഹൃദയം തകർന്നുപോയി. വിശ്വാസികളെ വിളിച്ചുകൂട്ടി വികാരഭരിതനായി അവിടുന്ന് ഇപ്രകാരം പ്രസംഗിച്ചു: "വത്സലതനയരേ, വളരെ ദുഃഖകരമായ ഒരു വാർത്തയാണു നിങ്ങളെ അറിയിക്കുവാനുള്ളതു്. തുർക്കികൾ പലസ്തീനാ കൈയടക്കുകയും ക്രിസ്ത്യാനികളെ ഒന്നടങ്കം അവിടെനിന്നു ബഹിഷ്കരിക്കുകയും ചെയ്തിരിക്കുന്നു. പലസ്തീന! ക്രിസ്തു ജീവിച്ചു മരിച്ച രാജ്യമാണതു്. അവിടുത്തെ സ്വന്തം നാടാണതു്. എന്നാൽ, ഇനിമേൽ ആ പുണ്യഭൂമി ഒന്നു സന്ദർശിക്കുന്നതിനോ ആ വിശുദ്ധസ്ഥലങ്ങളിൽ ഒന്നു പ്രാർത്ഥിക്കുന്നതിനോ നമുക്കു കഴിയുകയില്ല. .... ഇതു ന്യായ്യമല്ല....ഇതു് അനുവദനീയമല്ല.... ആകയാൽ നിങ്ങൾ പോകുവിൻ, പലസ്തീനാ വീണ്ടെടുക്കുവിൻ—തീർച്ചയായും വിഷമമേറിയ ഒരു ഉദ്യമമാണിതു്. വലിയ യാതനകൾ നിങ്ങൾക്ക് അനുഭവിക്കേണ്ടി വന്നേക്കാം. എന്നാലും നിങ്ങൾ പലസ്തീനാ വീണ്ടെടുത്തേ തീരൂ. ഇതാണു് ദൈവഹിതം." പ്രസംഗം അവസാനിച്ചില്ല; അതിനുമുമ്പുതന്നെ

ജനക്കൂട്ടം ഇളകിവശരായി. മാർപ്പാപ്പായുടെ വാക്കുകളെ ഉദ്വേഗപൂർവ്വം അവർ ഏററുപറഞ്ഞു: "ഇതു ദൈവഹിതമാണ്.... ദൈവം ഇതാഗ്രഹിക്കുന്നു.... നമുക്കു പോകാം, ക്രിസ്തുവിൻെറ നാടിനെ രക്ഷിക്കാം." തങ്ങൾ ക്രിസ്തുവിനായി പട പൊരുതുവാൻ തയ്യാറാണെന്നതിന്നടയാളമായി ഉടനെ അവർ ചെമപ്പുതുണികൊണ്ടു കുരിശുകളുണ്ടാക്കി തങ്ങളുടെ മാറിടങ്ങളിലും ഉരങ്ങളിലും തെച്ചു പിടിപ്പിച്ചു. അങ്ങനെയാണു 'ക്രൂശുയോദ്ധാക്കൾ', അഥവാ, 'ക്രൂശുസംവാഹകർ' എന്ന പേർ അവർക്കു ലഭിച്ചതു്.

1096-ൽ യൂറോപ്പിൽനിന്നു ക്രിസ്തീയൻസൈന്യം പലസ്തീനായിലേക്കു തിരിച്ചു. വിശാലമായ മരുഭൂമികളിലൂടെ അവർ യാത്രചെയ്യേണ്ടിയിരുന്നു. എരിപൊരികൊള്ളിക്കുന്ന ചൂട്; വെള്ളം വളരെ ദുർല്ലഭം. ഉള്ളതും കുടിക്കുവാൻ കൊള്ളാത്തതു്. പോരെങ്കിൽ സാംക്രമികരോഗങ്ങളും. യാത്രാക്ലേശങ്ങളും രോഗബാധയുംനിമിത്തം അനേകർ ഇടയ്ക്കുവച്ചുതന്നെ ഇഹലോകം വെടിഞ്ഞു. ഏററുമുട്ടിയ ശത്രുക്കളുടെ വിഷബാണങ്ങളേററു് മററനേകർ മൃതിയടഞ്ഞു. ഇങ്ങനെ നിരവധി കഷ്ടനഷ്ടങ്ങൾ സഹിച്ചതിനുശേഷം അവസാനം ക്രൈസ്തവസൈന്യം പലസ്തീനായിൽ ചെന്നുചേർന്നു. ശത്രുക്കളെ യുദ്ധത്തിൽ തോല്പിച്ചുകൊണ്ടു് അവർ ജറുസലേമിലെത്തി. എന്നാൽ, അവിടെ അവർ കണ്ടതു പൊക്കമേറിയ കോട്ടകളാൽ സുരക്ഷിതമായ ഒരു പട്ടണത്തെയാണ്. അതിനകത്തു തുർക്കികളുടെ ഒരു വലിയ സൈന്യം കൂടാരമടിച്ചുകിടപ്പുണ്ടായിരുന്നു. ക്രിസ്ത്യാനികൾ കോവണികൾചാരി മതിൽകയറി പട്ടണത്തിലേയ്ക്കിറങ്ങുമെന്നു മട്ടായപ്പോൾ തുർക്കിപ്പട ഒത്തുകൂടി മുമ്പോട്ടുവന്നു് അവരെ ഒന്നടങ്കം പിന്നോക്കം പായിച്ചു. പിറേറദിവസം യുദ്ധം വീണ്ടും ആരംഭിച്ചു. ക്രൂശുയോദ്ധാക്കൾ ഒരിക്കൽക്കൂടെ മതിലിന്മുകളിൽക്കയറി. എന്നാൽ പിന്നെയും അവർ പിറകോട്ടോടിക്കപ്പെടുകയാണു

ണ്ടായതു്. മൂന്നാംദിവസം പൂർവ്വോപരി ധീരതയോടേ സമരം ചെയ്തതിൻെറ ഫലമായി മതിലിിന്മുകളിൽ കയറിപ്പററി. എന്നാൽ, ഇത്തവണയും തുർക്കികളുടെ നീണ്ട കുന്തംകൊണ്ടുള്ള ഊക്കേറിയ പ്രയോഗം സഹിക്കാനാവാതെ ക്രൂശുയോദ്ധാക്കൾ പിൻവാങ്ങേണ്ടിവന്നു.

നിരാശയുടെ കരിമ്പാടുകൾ എല്ലാവരിലും നിഴലിച്ചു. "ഈ പട്ടണം കൈവശപ്പെടുത്തുവാൻ നമ്മെക്കൊണ്ടൊരിക്കലുമാവില്ല. നാമെല്ലാവരും എന്തിനു വൃഥാ മരിക്കുന്നു? നമ്മെ അത്യാകാംക്ഷയോടേ പാർത്തിരിക്കുന്ന നമ്മുടെ കുടുംബാംഗങ്ങളുടെ പക്കലേക്കു നമുക്കു മടങ്ങാം." ഭഗ്നാശരായ ക്രിസ്ത്യാനികൾ ഇങ്ങനെ വാദിച്ചുതുടങ്ങി.

ഒരു സുപ്രഭാതത്തിൽ ക്രൈസ്തവസേനയുടെ നായകൻ തൻെറ യോദ്ധാക്കളെ വിളിച്ചുകൂട്ടി ഇപ്രകാരം പറഞ്ഞു: "ക്രിസ്ത്യൻ യോദ്ധാക്കളേ, നിങ്ങൾക്കു നന്നായിട്ടറിയാം ക്രിസ്തു നമുക്കായി ക്രൂശിൽ തൂങ്ങിമരിച്ചുവെന്നു്. എവിടെ വച്ചാണു് ആ സംഭവം നടന്നതു്?.... അതാ, അങ്ങോട്ടു നോക്കുവിൻ!" പട്ടണാതിർത്തിയിലുള്ള ഒരു ചെറുകുന്നു് സൈന്യാധിപൻ ചൂണ്ടിക്കാണിച്ചുകൊണ്ടു തുടർന്നു: "അതേ, അവിടെത്തന്നെ!"—കുറച്ചുനേരം മൗനമായി നിന്നതിനുശേഷം—"ആ കുന്നു്" വികാരഭരിതനായി അദ്ദേഹം പറഞ്ഞു: "അതാണു കാൽവരി. അവിടെയാണു ക്രിസ്തുനാഥൻ നമുക്കായി രക്തം ചിന്തിയതു്.... ഇന്നു നമുക്കു് ഈ പട്ടണം കൈവശപ്പെടുത്തി ആ കുന്നിൽ കയറണം. ക്രിസ്തുനാഥൻ മരണമടഞ്ഞ ആ സ്ഥാനത്തുതന്നെ നമുക്കു് ഒരു കുരിശു നാട്ടണം. ക്രിസ്തു നമുക്കായ് ജീവാർപ്പണംചെയ്ത അതേ വേദികയിൽ ത്തന്നെ അവിടുത്തേക്കായി ബലികഴിക്കപ്പെടുവാൻ നാം സന്നദ്ധരാവില്ലേ! ധൈര്യമവലംബിക്കുവിൻ; ചുണയോടേ മുന്നോട്ടിറങ്ങുവിൻ, ചങ്കുറപ്പോടേ പടപൊരുതുവിൻ. അന്തിക്കുമുമ്പിൽ — എന്തുതന്നെ വന്നാലും വേണ്ടില്ല—പട്ടണം നമുക്കു കൈവശമാക്കണം."

സേനാനായകന്റെ ഉജ്ജ്വലത്തായ പ്രഭാഷണം ക്രിസ്തീയയോദ്ധാക്കൾക്ക നവോന്മേഷം നല്കി. അങ്ങനെ നിരാശയുടെ കരിനിഴൽപ്പാടുകളിൽ പ്രതീക്ഷയുടെ വെൺകിരണങ്ങൾ പ്രഭ വീശി. അവർ യുദ്ധവുമാരംഭിച്ചു. അതിവേഗം അവർ മതിലിന്മുകളിൽ കയറിപ്പററി. തുർക്കികൾ തങ്ങളുടെ ദൈവത്തിന്റെ നാമം വിളിച്ചുകൊണ്ടു പാഞ്ഞടുത്തു. "ക്രിസ്തു നീണാൾ വാഴട്ടെ" എന്നു ക്രിസ്ത്യാനികളുടെ സേനാനായകൻ വളരെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. കുരിശുയോദ്ധാക്കൾ ഒരേസ്വരത്തിൽ വീണ്ടുംവീണ്ടും അതേററു പാടി— "ക്രിസ്തു നീണാൾ വാഴട്ടെ!" നവമായ ഉന്മേഷത്തോടെ അവർ തുർക്കികളുമായി ഏററുമുട്ടി. ശത്രുക്കൾ പിന്നോക്കം പാഞ്ഞു. ക്രിസ്ത്യാനികൾ പട്ടണം പിടിച്ചടക്കുകയും കാൽവരിഗിരിമുകളിൽ കുരിശു നാട്ടുകയും ചെയ്തു. അപ്പോൾ സമയം ഉച്ചകഴിഞ്ഞു കൃത്യം മൂന്നുമണിയായിരുന്നു—നമ്മുടെ ദിവ്യരക്ഷകൻ മരിച്ച അതേ വിനാഴിക!

അങ്ങനെ ആ കുരിശുയോദ്ധാക്കൾ ക്രിസ്തുവിന്റെ നാടിനെ രക്ഷിച്ചു. അന്നു ജീവിച്ചിരുന്നെങ്കിൽ നിങ്ങളും മാർപ്പാപ്പായുടെ ആഹ്വാനത്തെ ചെവിക്കൊള്ളുമായിരുന്നില്ലേ? തീർച്ചയായും നിങ്ങളെല്ലാവരും മുന്നോട്ടിറങ്ങിയേനേ; ദേഹി ദേഹത്തോടു വേർപിരിയുന്നതുവരെ ക്രിസ്തുവിനുവേണ്ടി നിങ്ങൾ പടപൊരുതിയേനേ.

എന്നാൽ, പതിനൊന്നാം നൂററാണ്ടിലല്ല, ഇരുപതാം നൂററാണ്ടിലാണു നിങ്ങൾ ജീവിക്കുന്നത്. ക്രിസ്തുവിനുവേണ്ടി ഇനി ഒന്നും ചെയ്യുവാനില്ലെന്നോ? തീർച്ചയായും ഉണ്ട്. ഇന്നും ഒരു സമരം നടക്കുന്നുണ്ട്—ഉഗ്രതയേറിയ ഒരു സമരം; ക്രിസ്തുവും സാത്താനുംതമ്മിൽ. ഭാരതമാണവരുടെ യുദ്ധക്കളം. ഭാരതം ക്രിസ്തുവിന്റെ രാജ്യമായിത്തീരുമോ? അതോ ഇവിടെ കോടിക്കണക്കിനുള്ള ജനങ്ങളിൽ ബഹുഭൂരിപക്ഷവും സത്യദൈവത്തെ ആരാധിക്കാതെ വിഗ്രഹാരാധകരായിത്ത

 1744

ന്നെ തുടരുമോ? ഇന്നു നമുക്കു സ്വതന്ത്രമാക്കുവാനുള്ള 'പുണ്യസ്ഥലങ്ങൾ പലസ്തീനായിലേ ദൈവാലയങ്ങളല്ല; പിന്നെയോ ദൈവച്ഛായയിൽ സൃഷ്ടിക്കപ്പെട്ടു് നമ്മുടെ മാതൃഭൂവിൽ ജനിച്ചുവളർന്ന അസംഖ്യങ്ങളുടെ ആത്മാക്കളാണു്.

ആത്മാക്കളെ അടിമപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം ഇന്നു നടന്നുകൊണ്ടിരിക്കുകയാണു്. ഗ്രന്ഥാലയങ്ങളും സിനിമാശാലകളും പാപത്തിന്റെ മാരകവിഷം വമിച്ചുകൊണ്ടിരിക്കുന്നു. വ്യാജപ്രബോധകർ അബദ്ധസിദ്ധാന്തങ്ങളും നിർമ്മതതത്വങ്ങളും പഠിപ്പിച്ചു ജനതതിയെ ക്രിസ്തുവിങ്കൽനിന്നും അവിടുത്തെ പരിശുദ്ധസഭയിൽനിന്നും അകററുന്നു. നിരീശ്വരപ്രസ്ഥാനങ്ങൾ ദൈവത്തിലുള്ള വിശ്വാസം മനുഷ്യഹൃദയങ്ങളിൽനിന്നു വേരോടേ പിഴുതുകളയുവാൻ ഉററുശ്രമിക്കുന്നു. ഇവയൊക്കെക്കണ്ടാൽ തോന്നിപ്പോകും ക്രിസ്തുവിനും അവിടുത്തെ സഭയ്ക്കുമെതിരായി പടപൊരുതുവാൻ സാത്താനും സകല ദുഷ്ടരും ഒന്നുചേർന്നു തിന്മയുടെ ഒരു സൈന്യമായി അണിനിരന്നിരിക്കയാണെന്നു്.

ഭാരതാംബികയുടെ അരുമക്കിടാങ്ങളായ യുവക്രൈസ്തവരേ, നിങ്ങളും ഒരു പ്രബലസൈന്യമായി സംഘടിക്കുവിൻ. ക്രിസ്തുവിനും അവിടുത്തെ സഭയ്ക്കുംവേണ്ടി നിങ്ങൾ ഉണരുവിൻ. സാത്താന്റെ കരവലയത്തിലകപ്പെട്ടു് അടിമത്തമനുഭവിക്കുന്ന ജനതതിക്കു നിങ്ങളുടെ സൈന്യം ക്രിസ്തുവിന്റെ യഥാർത്ഥസ്വാതന്ത്ര്യം നേടിക്കൊടുക്കട്ടെ. അങ്ങനെ നിങ്ങളുടെ മാതൃഭൂമി ക്രിസ്തുവിന്റെ രാജ്യമായിത്തീരട്ടെ!

എതൊരു ക്രൈസ്തവനും ക്രിസ്തുവിന്റെ ഭടനായിരിക്കണം—ക്രിസ്തു അറിയപ്പെടുവാനും സ്നേഹിക്കപ്പെടുവാനും ഉററുശ്രമിക്കുന്ന ഒരു പ്രേഷിതനായിരിക്കണം. "ഞാൻ ഒരു വൈദികനല്ല. ഇപ്പോൾ ഒരു സ്കൂൾവിദ്യാർത്ഥിയാണു്. കുറേക്കഴിയുമ്പോൾ ഒരു ഡോക്ടറോ, ഒരു പ്രൊഫസ്സറോ, ഒരു എൻജി

നീയാരോ ആയേക്കും" എന്നൊക്കെ ചില ഒഴികഴിവുകൾ പക്ഷേ നങ്ങൾ പറഞ്ഞേക്കും. എങ്കിൽ, നിങ്ങൾക്കു തെററിപ്പോയി.... പ്രേഷിതപ്രവർത്തനം വൈദികന്മാരുടെമാത്രം ചുമതലയല്ല. ഈ കടമ നാം ക്രിസ്ത്യാനികളായപ്പോൾത്തന്നെ വേർപെടുത്തുവാൻ പാടില്ലാത്തവിധത്തിൽ, നമ്മിൽ ഓരോരുത്തരിലും നിക്ഷിപ്തമായിട്ടുണ്ട്. പൗലോസ് അപ്പസ്തോലൻെറ ഒരു വാക്യം—അതു വായിക്കുമ്പോഴൊക്കെ എൻെറ ഹൃദയം സന്തോഷാധിക്യത്താൽ തുടിക്കാറുണ്ട്; "ക്രിസ്തു ഭരിക്കണം." (1 കോറ. 15: 25). അതേ, ക്രിസ്തുതന്നെ ഭരിക്കണം; ലോകം മുഴുവനേയും ഭരിക്കണം; ഭാരതത്തേയും ഭരിക്കണം അതിനു യുവാക്കളായ നാം, സർവ്വാത്മനാ ഒത്തു പ്രയത്നിക്കണം–ഭാരതത്തിൽ ക്രിസ്തുമാത്രം വാഴുവാൻ.

"ഈശോയുടെ പരിശുദ്ധ ഹൃദയമേ, ഭാരതത്തിൽ നിൻെറ രാജ്യം വേഗം വരേണമേ."

## 2. ആ മൂന്നു ചോദ്യങ്ങൾ

നമ്മുടെ കർത്താവിൻെറ സ്വർഗ്ഗാരോഹണംകഴിഞ്ഞിട്ട് ഇനിയും നാളുകൾ അധികമായിട്ടില്ല. ചന്ദ്രബിംബത്തെ ചുംബിക്കുവാൻ കുതിച്ചുയരുന്ന അലയാഴിത്തരംഗങ്ങൾ മുറിച്ചു മുറിച്ച് ഒരു കൊച്ചു പടവ് മുന്നേറുകയാണ്, കുറേപ്പേരേയും വഹിച്ചുകൊണ്ട്. ദിവാകരൻ കിഴക്കേ ചക്രവാളത്തിൽ വെള്ള വീശുന്നതുവരെ വലപിടിച്ചിട്ടും അവർക്ക് ഒന്നും കിട്ടിയില്ല. അവസാനം വഞ്ചി കരയ്ക്കടുപ്പിക്കുവാനുള്ള ശ്രമമായി. അപ്പോൾ ആ വഴിയേവന്ന ഒരു അപരിചിതൻ വിളിച്ചുപറഞ്ഞു, വലത്തുവശത്തേക്കു മാററി വല വീശുവാൻ. അവർ അതനുസരിച്ചു; വളരെയധികം മത്സ്യങ്ങൾ ലഭിക്കയും ചെയ്തു. അപ്പോഴാണ്, ആ അപരിചിതൻ തങ്ങ

ളൂടെ ദിവ്യഗുരുവാണെന്ന് അവർക്കു മനസ്സിലായതു്. വേഗം അവർ തോണി കരയ്ക്കടുപ്പിച്ചു. അവിടെ കുറേ തീക്കനൽ കൂട്ടിയിരിക്കുന്നതും അവയുടെമേൽ കുറേ അപ്പവും മീനും വച്ചിരിക്കുന്നതും അവർ കണ്ടു. അവിടുന്ന് അവരെ വിളിച്ചിരുത്തി ആ അപ്പവും മീനും വീതിച്ചുകൊടുത്തു. അവർ ഭക്ഷിച്ചു തൃപ്തരായപ്പോൾ നമ്മുടെ കർത്താവു് വി. പത്രോസിന്റെ നേരെ തിരിഞ്ഞുകൊണ്ടു ചോദിച്ചു: "യോനായുടെ പുത്രനായ ശെമയോനേ, ഇവരിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?" ആ ചോദ്യം തികച്ചും അപ്രതീക്ഷിതമായിരുന്നെങ്കിലും ഉടനെ പത്രോസ് ഉത്തരം നല്കി: "ഉവ്വ്; കർത്താവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നുവെന്ന് അവിടുന്ന് അറിയുന്നുവല്ലോ!" ഈശോ സംതൃപ്തനായി കാണപ്പെട്ടു. എങ്കിലും വീണ്ടും ചോദിച്ചു: "യോനായുടെ പുത്രനായ ശെമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?" "ഉവ്വ്, കർത്താവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നുവെന്ന് അവിടുന്നറിയുന്നുവല്ലോ" എന്നു പത്രോസ് വീണ്ടും മറുപടി പറഞ്ഞു. ഇത്തവണയും ഈശോ സംതൃപ്തനായിക്കാണപ്പെട്ടു. എന്നാൽ, ഈശോ മൂന്നാമത്തും അതേചോദ്യം ആവർത്തിച്ചു: "യോനായുടെ പുത്രനായ ശെമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?" ഇത്തവണ പത്രോസിനു സങ്കടമുണ്ടായി. ദിവ്യഗുരു തന്നെ വിശ്വസിക്കുന്നില്ലായിരിക്കുമോ? പത്രോസ് വിനയപൂർവ്വം പറഞ്ഞു: "കർത്താവേ, അവിടുത്തേയ്ക്കു സകലതും അറിയാമല്ലോ; ഞാൻ അങ്ങയെ സ്നേഹിക്കുന്നുണ്ടെന്ന് അവിടുന്നറിയുന്നല്ലോ."

യുവജനങ്ങളേ, ക്രിസ്തുവിനെ ഹൃദയംഗമമായി നിങ്ങൾ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങളും സങ്കടപ്പെടും; വളരെയധികം സങ്കടപ്പെടും. എന്തുകൊണ്ടെന്നോ? മതിയാംവിധം അവിടുന്നു സ്നേഹിക്കപ്പെടാത്തതിൽ.

"ക്രിസ്തു സ്നേഹിക്കപ്പെടുന്നില്ല" എന്ന് അശ്രുധാരയോടുകൂടെ വിളിച്ചു പറഞ്ഞുകൊണ്ടു വിശുദ്ധ ഫ്രാൻസീസ് അ

സീസ്സി ഒരിക്കൽ ഒരു പട്ടണവീഥിയിലൂടേ പായുകയുണ്ടായി. ജനപ്പെരുപ്പത്താൽ ബഹളംകൂടിയ നമ്മുടെ പട്ടണങ്ങളിലേ തെരുവീഥികളിലൂടേയും നിശ്ശബ്ദതനിറഞ്ഞ നമ്മുടെ ഗ്രാമങ്ങളിലേ ചെറുപാതകളിലൂടേയും "ക്രിസ്തു അറിയപ്പെടുന്നില്ല; വേണ്ടപോലെ സ്നേഹിക്കപ്പെടുന്നില്ല", എന്നു വിശുദ്ധ ഫ്രാൻസീസ് അസീസ്സിയെപ്പോലെ വിളിച്ചുപറഞ്ഞുകൊണ്ടു നടക്കുവാൻ മുതിരുന്നവർ നമ്മളിലെത്രപേരുണ്ട്? കോടിക്കണക്കിനാളുകൾക്കു മിശിഹായെപ്പററിയാതൊന്നും അറിഞ്ഞുകൂടാ. അറിയുന്നവരിൽത്തന്നെയും എത്ര കുറച്ചുപേർമാത്രമാണ് അവിടുത്തെ വാസ്തവത്തിൽ സ്നേഹിക്കുന്നത്! ഹൃദയംഗമമായി നിങ്ങൾ ക്രിസ്തുവിനെ സ്നേഹിക്കുന്നുവെങ്കിൽ അവിടുന്ന് ഇത്ര കുറച്ചുമാത്രമേ സ്നേഹിക്കപ്പെടുന്നുള്ളല്ലോ എന്നു കണ്ടു വളരെയധികം വ്യസനിക്കാതിരിക്കയില്ല. അപ്പോൾ ആ വ്യസനാധിക്യത്തോടൊത്ത് ഒരഭിനിവേശം നിങ്ങളുടെ ഹൃദയത്തിൽ പൊന്തിവരും—ക്രിസ്തു അറിയപ്പെടുന്നതിനും സ്നേഹിക്കപ്പെടുന്നതിനുമായി എന്തും പ്രവൎത്തിക്കുവാൻ തീവ്രമായ ഒരാഗ്രഹം. ഈ ആഗ്രഹം കുറേ കഴിയുമ്പോൾ തീക്ഷ്ണതയേറിയ ഒരാവേശമായി രൂപം പ്രാപിക്കും. അപ്പോഴാണു കുത്തിപ്പാഞ്ഞുവരുന്ന മലയൊഴുക്കുപോലെ അതു ശക്തി പ്രാപിക്കുന്നത്; എരിഞ്ഞുയരുന്ന അഗ്നിജ്വാലപോലെ അതു ജാജ്വല്യമാനമാകുന്നത്. അപ്പോൾക്കാണാം, ഇത്രയധികംപേർ ക്രിസ്തുവിനെ അറിയാത്തതിലും സ്നേഹിക്കാത്തതിലും നിങ്ങളുടെ ഹൃദയം തകരുന്നത്. അവിടുത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യുവാൻ അനേകായിരങ്ങളെ പരിശീലിപ്പിക്കുന്നതിന് എന്തു ത്യാഗങ്ങൾ സഹിക്കുന്നതിനും ഏതുവിധ സേവനങ്ങൾ അനുഷ്ഠിക്കുന്നതിനും നിങ്ങൾ അപ്പോൾ സന്നദ്ധരാകും. മനുഷ്യഹൃദയങ്ങളിൽ അവിടുത്തേ സ്നേഹത്തിന്റെ ഭരണം സംസ്ഥാപിക്കുവാൻ ആവുന്നതെല്ലാം നിങ്ങൾ ചെയ്യും. "ഭൂമിയിൽ തീയിടുവാൻ ഞാൻ വന്നു; അതു കത്തി

യെരിയുന്നതിനല്ലാതെ മററെന്താണു ഞാൻ ആഗ്രഹിക്കുന്ന ത്?" (ലൂക്കാ 12, 49) ക്രിസ്തുവിൻെറ ഈ ആഗ്രഹം നിറവേറിയിട്ടുണ്ടോ? ഇല്ല, കഷ്ടം!........... ഇതുവരെ നിറവേറിയിട്ടില്ല. അങ്ങനെയെങ്കിൽ എല്ലാ മനുഷ്യരുടേയും ഹൃദയങ്ങളിൽ ആ ദിവ്യാഗ്നി കത്തിജ്വലിപ്പിക്കാതെ എങ്ങനെ നാം മനഃസംതൃപ്തിയോടെ കഴിച്ചുകൂട്ടും?

"ഞങ്ങളോടുള്ള സ്നേഹത്താൽ കത്തിയെരിയുന്ന ഈശോയുടെ തിരുഹൃദയമേ, എല്ലാ മനുഷ്യരുടേയും ഹൃദയങ്ങളിൽ അവിടുത്തെ സ്നേഹത്തിൻെറ അഗ്നിയെ കത്തിക്കേണമേ!"

## 3. 'ഒരാത്മാവിൻെറ വില'

ഒരു കൊച്ചുദ്വീപ്. അലയാഴിയിലെ പതഞ്ഞുയരുന്ന നീണ്ടനീണ്ട തരംഗങ്ങൾമാത്രമാണ് അതിനെ എന്നും സന്ദർശിക്കാറുള്ളത്. എന്നാൽ അന്ന്, ഒരു്ററൻകപ്പൽ ആടിയിളകി അങ്ങകലെ വന്നുനിന്നു. ഒരു കൊച്ചുതോണി അതിൽനിന്നും ഒരു മിഷനറിയെ ആ ദ്വീപിലിറക്കി. നാളുകൾ അധികം കഴിഞ്ഞില്ല. ആ ദ്വീപിലെ കിരാതസഹസ്രങ്ങൾ നാഗരികതയിലേക്കു നീങ്ങി. ഭരണാധികാരിയുൾപ്പെടെ അവരെല്ലാവരും ക്രിസ്തുവിങ്കലേയ്ക്കാനയിക്കപ്പെട്ടു. കുറച്ചുനാളുകൾക്കു ശേഷം ആ മിഷനറി വേറൊരു ദ്വീപിലേക്കു യാത്രയായി. ആ പുതുക്രൈസ്തവരെ തട്ടിയെടുക്കുന്നതിന് അതുതന്നെ നല്ല അവസരമെന്നു കരുതി ഒരാൾ ഭരണാധികാരിയുടെ പക്കൽ കയറിച്ചെന്നു മതത്തെപ്പററി വാദിക്കുവാൻ തുടങ്ങി. ജ്ഞാനസ്നാനം സ്വീകരിച്ചിട്ട് അധികനാളുകളായില്ലെങ്കിലും സകല ചോദ്യങ്ങൾക്കും അദ്ദേഹം തക്കതായ മറുപടികൊടുത്തു. ത

ന്നെയുമല്ല, കത്തോലിക്കാസഭമാത്രമാണ് ക്രിസ്തു സ്ഥാപിച്ച സത്യസഭയെന്നു സമത്ഥിക്കകൂടെചെയ്തു. പരാജിതനായ അയാൾ വേറൊരുപായമാണു പിന്നെ പ്രയോഗിച്ചതു്. അയാൾ പറഞ്ഞു: "പ്രഭോ, വിശ്വാസം ഉപേക്ഷിക്കുകയാണെങ്കിൽ ആയിരം രൂപാ അവിടുത്തേക്കു നല്കാം." അദ്ദേഹം ഒന്നു പുഞ്ചിരിതൂകി, "എന്തു്? ആയിരം രൂപായോ? അതുപോരാ." "എന്നാൽ രണ്ടായിരം രൂപാ തന്നാൽ സമ്മതിക്കാമോ?" അയാൾ വീണ്ടും ചോദിച്ചു. "തീർച്ചയായും ഇല്ല. അതും എത്ര തുച്ഛം!" ഈ മറുപടി അയാളെ ഭഗ്നാശനാക്കി. എങ്കിലും അയാൾ വീണ്ടും പറഞ്ഞു: "എൻെറ അവസാനത്തെ വാക്കാണിതു്. അവിടുത്തേക്കു് എന്തു തരണമെന്നു് അറിയിച്ചാലും അതു ഞാൻ നല്കാം." ഭരണാധിപൻെറ മറുപടി ഇപ്രകാരമായിരുന്നു: "ഞാനിപ്പോൾ ഒരു കത്തോലിക്കനാണു്. എന്തുമാത്രം പണം തന്നാൽ എൻെറ വിശ്വാസം ഞാൻ ത്യജിക്കുമെന്നു താങ്കൾ ചോദിക്കുന്നു. ഈ ചോദ്യത്തിൻെറ അത്ഥം, ഞങ്ങളുടെ ഭാഷയിൽ, എന്തു വിലയ്ക്കു് ആത്മാവിനെ വില്ക്കുവാൻ തയ്യാറാണു് എന്നത്രേ. എൻെറ ആത്മാവിൻെറ വിലയോ? അതിനെ രക്ഷിക്കുവാൻ ക്രിസ്തുനാഥൻ സ്വന്തം രക്തം ചിന്തി. അതിനാൽ, എൻെറ ആത്മാവിൻെറ വില ക്രിസ്തുവിൻെറ രക്തംതന്നെയാണു്. അതിനോടു തുല്യമായ എന്തെങ്കിലും തരുവാൻ താങ്കൾക്കു സാധ്യമല്ലാത്തതിനാൽ എത്രയുംവേഗം സ്ഥലംവിട്ടുകൊള്ളുക. എൻെറ രാജ്യത്തിനുള്ളിൽ ഇനി നിങ്ങളെ കാണരുതു്."

യുവജനങ്ങളേ, ക്രിസ്തുവിൻെറ രക്തമാണു് നിങ്ങളുടെ ആത്മാവിൻെറ വില. നിങ്ങളുടെ ചുററുമുള്ള അനേകലക്ഷങ്ങളുടെ ആത്മാക്കളുടെ വിലയും ക്രിസ്തുവിൻെറ രക്തംതന്നെയാണു്.

ഇത്ര വിലയുള്ള ആത്മാക്കളെ രക്ഷിക്കുവാൻ നിങ്ങളാൽ കഴിവതെല്ലാം നിങ്ങൾ ചെയ്യുകയില്ലെന്നോ? ആത്മാക്കളെ

1744



നേടുന്നതിനു ദൈവത്തോടു സഹകരിക്കുക—അതിനെക്കാൾ ദൈവികമായ പ്രവൎത്തനം വേറെയില്ല. "ആത്മാക്കൾക്കുവേണ്ടിയുള്ള തീക്ഷ്ണതയെക്കാൾ ദൈവത്തിനു പ്രീതികരമായി ഒന്നുമില്ല" എന്നാണ് വേദപാരംഗതനായ വി. തോമസ് അക്വീനാസിൻെറ അഭിമതം.

കുറേ വർഷങ്ങൾക്കുമുമ്പ് ഒരു വലിയ പട്ടണത്തിൽ ഒരു അഗ്നിബാധയുണ്ടായി. വലിയ ഒരു കെട്ടിടം കത്തിയെരിഞ്ഞുകൊണ്ടിരുന്നു. അകത്തുണ്ടായിരുന്നവൎക്കു കഷ്ടിച്ചു രക്ഷപ്പെടുവാൻമാത്രം സമയം കിട്ടി. എല്ലാവരും പുറത്തായെന്നു കണ്ടതിൽ ജനങ്ങൾ അത്യധികം സന്തോഷിച്ചു. അപ്പോൾ കേൾക്കാം ജനക്കൂട്ടത്തിൽനിന്നും ഒരു വിലാപം. എല്ലാവരുടേയും ആകാംക്ഷനിറഞ്ഞ നയനങ്ങൾ കെട്ടിടത്തിൻെറ മുകളിലത്തെ വാതായനത്തിലേക്കു തിരിഞ്ഞു. അവിടെ അതാ, പത്തുവയസ്സുമാത്രം പ്രായംവരുന്ന ഒരു ബാലൻ ഭയാക്രാന്തനായി ജനാലയുടെ അഴികൾ ഇളക്കി പുറത്തിറങ്ങുവാൻ ശ്രമിക്കുന്നു. അതു സാദ്ധ്യമല്ലെന്നറിഞ്ഞപ്പോൾ കൈകൾ രണ്ടും വെളിയിലേയ്ക്കു നീട്ടി പുറത്തുനില്ക്കുന്നവരുടെ സഹായം അവൻ അഭ്യൎത്ഥിച്ചു. കെട്ടിടത്തിൻെറ ഓരോ ഭാഗവും വെണ്ണീറാക്കിക്കൊണ്ട് അഗ്നി ജ്വലിച്ചുയരുകയാണ്. ധൈര്യശാലികളായ കുറേപ്പേർ കുട്ടിയെ രക്ഷിക്കുവാൻ മുമ്പോട്ടു കുതിച്ചു. എന്നാൽ, അപ്പോൾ കെട്ടിടത്തിൽ പ്രവേശിക്കുന്നതു വളരെ ആപൽക്കരമാണെന്നു പറഞ്ഞു മററുള്ളവർ അവരെ പിന്നോക്കം പിടിച്ചുനിറുത്തി. "അതാ കോവണിപ്പടികൾ എരിയുന്നു. മേൽക്കൂരയും ഏതു നിമിഷത്തിലും ഇടിഞ്ഞുവീണേക്കാം!" എന്നു ജനക്കൂട്ടം വിളിച്ചുപറഞ്ഞു. എങ്കിലും ഒരു യുവാവ് കത്തിക്കാളുന്ന തീജ്വാലകളുടെ ഇടയിലൂടെ കുതിച്ചുചാടി, എരിഞ്ഞുകൊണ്ടിരുന്ന ആ കെട്ടിടത്തിൻെറ മുകളിലത്തേ നിലയിലേക്കു പാഞ്ഞു. ഒരു മരണമൂകത ജനക്കൂട്ടത്തെ ബാധിച്ചു. അവരുടെ മുഖങ്ങൾ വെളുത്തു വി

ളറി. ആ വീരാത്മാവിനെ ജീവനോടെ കാണുവാൻ സാധിക്കു മെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ, കുറച്ചുസമയം കഴിഞ്ഞപ്പോൾ ജനക്കൂട്ടത്തിൽനിന്നും പ്രോത്സാഹജനകമായ ആർപ്പുവിളികൾ അന്തരീക്ഷത്തിലേക്കുയൎന്നു. കാരണം, പ്രസ്തുത യുവാവു ജനാലയുടെ അടുക്കലെത്തി ആ ബാലനെ കോരിയെടുക്കുന്നതു് അവർ കണ്ടു! കോവണിപ്പടികൾ വേഗത്തിൽ ചാടിയിറങ്ങി ആ ധീരാത്മാവു കുട്ടിയെ മുററത്തുനിറുത്തിയതും ഒരു വലിയ ശബ്ദത്തോടേ ആ കെട്ടിടത്തിൻെറ മേല്ക്കൂര കത്തിയെരിഞ്ഞു നിലംപതിച്ചതും ഒന്നിച്ചുകഴിഞ്ഞു!!

അതൊരു ധീരപ്രവൃത്തിയായിരുന്നു. എല്ലാവരുടേയും അഭിനന്ദനവും ഹൃദയപൂർവ്വമായ കൃതജ്ഞതയും ആ യുവാവിനു ലഭിച്ചു. എന്നാൽ, അയാൾ ചെയ്തതെന്താണ്? ഒരു കുട്ടിയുടെ ഐഹികജീവനെ സംരക്ഷിച്ചു. കണ്ണുനീരിൻെറ താഴ്വരമാത്രമായ ഈ ഭൂമിയിൽ കുറേ നാളുകൾകൂടെ ജീവിക്കുന്നതിന്ന് ആ ബാലന് അവസരമുണ്ടാക്കിക്കൊടുത്തു. എന്നാൽ ഒരാത്മാവോ? ഒരാത്മാവിനെ രക്ഷിക്കുക! എന്താണതിൻെറ അൎത്ഥം? അവസാനമില്ലാത്ത നരകയാതനകളിൽനിന്ന് ഒരുവനെ വിമുക്തനാക്കി, ശാശ്വതമായ സ്വൎഗ്ഗീയസൗഭാഗ്യം അവനു നല്കുക. ഇവ രണ്ടുമായി എന്തു സാദൃശ്യമാണുള്ളതു്? അകാലമൃത്യുവിൽനിന്ന് ഒരുവനെ രക്ഷിച്ച് അവൻെറ ഇഹലോകവാസം കുറേവർഷത്തേക്കുകൂടെ ദീർഘിപ്പിക്കുകയെന്നതു് ഒരു വിശിഷ്ടകൃത്യമാണ്. എന്നാൽ, അന്ത്യമില്ലാത്ത നരകപീഡകളിൽനിന്നും ആത്മാക്കളെ രക്ഷിച്ച്, അവൎക്ക് അനന്തമായ സ്വൎഗ്ഗീയസൗഭാഗ്യം നേടിക്കൊടുക്കുന്നതിൻെറ ശ്രേഷ്ഠതയെക്കുറിച്ച് എന്താണു പറയേണ്ടതു്?

നശിച്ചുപോകുന്ന ആത്മാക്കളനുഭവിക്കേണ്ട ഭീകരപീഡനങ്ങളെക്കുറിച്ചു നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? വിശുദ്ധ ഗ്രന്ഥം പറയുന്നു, നരകം ഒരു അഗ്നിസമുദ്രമാണെന്ന്; സദാ എരിഞ്ഞാളുന്ന ഒരു തീച്ചൂളയാണെന്ന്; അവസാ

നമില്ലാത്ത ദുരിതങ്ങൾ നിറഞ്ഞ ഒരു സ്ഥലമാണെന്ന്. നരകാഗ്നി! ഭൂമിയിലുള്ള ഏതുതരം അഗ്നിയേയുംകാൾ ഉഗ്രമാണത്. ദുസ്സഹവും ഭയാനകവും. ഈ അഗ്നിയിൽ ഒരിക്കൽ നിപതിച്ചാൽ പിന്നെ അതിൽനിന്നു രക്ഷപെടുക ഒരുനാളും സാദ്ധ്യമല്ല.

എന്നിട്ടും കോടിക്കണക്കിനാളുകൾ നാശത്തിൻെറ മാർഗ്ഗത്തിലൂടെ ഗമിക്കുകയാണ്. നരകത്തിൽ നിപതിക്കത്തക്ക അപകടത്തിലാണവർ. ഒഴുക്കിൽപ്പെട്ട് വെള്ളംകുടിച്ചു മരിക്കാറായ ഒരാളെ നിങ്ങൾ കാണുന്നുവെന്നു വിചാരിക്കുക. അയാളെ രക്ഷിക്കുവാൻ കൈ ഒന്നു നീട്ടിയാൽമാത്രം മതിയായിരുന്നിട്ടും നിങ്ങൾ അപ്രകാരം ചെയ്യുന്നില്ലെങ്കിൽ നിങ്ങളിൽ മനുഷ്യത്വം ഉണ്ടെന്നു പറയാമോ? എന്നാൽ, ദിനംപ്രതി അസംഖ്യം ആത്മാക്കൾ വെള്ളത്തിൽ വീണല്ല, അവസാനമില്ലാത്ത എരിതീയിലമർന്ന്, നശിക്കുന്നതു കണ്ടിട്ട് അവരെ രക്ഷിക്കുവാൻ നിങ്ങൾ ഒന്നും ചെയ്യുന്നില്ലെങ്കിൽ അതെത്ര ഗർഹണീയമായ നിർദ്ദയത്വമാണ്!

ക്രിസ്തുവിൻെറ നാമത്തിനല്ലാതെ വേറൊരു നാമത്തിനും നമ്മെ രക്ഷിക്കുക സാദ്ധ്യമല്ല. എന്നാൽ, ആ വിശുദ്ധ നാമത്തെപ്പററി അക്രൈസ്തവർ അറിയുന്നില്ല! ക്രിസ്തുവാകുന്ന അടിസ്ഥാനക്കല്ല്. അതിലുറപ്പിക്കപ്പെടാത്ത കെട്ടിടങ്ങളെല്ലാം നിലംപരിശാവുകതന്നെ ചെയ്യും. എന്നാൽ, അക്രൈസ്തവർ ക്രിസ്തുവാകുന്ന അടിസ്ഥാനത്തിന്മേലല്ല നിലയുറപ്പിച്ചിരിക്കുന്നത്. സ്വർഗ്ഗീയപിതാവിൻെറ അന്തികത്തിലേക്കുള്ള ഏകമാർഗ്ഗമാണു യേശുക്രിസ്തു. എന്നാൽ, അക്രൈസ്തവർക്ക് ഈ മാർഗ്ഗം അജ്ഞാതമാണ്! യേശുക്രിസ്തുമാത്രമാണു യഥാർത്ഥയിടയൻ. അവിടുത്തെ സ്വരം ശ്രവിക്കാത്തവരാരും അവിടുത്തെ അജഗണത്തിൽ പെടുകയില്ല. അക്രൈസ്തവരാകട്ടെ അവിടുത്തെ സ്വരം കേൾക്കുന്നില്ല!

വിലപനീയമായ ഈ ദുരവസ്ഥ പരിഹരിക്കുന്നതിൽ

നിങ്ങൾക്കു യാതൊരു ഉത്തരവാദിത്വവും ഇല്ലെന്നോ? ആ ദുർഭഗരെ രക്ഷിക്കുവാൻ ഒരു ചെറുവിരലുപോലുമനക്കാതെ കൈയുംകെട്ടി നില്ക്കുന്നതിനു നിങ്ങൾക്കെങ്ങനെ സാധിക്കും? ഇത്രയധികംപേർ ആത്മനാശത്തിനുള്ള വിപത്തിൽ ഉൾപ്പെട്ടിരിക്കുന്നുവെന്ന ചിന്ത നിങ്ങളുടെ ഹൃദയത്തെ സ്പർശിക്കുകയില്ലയോ? നരകാഗ്നിയിൽനിന്ന് അവരെ രക്ഷിക്കുന്നതിനു നിങ്ങളാലാവതെല്ലാം ചെയ്യുവാൻ സഹോദരസ്നേഹം നിങ്ങളെ പ്രേരിപ്പിക്കുകയില്ലയോ?

അന്നൊരിക്കൽ ഒരു വലിയ ജനക്കൂട്ടം ക്രിസ്തുനാഥനെ അനുഗമിക്കുകയായിരുന്നു. അവിടുന്നു പെട്ടെന്ന് അവരുടെ നേരെ തിരിഞ്ഞു ഹൃദയവ്യഥയോടുകൂടെ പറഞ്ഞു: "എനിക്ക് ഈ ജനക്കൂട്ടത്തിന്മേൽ അലിവുതോന്നുന്നു"വെന്ന്. (മർക്കോസ് 8. 2). ഇന്നു ഭാരതത്തിൽ നാശമാർഗ്ഗത്തിലൂടെ ചരിക്കുന്ന വലിയ ജനക്കൂട്ടത്തെ ദർശിച്ചുകൊണ്ട് അവിടുന്നു വിലപിക്കുകയാണ്: "ഈ ജനക്കൂട്ടത്തിന്മേൽ എനിക്ക് അലിവു തോന്നുന്നു"വെന്ന്. ആ ജനക്കൂട്ടത്തിൻെറമേൽ, നിങ്ങളുടെ സ്വന്തം നാട്ടുകാരുടെമേൽ, നിങ്ങളുടെ സഹോദരരുടെമേൽ ....നിങ്ങൾക്കും അലിവു തോന്നട്ടെ. അവരെ രക്ഷിക്കുവാൻ നിങ്ങൾക്കു കഴിവുള്ളതെല്ലാം ചെയ്യുവിൻ.

"ഞാൻ ഒരു പ്രേഷിതനാകും. ഞാൻ ആത്മാക്കളെ രക്ഷിക്കും."

# 4. ക്രിസ്തുവിൻെറ അഭ്യർത്ഥന

ഒരു ദിവസം നമ്മുടെ കർത്താവ് ശ്ലീഹന്മാരോട് അരുൾചെയ്തു: "നാലുമാസങ്ങൾക്കുശേഷം കൊയ്ത്തുകാലംവരും എന്നു നിങ്ങൾ പറയുന്നില്ലേ? ഇതാ, ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങളുടെ കണ്ണുകൾ ഉയർത്തി നിലങ്ങൾ പണ്ടേതന്നെ വെളുത്തു പാകമായിരിക്കുന്നതു കാണുവിൻ" (യോഹ

39133

4, 35). വേറെ വാക്കിൽപ്പറഞ്ഞാൽ: "കണ്ടാലും! വിളവെട്ടപ്പിന്ന സമയമായിരിക്കുന്നു. ധാന്യങ്ങളുടെ കൊയ്ത്തിനെപ്പററിയല്ല ഞാൻ പറയുന്നത്, പിന്നെയോ ആദ്ധ്യാത്മികമായ കൊയ്ത്തിനെക്കുറിച്ചാണ്. ഈ ലോകമാണു വയൽ. ആത്മാക്കളാണവിടത്തെ വിളവുകൾ. വിളവുകൾ പാകമാകുമ്പോൾ അവ കൊയ്ത്തുകാരെ പ്രതീക്ഷിക്കുന്നു, അവയെ കൊയ്തെടുത്ത് അറകളിൽ സൂക്ഷിക്കുവാൻ. അതുപോലെ, ആത്മാക്കളും തങ്ങളെ സ്വർഗ്ഗത്തിൽ കൊണ്ടുചെന്നാക്കുവാൻ ആദ്ധ്യാത്മികകൊയ്ത്തുകാരെയും പ്രതീക്ഷിച്ചു കഴിഞ്ഞുകൂടുകയാണ്."

യുവസ്നേഹിതരേ, ക്രിസ്തുനാഥൻ അരുൾചെയ്തതുപോലെ ഇതാണു കൊയ്ത്തുകാലം. കോടിക്കണക്കിന് ആത്മാക്കൾ ഇന്ന് ഇൻഡ്യയിൽ കാത്തിരിപ്പുണ്ട്, അവർ നിങ്ങളെ പ്രതീക്ഷിച്ചിരിക്കയാണ്. നിങ്ങളാണ് അവരെ രക്ഷിക്കേണ്ടവർ. ഇപ്പോൾ നിങ്ങളതു ചെയ്തില്ലെങ്കിൽ, കൊയ്തെടുക്കാത്ത വിളവുകൾപോലെ, അവർ നശിച്ചുപോകും. ഇപ്പോഴാണു കൊയ്ത്തുകാലം. ഉടനെ നിങ്ങൾ കൊയ്ത്തു തുടങ്ങുവിൻ. സ്വർഗ്ഗരാജ്യത്തിന് ആത്മാക്കളെ ശേഖരിക്കുവിൻ.

വേറൊരിക്കൽ ശ്ലീഹന്മാർ ദിവ്യനാഥനുവേണ്ടി കുറേ ഭക്ഷണസാധനങ്ങൾ വാങ്ങിക്കൊണ്ടുവന്നിട്ടു പറഞ്ഞു: "ഗുരോ, എടുത്തു ഭക്ഷിച്ചാലും." ക്രിസ്തുവാകട്ടെ, "നിങ്ങളറിഞ്ഞിട്ടില്ലാത്ത ഒരു ഭക്ഷണമുണ്ടെനിക്ക്" എന്നു പറഞ്ഞുകൊണ്ട് അതു നിരസിക്കയാണു ചെയ്തത്. ഇതു കേട്ടപ്പോൾ ശ്ലീഹന്മാർ വിചാരിച്ചു, ഗുരുവിന് ആരോ ഭക്ഷണം കൊണ്ടുവന്നു കൊടുത്തിരിക്കുമെന്ന്. അവർക്കു തെററിപ്പോയെന്ന് അവിടുന്ന് ഉടനെ അവരെ അറിയിച്ചു: "എൻെറ ഭക്ഷണം എന്നെ അയച്ചവൻെറ അഭീഷ്ടം അനുസരിച്ചു പ്രവത്തിക്കുന്നതും അവൻ എന്നെ ഭരമേല്പിച്ച ജോലി പൂത്തിയാക്കുന്നതുമാകുന്നു." (യോഹ. 6: 34). ഈ ജോലി എന്തായിരുന്നു?—ആത്മാക്കളെ

39133

രക്ഷിക്കുക. അതിൻെറ പൂർത്തീകരണത്തിന് അവിടുന്ന രാപകൽ ഇളവില്ലാതെ അധ്വാനിച്ചു. തീർച്ചയായും, ആത്മാക്കളുടെ രക്ഷയ്ക്കായി പ്രവർത്തിക്കുകയെന്നതായിരുന്നു അവിടുത്തെ ഭക്ഷണവും പാനീയവും. എന്നാൽ, നിങ്ങളുടേയും ഭക്ഷണവും പാനീയവും അതുതന്നെയോ? അനാഗതരെ സത്യസഭയിലേയ്ക്കാനയിക്കാൻ തീവ്രമായ ആഗ്രഹം നിങ്ങൾക്കുണ്ടോ?

അന്ന്, ഗാഗുൽത്താഗിരിശൃംഗത്തിൽ ക്രിസ്തുനാഥൻ കൈകാലുകൾ ആണികളാൽ തുളയ്ക്കപ്പെട്ടും തിരുശ്ശിരസ്സിൽ മുൾമുടി ധരിച്ചും മുട്ടമേനിയിലേ തിരുമുറിവുകളിൽനിന്നു രക്തം ധാരധാരയായി ചിന്തിക്കൊണ്ടും കുരിശിൽ തൂങ്ങിക്കിടന്ന അവസരത്തിൽ അനുഭവിച്ച നിഷ്ഠുരമായ ശാരീരിക വേദനകളെക്കാൾ വളരെ മടങ്ങു കൂടുതൽ ദുസ്സഹമായിരുന്നു അവിടുത്തേക്കുണ്ടായ ഹൃദയവ്യഥ. ആത്മാക്കളെ രക്ഷിക്കണമെന്നതായിരുന്നു അവിടുത്തെ ഏകാഭിലാഷം. ആത്മാക്കൾക്കുവേണ്ടിയാണ് അവിടുന്നു ചമ്മട്ടികളാൽ അടിക്കപ്പെട്ടതും മുൾമുടി ധരിപ്പിക്കപ്പെട്ടതും ക്രൂശിൽ തറയ്ക്കപ്പെട്ടതും. എന്നിട്ടും എത്രയെത്ര ആത്മാക്കൾ നഷ്ടപ്പെടുന്നു! ആ വലിയ ജനക്കൂട്ടത്തെ അവിടുന്നു ദർശിച്ചു. ആ കാഴ്ച അവിടുത്തെ ഹൃദയത്തെ തകർക്കുകതന്നെ ചെയ്തു.... ഹാ! അവരെ രക്ഷിക്കുവാൻ ആരും ഉണ്ടാവുകയില്ലേ? ആ പരിത്രാണകർമ്മത്തിൽ അവിടുത്തെ ആരും സഹായിക്കുകയില്ലേ?" ദുസ്സഹമായ മനോവ്യഥയോടെ ആ ക്രൂശിതനാഥൻ നിലവിളിച്ചു, "എനിക്കു ദാഹിക്കുന്നു"വെന്ന്. ശാരീരികദാഹം ശമിപ്പിക്കുന്നതിനുവേണ്ടിയുള്ള രോദനമായിരുന്നുവോ അത്? കുറച്ചൊക്കെ ആയിരിക്കാം. എന്നാൽ, വളരെ കൂടുതൽ അവിടുത്തേക്ക് അനുഭവപ്പെട്ടത് ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹമാണ്. "എനിക്കു ദാഹിക്കുന്നു. ആത്മാക്കളെ രക്ഷിക്കാനുള്ള ദാഹത്താൽ ഞാൻ എരിയുന്നു. ഈ മഹനീയവേലയിൽ എന്നെ സഹായിക്കു

വാൻ സന്നദ്ധതയുള്ള വളരെപ്പേരെ എനിക്കാവശ്യമുണ്ട്. അ ത്തരം ആളുകളെ ഇത്രനാൾ അന്വേഷിച്ചു. പക്ഷേ, ആരേയും ഞാൻ കണ്ടില്ല. ഇപ്പോഴെങ്കിലും കുറേപ്പേരെ കണ്ടെത്തുവാൻ സാധിക്കുമോ?" യുവജനങ്ങളേ, ഈശോയുടെ ആ അന്ത്യരോ ദനം നിങ്ങൾ കേൾക്കുവിൻ. ഹൃദയഭേദകമായ അവിടുത്തെ അഭ്യർത്ഥന നിങ്ങൾ ശ്രവിച്ച് അവിടുത്തെ ദാഹം ശമിപ്പി ക്കുവാൻ സന്നദ്ധരാകുവിൻ. ആത്മാക്കളെ രക്ഷിക്കുകയെന്ന ശ്രേഷ്ഠകൃത്യത്തിൽ അവിടുത്തെ സഹായിക്കുവാൻ നിങ്ങളെ ത്തന്നെ സമർപ്പിച്ചുകൊണ്ട് അവിടുത്തെ പ്രേഷിതരായി ത്തീരുവിൻ.

വി. ഫ്രാൻസിസ് സേവ്യർ ഇൻഡ്യയിൽ മിഷൻപ്രവ ർത്തനത്തിലേർപ്പെട്ടിരിക്കുകയിൽ ഒരിക്കൽ ഇപ്രകാരം എഴു തി: "യൂറോപ്പു സന്ദർശിച്ച് അവിടുത്തെ എല്ലാ സ്കൂളുകളി ലും കോളേജുകളിലും പ്രവേശിച്ച് അവയിൽ പഠിക്കുന്ന യു വജനങ്ങളോട്, ആത്മാക്കൾ നാശമടയുമ്പോൾ നിങ്ങളിങ്ങ നെ സമയം പാഴാക്കുന്നത് എന്തുകൊണ്ട്? നിങ്ങൾ ഇൻഡ്യ യിലേക്കു വന്ന് ആത്മാക്കളെ രക്ഷിക്കാൻ എന്നെ സഹായി ക്കുവിൻ, എന്നു വിളിച്ചുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു." ഇന്നാണു വി. ഫ്രാൻസിസ് ഇൻഡ്യയിൽ വേല ചെയ്തിരു ന്നതെങ്കിൽ, അദ്ദേഹം യൂറോപ്പിലേക്കു പോകുമായിരുന്നില്ല. മറിച്ച്, ഇൻഡ്യയിലെ സ്കൂളുകളിലും കോളെജുകളിലും കയ റിച്ചെന്നു യുവജനങ്ങളോട് അദ്ദേഹം നിലവിളിച്ചപേക്ഷി ക്കും: "യുവജനങ്ങളേ, വരുവിൻ. ആത്മാക്കളെ നേടുവാൻ എ ന്നെ സഹായിക്കുവിൻ" എന്ന്. എല്ലാവരും വൈദികന്മാരാ കണമെന്ന് ഇതുകൊണ്ട് അർത്ഥമാകുന്നില്ല. ക്രിസ്തുവിൻെറ അഭ്യർത്ഥന എല്ലാവരോടുമായിട്ടാണ്. വൈദികന്മാരും അല്മാ യരും, യുവാക്കളും വൃദ്ധരും, കോളെജ് വിദ്യാർത്ഥികളും ഫാക്ടറി ജോലിക്കാരും എല്ലാം ക്രിസ്തുവിൻെറ രാജ്യം വിസ്തൃതമാ ക്കുവാൻ കഴിവുപോലെ പ്രയത്നിക്കണം.

# 5. "എൻെറ പേരു ക്രിസ്ത്യാനി എന്നാണ്."

സഭയുടെ പ്രാരംഭകാലത്തു്, മതമർദ്ദനം നടമാടിയിരു ന്ന അവസരത്തിൽ, ഒരു യുവാവു്, ക്രിസ്ത്യാനിയായി എന്ന കുററത്തിനു് അറസ്ററു ചെയ്യപ്പെട്ടു. പടയാളികൾ അയാളെ കോർട്ടിൽ ഹാജരാക്കി. അയാളുടെ പേരെന്താണെന്നു് ന്യായാ ധിപൻ ചോദിച്ചു. ആ യുവാവു് തലകുനിച്ചുപിടിച്ചുകൊണ്ടു് ഒന്നും മിണ്ടാതെ നിന്നു. ന്യായാധിപൻ പരിഹാസപൂർവ്വം പ റഞ്ഞു: "ഒരു ഭീരുവിനെപ്പോലെ നീ തല കുനിക്കുന്നുവോ? അ ല്ല, നീ പേടിച്ചുവിറയ്ക്കുന്നോ? വേഗം മറുപടി പറയുക." ഉട നെ ആ യുവാവു് തലയുയർത്തി. കുലീനത ദ്യോതിപ്പിച്ച ആ മു ഖം പ്രസന്നമായി. യുവസഹജമായ ധീരതയാൽ ആ നയന ങ്ങൾ ഉജ്ജ്വലിച്ചു. ഭയലേശമെന്നിയേ, ഉയന്ന സ്വരത്തിൽ വ്യക്തമായി "എൻെറ പേർ ക്രിസ്ത്യാനി എന്നത്രേ" എന്നു് അയാൾ മറുപടി കൊടുത്തു. ഈ ഉത്തരം ന്യായാധിപനെ വെറി കൊള്ളിച്ചു. "അസത്തേ, എനിക്കറിയാം നീ ഒരു ക്രി സ്ത്യാനിയാണെന്നു്. അതിനുള്ള ശിക്ഷ താമസംവിനാ നീ അനുഭവിക്കും. നിൻെറ പേരാണു ഞാൻ ചോദിക്കുന്നതു്." ആ യുവാവു ശാന്തമായി പിന്നെയും "ക്രിസ്ത്യാനി" എന്നു മറുപടി നല്കി. ന്യായാധിപനെ ഇതു രോഷാകുലനാക്കി. "ഭടന്മാരേ, കൊരടാവുകൾ കൊണ്ടുവരുവിൻ. ഈ ധിക്കാരി ക്കു ബോധം നേരെ ആയിട്ടില്ല....എന്തെടാ, ചോദിക്കുന്നതിനു നീ മര്യാദയ്ക്കു് ഉത്തരം തരുമോ? അല്ലാത്തപക്ഷം ഈ തൂണി ന്മേൽ ബന്ധിച്ചിട്ടു ചമ്മട്ടികൾകൊണ്ടാണു് ഇനി ചോദി ക്കുവാൻ പോകുന്നതു്." ആ യുവാവു പറഞ്ഞു: "സർ, എ ൻെറ പേരു ക്രിസ്ത്യാനി എന്നാണ്. എനിക്കു വേറൊരു പേ രുമില്ല." ആ മറുപടിയിൽ തൽകാലം തൃപ്തിപ്പെട്ടുകൊണ്ടു്

ന്യായാധിപൻ ഒരു കടലാസ്സെടുത്ത് "ഈ യുവാവിൻെറ പേർ ക്രിസ്തൃാനി എന്നാകുന്നു." എന്നെഴുതി. പിന്നെ അദ്ദേഹം ചോദ്യം തുടർന്നു: "എവിടെയാണു നീ വസിക്കുന്നത്?" യുവാവു വീണ്ടും മൗനം അവലംബിച്ചു. കോപം സഹിക്കവയ്യാതെ ന്യായാധിപൻ ആ യുവാവിൻെറ ചെവിട്ടത്ത് ഒരടി കൊടുത്തിട്ടു ചോദിച്ചു: "എന്തെടാ മരക്കഴുതേ, ഞാൻ ചോദിക്കുന്നതു കേൾക്കാൻ പാടില്ലേ? വേഗം പറയുമോ ഉത്തരം?" ഇതുകൊണ്ടൊന്നും ആ യുവാവ് ഒട്ടും ഭയന്നില്ല. തലയുയർത്തി അയാൾ ധൈര്യപൂർവ്വം, "ഞാൻ ഒരു ക്രിസ്ത്യാനിയാണ്." എന്നു പിന്നെയും വിളിച്ചുപറഞ്ഞു. അയാളെ നിർദ്ദയം പീഡിപ്പിക്കുവാൻ, കോപവെറിപൂണ്ട ന്യായാധിപൻ ഭടന്മാർക്ക് ആജ്ഞ നല്കി. അവർ ആ യുവാവിനെ ഒരു തൂണിന്മേൽ വരിഞ്ഞുകെട്ടി, ചാട്ടകളും ചമ്മട്ടികളുംകൊണ്ടു പ്രഹരിക്കുവാൻ തുടങ്ങി. അയാളുടെ തൊലിയുരിയപ്പെട്ടു. മാംസം തുണ്ടുതുണ്ടായി മുറിഞ്ഞു ചിതറി! ശരീരമാകെ രക്തപങ്കിലമായി! ന്യായാധിപൻ പരിഹസിച്ചുകൊണ്ടു ചോദിച്ചു: "എന്താ!....ഇപ്പോൾ നിനക്കു സുബോധം വന്നോ? ഇപ്പോൾ പറയാമോ നീ എവിടെയാണു താമസിക്കുന്നതെന്നും എന്താണു നിൻെറ ജോലിയെന്നും?" ശേഷിച്ച ശക്തിയെല്ലാം സംഭരിച്ചുകൊണ്ട് ആ യുവാവ് ഉച്ചരിച്ചു: "ക്രിസ്ത്യാനി." ഇങ്ങനെ ന്യായാധിപൻെറ ചോദ്യങ്ങൾക്കെല്ലാം ആ യുവാവിൻെറ ഉത്തരം "ക്രിസ്ത്യാനി" എന്നു മാത്രമായിരുന്നു!

നമ്മളും ക്രിസ്ത്യാനികളാണ്. ഓരോ ക്രിസ്ത്യാനിയും ഓരോ അപ്പസ്തോലനാണ്. ക്രിസ്തുവിൻെറ രാജ്യം എല്ലായിടത്തും പരത്തുവാനും എല്ലാവരും അവിടുത്തെ അറിഞ്ഞു സ്നേഹിക്കുവാനും അവൻ പ്രയത്നിക്കണം.

ക്രിസ്തു തൻെറ ആദ്യശിഷ്യന്മാരോടെന്നപോലെ നിങ്ങളോടും അരുൾചെയ്യുന്നു: "ആകയാൽ നിങ്ങൾപോയി........ സകല ദേശങ്ങളിലും എൻെറ സുവിശേഷം പ്രസംഗിക്ക

വിൻ" എന്ന്. (മത്താ. 28: 19). അതേ, നിങ്ങൾ പോയി നിങ്ങളുടെ ചുററുമുള്ള ജനങ്ങളോടു ക്രിസ്തുമതത്തെപ്പററി പ്രസംഗിക്കുവിൻ.

"....ഭൂമിയുടെ അതിർത്തികൾവരേയും നിങ്ങൾ എനിക്കു സാക്ഷികളാകും" (നടപടി 1: 8). നിങ്ങൾ ക്രിസ്തുവിൻെറ സാക്ഷികളായിത്തീരുവിൻ. യേശുക്രിസ്തു ദൈവമാണെന്ന്, അവിടുത്തെ മതംമാത്രമാണ് സത്യമതമെന്ന്, പ്രസംഗത്താലും പ്രവൃത്തികളാലും നിങ്ങൾ സാക്ഷ്യം വഹിക്കുവിൻ. എവിടെയെല്ലാം പോയാലും എന്തുതന്നെ പ്രവർത്തിച്ചാലും നിങ്ങൾ ക്രിസ്തുവിൻെറ സാക്ഷികളായിരിക്കണം.

## "നിങ്ങൾ ലോകത്തിൻെറ പ്രകാശമാകുന്നു"

(മത്താ., 5: 14)

യുവജനങ്ങളേ, നിങ്ങൾ ഭാരതത്തിൻെറ മണിദീപങ്ങളാണ്. ആ ദീപങ്ങളെ പറയിൻകീഴ മറച്ചുവയ്ക്കരുത്. മറിച്ച്, അവ മനുഷ്യരുടെ മുമ്പാകെ പ്രകാശിക്കട്ടെ. നിങ്ങൾ വഴിയായിട്ടാണ നിങ്ങളുടെ സഹോദരസഹസ്രങ്ങൾ ക്രിസ്തുവിനെ അറിയേണ്ടത്. നിങ്ങളാണ്, ഭാരതത്തെ ക്രിസ്തുവിൻെറ രാജ്യമാക്കിത്തീർക്കേണ്ടവർ.

രണ്ടായിരം സംവത്സരങ്ങൾക്കുമുമ്പ് നമുക്കെല്ലാവർക്കും വേണ്ടി ക്രിസ്തു മരണമടഞ്ഞു. വിശാലമായ ഈ ഭാരതഭൂവിൽ വസിക്കുന്ന ഓരോരുത്തരുടേയും ആത്മാക്കൾക്കുവേണ്ടി അവിടുന്നു രക്തം ചിന്തി. എന്നാൽ, എന്തുകൊണ്ടാണ് ഭാരതം ഇന്നും ക്രൈസ്തവമായിട്ടില്ലാത്തത്? ബഹുഭൂരിപക്ഷം ജനങ്ങളും ക്രിസ്തുമതത്തെപ്പററി കേട്ടിട്ടുപോലുമില്ലെങ്കിൽ, ആരുടെ കുററംകൊണ്ട്?—തീർച്ചയായും അതു നമ്മുടെ കുററംനിമിത്തമാണ്—ക്രിസ്ത്യാനികളുടെ കുററം! ക്രിസ്തു പ്രതീക്ഷിച്ചു, തൻെറ ഓരോ അനുയായിയും ഓരോ അപ്പസ്തോലനാകുമെന്ന്; എല്ലാവരോടും തൻെറ സുവിശേഷം പ്രസംഗിക്കു

പ്പെട്ടമെന്ന്. എന്നാൽ, ക്രിസ്ത്യാനികളിൽ മിക്കവരും ഈ കടമ നിർവ്വഹിച്ചില്ല. അനാഗതസഹസ്രങ്ങളുടെ ദയനീയാവസ്ഥയെ അവർ അത്ര കൂട്ടാക്കിയില്ല. അവരെ സഹായിക്കുന്നതിനെപ്പററി ഒരുപക്ഷേ, അവർ വിചാരിക്കുകപോലും ചെയ്യുകാണുകയില്ല.

നമ്മുടെ അനാസ്ഥയെ ദൂരെയെറിഞ്ഞു്, ക്രിസ്തുവിൻെറ ഭരണം കൈവരുന്നതിനായി പ്രയത്നിക്കുന്നതാണെന്നു തീരുമാനിച്ചു ചുണയോടെ നാം ഇറങ്ങേണ്ടസമയം അതിക്രമിച്ചിരിക്കുന്നു.

ഒരു രാത്രിയിൽ വി. പൗലോസിന്് ഒരു സ്വപ്നമുണ്ടായി. മാസിഡോണിയാക്കാരനായ ഒരാൾ അദ്ദേഹത്തിൻെറ മുമ്പിൽ നിന്നുകൊണ്ടു കേണപേക്ഷിക്കുന്നു: "പൗലോസേ, വന്നു ഞങ്ങളേയും രക്ഷിക്കേണമേ!" എന്ന്. നമുക്കു സ്വപ്നത്തിൻെറ ആവശ്യമില്ല. മറിച്ച്, കണ്ണുകൾതുറന്നു നമ്മുടെ ചുററുമുള്ള ജനക്കൂട്ടത്തിലേക്ക് ഒന്നു നോക്കിയാൽമതി. ഒരുപക്ഷേ അവർ ഒന്നും ശബ്ദിക്കുന്നില്ലായിരിക്കാം. എന്നാൽ, അവരുടെ ആത്മാക്കൾ നമ്മോടു നിലവിളിക്കുന്നു: "നിങ്ങൾ വന്നു ഞങ്ങളെ സഹായിക്കുവിൻ, ഞങ്ങളെ രക്ഷിക്കുവിൻ" എന്ന്.

# II

# പ്രേഷിതപ്രവൎത്തനത്തിനുള്ള മാൎഗ്ഗങ്ങൾ

## 1. പ്രധാനമാൎഗ്ഗം: പ്രാർത്ഥന

ഒരു സംഭവം! എതൊരുഹൃദയത്തേയും കോരിത്തരിപ്പിക്കുവാൻ പോരുന്ന ഒരു ജീവിതകഥ. ഒരു കുടുംബനാഥൻ മരണാസന്നനായി. ഭക്താഭ്യാസങ്ങളൊക്കെ പണ്ടേ അയാൾ ഉപേ

ക്ഷിച്ചതാണ്. ദിവ്യബലിയിൽ സംബന്ധിക്കുന്നതിന് ഭാര്യയെപ്പോലും അയാൾ അനുവദിച്ചിരുന്നില്ല. വേദോപദേശക്ലാസ്സുകളിൽ കുട്ടികളേയും വിട്ടിരുന്നില്ല. എന്നാൽ, അന്നു പെട്ടെന്ന് എല്ലാവരേയും വിസ്മയിപ്പിക്കുമാറ്, മരണത്തിനുമുമ്പ് ഒരു വൈദികനെ കാണണമെന്ന് അയാൾ ആഗ്രഹം പ്രകടിപ്പിച്ചു. ഉടനെ ഭൃത്യൻ വൈദികനെ വിളിച്ചുകൊണ്ടുവരുവാൻ ദൈവാലയത്തിലേക്കു പാഞ്ഞു. ഒരു ദീർഘയാത്രകഴിഞ്ഞു് വൈദികൻ സ്ഥലത്തു് എത്തിയതേ ഉണ്ടായിരുന്നുള്ളു. വിവരം അറിഞ്ഞപ്പോൾ അദ്ദേഹത്തിന് അത്ഭുതമാണുണ്ടായതു്. യാത്രാക്ലേശം വകവയ്ക്കാതെ ദ്രുതഗതിയിൽ അദ്ദേഹം രോഗിയുടെ സമീപത്തെത്തി. ദൈവവുമായി രമ്യപ്പെടണമെന്ന് ആ മരണാസന്നൻ സ്വമനസാ ആവശ്യപ്പെടുന്നതു കേട്ടപ്പോൾ വൈദികന്റെ വിസ്മയം വർദ്ധിച്ചു. അദ്ദേഹം അയാളെ കുമ്പസ്സാരിപ്പിച്ചു; പിറേറ്റിവസം കുർബാനകഴിഞ്ഞു് ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊണ്ടുവരാമെന്നു വാഗ്ദാനവും ചെയ്തു. അടുത്തദിവസം വൈദികൻ തിരുപ്പാഥേയവുമായി വന്നു. രോഗിയുടെ മുറി സിൽക്കുതിരശ്ശീലകളാൽ ഭംഗിയായി അലങ്കരിക്കപ്പെട്ടിരുന്നു. അയാളുടെ കട്ടിലിനടുത്തു പൂക്കൾകൊണ്ടലങ്കരിച്ച ഒരു ചെറിയ അൾത്താര സജ്ജമാക്കിയിട്ടുണ്ടായിരുന്നു. പതിവുള്ള പ്രാർത്ഥനകൾ ചൊല്ലി അദ്ദേഹം രോഗിക്കു ദിവ്യകാരുണ്യം നല്കി. ആ സമയത്തു മുറിയുടെ ഒരു മൂലയിൽ വയസ്സനായ ഒരു ഭൃത്യൻ മുട്ടിന്മേൽനിന്നു കരയുന്നതു രോഗി കണ്ടു. എന്തുകൊണ്ടാണയാൾ കരയുന്നതെന്നു താഴ്ന്നസ്വരത്തിൽ അദ്ദേഹം ചോദിച്ചു. അപ്പോൾ ആ വൃദ്ധൻ പറഞ്ഞു: "ഹാ! എന്റെ യജമാനനേ, സങ്കടംകൊണ്ടല്ല ഞാൻ കരയുന്നതു്; മറിച്ച്, സന്തോഷംകൊണ്ടാണ്, എന്തുകൊണ്ടെന്നാൽ, ഇരുപതുകൊല്ലം കഴിഞ്ഞിരിക്കുന്നു ഞാൻ അവിടുത്തെ സേവിക്കുവാൻ തുടങ്ങിയിട്ട്. ഈനാളുകളൊക്കെ അവിടുത്തേക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചുപോ

ന്നു. അവിടുന്നു ദൈവത്തിങ്കലേക്കു തിരിച്ചുവരുന്നതു കാണാതെ മരിക്കാതിരിക്കാൻവേണ്ടി, എന്നും ഞാൻ വി. കുർബാനയിൽ സംബന്ധിക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തുപോന്നു. ഇന്നിതാ ആ മാഹാഭാഗ്യം എനിക്കു കൈവന്നിരിക്കുന്നു. ഇനി ഞാൻ സമാധാനത്തോടേ മരിച്ചുകൊള്ളാം."

ആത്മാക്കളെ രക്ഷിക്കുവാൻ അനവധി മാർഗ്ഗങ്ങളുള്ളതിൽ പ്രഥമവും പ്രധാനവുമായതു പ്രാർത്ഥനയാണ്, നമ്മുടെ കർത്താവുതന്നെ നമുക്ക് ഈ വിഷയത്തിൽ മാതൃക കാണിച്ചുതന്നിട്ടുണ്ട്. ആത്മാക്കളെ രക്ഷിക്കണമെന്നുള്ള ഏകോദ്ദേശ്യത്തോടെയാണല്ലോ അവിടുന്നു മനുഷ്യാവതാരം ചെയ്തതു്. എങ്കിലും, മുപ്പതുകൊല്ലത്തോളം അവിടുന്നു നസ്രസ്സിൽ ഒരു തച്ചനായി ജോലിചെയ്തുകൊണ്ടു് അജ്ഞാതനായി ജീവിച്ചു. "ഈശോയേ, അവിടുന്നെന്താണീ ചെയ്യുന്നതു്? മരപ്പണിയിലേർപ്പെട്ടു് അവിടുത്തേ വിലയേറിയ സമയം ഇങ്ങനെ പാഴാക്കുന്നതെന്തുകൊണ്ടു്? അവിടുന്നു ലോകത്തിൻെറ രക്ഷകനാണെന്ന വസ്തുത വിസ്മരിച്ചുവോ? അങ്ങെത്തന്നെ ലോകത്തിനു വെളിപ്പെടുത്തിയാലും." ഇല്ല; തൻെറ കർത്തവ്യം വിസ്മരിച്ചിട്ടില്ല. താൻ ലോകത്തെ രക്ഷിക്കുവാനാണു വന്നിരിക്കുന്നതു് എന്ന ചിന്ത സദാ അവിടുത്തേ മനസ്സിലുണ്ടു്. എങ്കിലും ആത്മാക്കളെ നേടുവാൻ പ്രഥമമായ മാർഗ്ഗം പ്രാർത്ഥനയാണെന്നു കാണിക്കുവാൻ അവിടുന്നാഗ്രഹിച്ചു. തൻെറ പരസ്യജീവിതകാലത്തു കർമ്മോദ്യുക്തമായ പ്രവർത്തനംവഴിയായിട്ടെന്നതുപോലെതന്നെ ഫലപ്രദമായി നസ്രസ്സിലേ ആ നിഗൂഢവാസത്തിനിടയിൽ പ്രാർത്ഥനകൊണ്ടു് അവിടുന്നു് ആത്മാക്കളെ രക്ഷിച്ചു. പരസ്യമായ പ്രേഷിതവൃത്തിക്ക് മൂന്നു വർഷംമാത്രം വിനിയോഗിച്ച അവിടുന്നു പ്രാർത്ഥനവഴിയുള്ള പ്രേഷിതവൃത്തിക്കു മുപ്പതു സംവത്സരങ്ങൾ ചെലവഴിച്ചെങ്കിൽ രണ്ടാമത്തേതു് ആദ്യത്തേതിനെക്കാൾ എത്ര കൂടുതൽ

പ്രാധാന്യമർഹിക്കുന്നില്ല? ആത്മാക്കളെ രക്ഷിക്കുന്നതിന് ഏററവും പ്രധാനമായ മാർഗ്ഗം പ്രാത്ഥനയാണ്. എന്തുകൊണ്ടെന്നാൽ, ഒരു പാപി മാനസാന്തരപ്പെടുവാൻ പ്രസാദവരം കൂടിയേ തീരൂ. ഈ പ്രസാദവരം നമ്മുടെ മതസത്യങ്ങളെ ശരിയായി ഗ്രഹിക്കുവാൻ ബുദ്ധിക്കു പ്രകാശവും അവയെ ആശ്ലേഷിക്കുവാൻ മനസ്സിനു ധൈര്യവും പ്രദാനംചെയ്യുന്ന ഒരു ദൈവദാനമാണ്. ഈ വരം നല്കുവാൻ ദൈവത്തിനു മാത്രമേ സാധിക്കൂ. എന്നാൽ, സാധാരണമായി അതാർക്കാണ് അവിടുന്നു നല്കുക? പ്രാത്ഥിക്കുന്നവർക്ക്. എത്ര കൂടുതൽ നാം പ്രാർത്ഥിക്കുന്നുവോ അത്ര അധികമായി അതു നല്കപ്പെടും. അങ്ങനെ അനവധി ആത്മാക്കൾ രക്ഷ പ്രാപിക്കുകയുംചെയ്യും. ഇതിനാലാണു വി. പൗലോസ് വി. തിമോത്തിക്കെഴുതിയതു്: എല്ലാററിനുംമുമ്പായി, പ്രാത്ഥനയും അപേക്ഷയും യാചനയും സ്തോത്രവും എല്ലാമനുഷ്യർക്കുംവേണ്ടി ദൈവത്തിനു നീ സമർപ്പിക്കണമെന്നു നിന്നോടു ഞാൻ അപേക്ഷിക്കുന്നു.......സകല മനുഷ്യരും രക്ഷ പ്രാപിക്കണമെന്നും സത്യത്തിൻെറ അറിവിലേക്കു തിരിയണമെന്നും ഇച്ഛിക്കുന്ന നമ്മുടെ രക്ഷകനായ ദൈവത്തിൻെറ സന്നിധിയിൽ ഇതു നല്ലതും കൂടുതൽ സ്വീകാര്യവുമാകുന്നു" (1 തിമോ. 2: 1–4). എല്ലാവരുടേയും രക്ഷയ്ക്കായി പ്രാത്ഥിക്കണമെന്നു മേല്പറഞ്ഞ വാക്യങ്ങൾവഴി ക്രിസ്ത്യാനികളോടു വി. അപ്പസ്തോലൻ ഉപദേശിക്കുന്നു. ഇതു് അവരുടെ ഒന്നാമത്തെ ചുമതലയായിട്ടാണ് അദ്ദേഹം നിർദ്ദേശിച്ചിട്ടുള്ളതു്. "എല്ലാററിനും മുമ്പായി" എന്ന് അദ്ദേഹം എടുത്തു പറയുന്നു. ഇതു് അവരുടെ ചുമതലയാണെന്നു ചൂണ്ടിക്കാണിക്കുന്നതുകൊണ്ടുമാത്രം അദ്ദേഹം തൃപ്തിയടയുന്നില്ല. വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ചുമതലയാണെന്നു കാണിക്കുവാൻ, "അപേക്ഷിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു് ഈ കത്തവ്യം നിവ്വഹിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. തന്നെയുമല്ല, ഒരു വാക്കുകൊണ്ടുമാ

KOTTAYAM PUBLIC LIBRARY KOTTAYAM
39133
1744

ത്രം ഈ ചുമതലയുടെ ആവശ്യകതയും പ്രാധാന്യവും വെളിപ്പെടുത്തുവാൻ സാധിക്കുകയില്ലാതിരുന്നതുപോലെ പ്രാർത്ഥനകൾ, അപേക്ഷകൾ, യാചനകൾ എന്നു തുടങ്ങിയ പല വാക്കുകളും ഒന്നിനു പിറകെ ഒന്നായി അദ്ദേഹം ഉപയോഗിക്കുന്നു.

അതിനാൽ, ലോകത്തിന്റെ രക്ഷയ്ക്കും ഭാരതത്തിന്റെ മാനസാന്തരത്തിനുമായി നിങ്ങൾ പ്രാർത്ഥിക്കുവിൻ. പലപ്പോഴും നിങ്ങൾ പ്രാർത്ഥിക്കുന്നുണ്ട്. എന്നാൽ എന്തിനുവേണ്ടി? പരീക്ഷയിൽ ജയിക്കുവാൻ, ആരോഗ്യം കിട്ടുവാൻ, ഒരു നല്ല ഉദ്യോഗം ലഭിക്കുവാൻ, അല്ലെങ്കിൽ, ലൗകികമായ മററെന്തെങ്കിലും നന്മ കൈവരുവാൻ. എന്നാൽ, മേലിൽ ലൗകികനന്മകൾക്കായി എന്നതിനെക്കാൾ പാപികൾ മനസ്സുതിരിയുന്നതിനും ക്രിസ്തുവിന്റെ രാജ്യം ഈലോകത്തിൽ വേഗം വരുന്നതിനുമായി നിങ്ങൾ പ്രാർത്ഥിപ്പിൻ.

വളരെ അഗ്രഹിച്ചിരിക്കുന്ന ഒരു കാര്യം സാധിച്ചുകിട്ടുവാൻ എത്ര ഉത്സാഹത്തോടും ഭക്തിയോടുംകൂടെ നിങ്ങൾ പ്രാർത്ഥിക്കുന്നു! പബ്ളിക്കുപരീക്ഷ സമീപിക്കുമ്പോൾ എത്ര തീക്ഷ്ണതയോടെയാണു നിങ്ങൾ പ്രാർത്ഥിക്കുന്നത്? നമ്മുടെ കർത്താവിനോടു മാത്രമല്ല സകല വിശുദ്ധരോടും നിങ്ങൾ അപേക്ഷിക്കുന്നു. അവരുടെ ബഹുമാനത്തിനായി എത്രയെത്ര നൊവേനകളും പ്രത്യേകപ്രാർത്ഥനകളും നിങ്ങൾ കഴിക്കുന്നു!! എന്നാൽ പരീക്ഷാവിജയത്തെക്കാൾ കൂടുതലായി നിങ്ങളാഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യേണ്ടതായ ഒന്നാണ്, ക്രിസ്തു അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുക. അതിനായി നിങ്ങൾ പ്രാർത്ഥിക്കണം. ശ്രദ്ധയോടും തീക്ഷ്ണതയോടുംകൂടെ പ്രാർത്ഥിക്കണം. ദിവസത്തിൽ പലപ്രാവശ്യം നിങ്ങളുടെ ഹൃദയത്തിൽനിന്നു സ്വർഗ്ഗത്തിലേക്കുയരട്ടെ, "ഈശോയുടെ പരിശുദ്ധഹൃദയമേ, ഭാരതത്തിൽ നിന്റെ രാജ്യം വരേണമേ" എന്ന പ്രാർത്ഥന.

39133



1871 ജനുവരി 21-ാം തീയതി ദിവ്യകന്യക ഫ്റാൻസിൽ 'പോൺഡ്മെയിൽ' എന്ന ഒരു ചെറിയ പട്ടണത്തിൽ രണ്ടു കുട്ടികൾക്കു കാണപ്പെട്ടു. സ്വർണ്ണഖചിതമായ ഒരു നീലയങ്കി അവൾ ധരിച്ചിരുന്നു. നക്ഷത്രങ്ങൾ പതിച്ചിട്ടുള്ള ഒരു സ്വർണ്ണക്കിരീടം ശിരസ്സിൽ ചൂടിയിട്ടുണ്ടായിരുന്നു. നീണ്ട ഒരു വെള്ളവസ്ത്രം കൈകളിൽ പിടിച്ചിരുന്നു. ക്രമേണ സ്വർണ്ണനിർമ്മിതമായ ഏതാനും അക്ഷരങ്ങൾ ഓരോന്നോരോന്നായി ആ വെള്ളവസ്ത്രത്തിൽ വന്നു പതിഞ്ഞുതുടങ്ങി. അതൊരു വാചകമായിത്തീർന്നു. കുട്ടികൾ അതു വായിച്ചു, "എൻെറ കുഞ്ഞുങ്ങളേ, നിങ്ങൾ പ്രാർത്ഥിക്കുവിൻ."

ആത്മാക്കളുടെ രക്ഷയ്ക്കും ലോകത്തിൻെറ മാനസാന്തരത്തിനുമായി നിങ്ങൾ പ്രാർത്ഥിക്കുവിൻ. "ഈശോയുടെ പരിശുദ്ധ ഹൃദയമേ, ഇൻഡ്യയിൽ നിൻെറ രാജ്യം വരേണമേ."

## പ്രാർത്ഥിച്ചതു പോരാ

കുറേക്കൊല്ലങ്ങൾക്കു മുമ്പു വളരെ അപ്രതീക്ഷിതമായ ഒരു സംഭവം നടന്നു—പതിനൊന്നാം പീയൂസ് മാർപ്പാപ്പാ വി. കൊച്ചുത്രേസ്യായെ വി. ഫ്റാൻസിസ് സേവ്യറിനോടൊപ്പം മിഷൻപ്രവർത്തനങ്ങളുടെ പൊതുമദ്ധ്യസ്ഥയായി പ്രഖ്യാപിച്ചു. വളരെപ്പേർ ഇതിൽ വിസ്മയം പ്രകടിപ്പിച്ചു: "വി. ഫ്റാൻസിസ് സേവ്യർ രാജ്യങ്ങളിൽനിന്നു രാജ്യങ്ങളിലേക്കു കടന്നു ലോകത്തിൻെറ അതിർത്തികൾവരെയും പോയി, ക്രിസ്തുവിൻെറ സുവിശേഷം പ്രസംഗിക്കുവാൻ. സമുദ്രങ്ങളും പർവ്വതനിരകളും അദ്ദേഹം പിന്നിലാക്കി, സത്യമതം പ്രചരിപ്പിക്കുവാൻ. രാപകൽ ഇളവില്ലാതെ അദ്ദേഹം പ്രസംഗിക്കുകയും പഠിപ്പിക്കുകയും ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു. വി. കൊച്ചുത്രേസ്യായാകട്ടെ, അങ്ങനെയൊന്നും ചെയ്തിട്ടില്ല. മഠത്തിനുള്ളിൽത്തന്നെ സദാ ജീവിച്ചു. ഇരുപത്തിനാലാമത്തെ വയസ്സിൽ മരണമടഞ്ഞ ആ സന്യാസിനിയിൽ ഒരു മിഷനറിക്കു ചേർന്ന എന്തു യോഗ്യതകളാണുള്ളത്?" മാർ

1744 39133

പ്പാപ്പായുടെ സമാധാനം ഇപ്രകാരമാണ്: "നിങ്ങൾക്കു തെററിപ്പോയി. ദീർഘയാത്രകളാലും വേദപ്രസംഗങ്ങളാലും വി. ഫ്രാൻസിസ് സേവ്യർ ആത്മാക്കളെ രക്ഷിച്ചതുപോലെതന്നെ, വി. കൊച്ചുത്രേസ്യാ തന്റെ പ്രാർത്ഥനകൾവഴി ആത്മാക്കളെ രക്ഷിച്ചു."

ആകയാൽ, ഇൻഡ്യയുടെ മാനസാന്തരത്തിനും ലോകത്തിന്റെ രക്ഷയ്ക്കുമായി തീക്ഷ്ണതയോടുകൂടെ നിങ്ങൾ പ്രാർത്ഥിക്കുവിൻ.

## സ്ഥിരതയോടേ പ്രാർത്ഥിപ്പിൻ

ഒരു കൊച്ചുകുട്ടി കുറച്ചുനാൾമുമ്പ് എനിക്കെഴുതി: "പ്രിയ അച്ചാ, അന്ന് അങ്ങു ഞങ്ങളോടു പറഞ്ഞതുപോലെ ഞാൻ ചെയ്തു. ഇപ്പോൾ ഇരുപതു ദിവസമായി എന്റെ ഒരു അകത്തോലിക്കസ്നേഹിതനുവേണ്ടി ഞാൻ പ്രാർത്ഥിക്കാൻ തുടങ്ങിയിട്ട്. എന്നാൽ, ഇതുവരെയായിട്ടും അയാൾ മാനസാന്തരപ്പെട്ടിട്ടില്ലല്ലോ." ഞാൻ മറുപടി എഴുതി: "പ്രിയ കുഞ്ഞേ, നീ ഇരുപതു ദിവസം പ്രാർത്ഥിച്ചു, അല്ലേ? കൊള്ളാം. പക്ഷേ, അതുകൊണ്ടായില്ല. തുടർന്നു പ്രാർത്ഥിക്കുക. ആവശ്യമെങ്കിൽ ഇരുപതു ദിവസമല്ല ഇരുപതു വർഷംതന്നെയും പ്രാർത്ഥിക്കണം. അപ്പോൾക്കാണാം കുഞ്ഞിന്റെ കൂട്ടുകാരൻ മനസ്സുതിരിയുന്നത്."

വി. അഗുസ്തീനോസിന്റെ മാതാവായ വി. മോനിക്കായെപ്പററി നിങ്ങൾ കേട്ടിട്ടില്ലേ? വി. അഗുസ്തീനോസ് ചെറുപ്പംമുതൽ വളരെ വഷളായ ഒരു ജീവിതം നയിച്ചുപോന്നു. അദ്ദേഹത്തിന്റെ മാനസാന്തരത്തിനായി വി. മോനിക്കാ അഞ്ചുവർഷം പ്രാർത്ഥിച്ചു. ഒരു ഫലവുമുണ്ടായില്ല. പിന്നെയും അഞ്ചുകൊല്ലംകൂടെ പ്രാർത്ഥിച്ചു. എന്നിട്ടും അവളുടെ പ്രാർത്ഥനകൊണ്ട് ഒരു ഗുണവുമുണ്ടായില്ല. പതിനഞ്ചുകൊല്ലം പ്രാർത്ഥിച്ചു. എന്നിട്ടും അവളുടെ പ്രാർത്ഥന ദൈവം സ്വീക

39133

രിച്ചതായി കാണപ്പെട്ടില്ല. എങ്കിലും പ്രത്യാശനിറഞ്ഞ ഹൃദയത്തോടേ മോനിക്കാ പ്രാത്ഥന തുടർന്നു. അവസാനം, ഇരുപതു സംവത്സരം കഴിഞ്ഞപ്പോഴാണ് അഗുസ്തീനോസ് മാനസാന്തരപ്പെട്ടതു്. ആ വത്സലമാതാവിൻെറ നിരാശ തീണ്ടാത്ത നിരന്തരപ്രാത്ഥനയാണ് ഒരു വലിയ വിശുദ്ധനെ നമുക്കു സ്വർഗ്ഗത്തിൽ നേടിത്തന്നതു്. ആത്മാക്കളുടെ രക്ഷയ്ക്കായി നിങ്ങളും വി. മോനിക്കായെപ്പോലെ പ്രാത്ഥിക്കണം.

## പ്രത്യാശയോടേ പ്രാത്ഥിപ്പിൻ

യാതൊരു പ്രാർത്ഥനയും നിഷ്ഫലമായിപ്പോവുകയില്ല. നമ്മുടെ എല്ലാ പ്രാത്ഥനകളും ശ്രവിക്കപ്പെടുമെന്നു നമ്മുടെ കത്താവു് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുണ്ടു്. "നിങ്ങൾ എൻെറ നാമത്തിൽ എന്നോടു് എന്തുതന്നെ ചോദിച്ചാലും അതു നിങ്ങൾക്കു ഞാൻ തരും" (യോഹ. 14: 14). "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ എൻെറ നാമത്തിൽ എൻെറ പിതാവിനോടു ചോദിക്കുന്നതൊക്കെയും അവൻ നിങ്ങൾക്കു സാധിച്ചു തരും"(യോഹ.16: 23). "അതിനാൽ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ ദൈവത്തോടു പ്രാത്ഥിക്കുന്നതൊക്കെയും ലഭിക്കുമെന്നു നിങ്ങൾ വിശ്വസിക്കുവിൻ. അപ്പോൾ അതു നിങ്ങൾക്കു കിട്ടും" (മർക്കോസ്, 11: 24). അങ്ങനെയെങ്കിൽ അശരണരാകാതെ പ്രത്യാശയോടേ നിങ്ങൾ പ്രാത്ഥിപ്പിൻ. എത്ര കൂടുതൽ നിങ്ങൾ ശരണപ്പെടുന്നുവോ അത്രയ്ക്കു ശക്തിമത്തായിരിക്കും നിങ്ങളുടെ പ്രാത്ഥനകൾ; അതനുസരിച്ചു കൂടുതൽ ആത്മാക്കളെ നിങ്ങൾ രക്ഷിക്കുകയും ചെയ്യും.

വി. കൊച്ചുത്രേസ്യാ ഒരിക്കൽ കോവണിപ്പടികൾ കയറിപ്പോവുകയിൽ നിലത്തു് ഒരു വൈക്കോൽക്കഷണം കിടക്കുന്നതു കണ്ടു. പുണ്യവതി അതു കുനിഞ്ഞെടുക്കുകയിൽ, അതിനു പകരമായി ഒരു ആത്മാവിനെ രക്ഷിക്കണമെന്നു ന

മ്മുടെ കർത്താവിനോടാവശ്യപ്പെട്ടു. ഒന്നല്ല, "ഒരായിരം ആത്മാക്കളെത്തന്നെയും നീ അവശ്യപ്പെട്ടിരുന്നെങ്കിൽ അവയെ നിനക്കു ഞാൻ നല്കിയേനേ" എന്നു് ഉടനെ ഈശോ പറയുന്നതു കേൾക്കുവാൻ അവൾക്കു ഭാഗ്യമുണ്ടായി. അതുകൊണ്ട്, നിങ്ങളും വളരെയധികം ആത്മാക്കളെ നിങ്ങൾക്കു തരേണമെന്നു നമ്മുടെ കർത്താവിനോടു ധൈര്യപൂർവ്വം അഭ്യർത്ഥിക്കുവിൻ. തീർച്ചയായും അവിടുന്നു നിങ്ങളുടെ പ്രാർത്ഥന ശ്രവിക്കാതിരിക്കുകയില്ല.

നിങ്ങളുടെ പ്രാർത്ഥനയുടെ ഫലം ഈ ലോകത്തുവച്ചു നിങ്ങൾ കണ്ടില്ലെന്നു വരാം. എന്നാൽ, പരലോകത്തുവച്ചു നിങ്ങളതു കാണാതിരിക്കുകയില്ല. നിങ്ങളുടെ നിരന്തരപ്രാർത്ഥനകൾവഴി എത്രയെത്ര ആത്മാക്കളാണു സ്വർഗ്ഗത്തിൽ എത്തിച്ചേർന്നിരിക്കുന്നതെന്നുകണ്ടു് അപ്പോൾ നിങ്ങൾ അത്ഭുതപ്പെടും; അനവരതം നിങ്ങൾക്കതു സന്തോഷഹേതുവായിരിക്കുകയും ചെയ്യും. ഒരിക്കൽ ഒരു ഹിന്ദുയുവാവു് എന്റെ പക്കൽവന്നു മാമ്മോദീസാ നല്കണമെന്നാവശ്യപ്പെട്ടു. അവൻ സ്വമേധയാ വന്നതാണു്. അതിനുമുമ്പൊരിക്കലും മതത്തെക്കുറിച്ചു് അവനുമായി ഞാൻ സംസാരിച്ചിട്ടുണ്ടായിരുന്നില്ല. അതു പ്രസാദവരത്തിന്റെ പ്രവൎത്തനമായിരുന്നു. ഈ മാനസാന്തരം സാധിച്ചതു്, ഹിന്ദുക്കളുടെ മാനസാന്തരത്തിനായി വിദൂരസ്ഥലത്തു് എവിടെയോ വല്ല കുട്ടിയും ശ്രദ്ധാന്തിപൂർവ്വം പ്രാർത്ഥിച്ചിരുന്നതുകൊണ്ടല്ലയോ?

പണ്ടൊരിക്കൽ എസക്കിയേൽ ദീർഘദർശിക്കു് ഒരു സ്വപ്നമുണ്ടായി. ഉണങ്ങിവരണ്ട അസ്ഥിക്കൂടങ്ങൾനിറഞ്ഞ വിശാലമായ ഒരു മൈതാനം അദ്ദേഹം കണ്ടു. ഇടിമുഴക്കംപോലെ ഒരു സ്വരം ആകാശത്തുണ്ടായി. അദ്ദേഹം ചെവിയോർത്തു. ഹാ! അതു ദൈവത്തിന്റെ സ്വരമാണു്. "മനുഷ്യാ, പറയൂ, നീ വിചാരിക്കുന്നുണ്ടോ ഉണങ്ങിവരണ്ട ഈ അസ്ഥിക്കൂടങ്ങൾ ജീവൻ പ്രാപിക്കുമെന്നു്?" ദീർഘദർശി മറുപടി

പറഞ്ഞു: "ഓ! ദൈവമായ കർത്താവേ, അവിടുന്ന് അറിയുന്നു വല്ലോ." "എന്നാൽ, ഈ അസ്ഥികളോടു പ്രവചിച്ചു പറയുക, വരണ്ട അസ്ഥികളേ, കർത്താവിന്റെ വചനം ശ്രവിക്കുവിൻ.... വീണ്ടും ജീവൻ പ്രാപിക്കുവിൻ" എന്ന്. ദൈവം ആജ്ഞാപിച്ചതുപോലെ ദീർഘദർശി പ്രവചിച്ചുപറഞ്ഞു. അപ്പോൾ ഒരു വലിയ ശബ്ദകോലാഹലം അന്തരീക്ഷത്തിൽ മാറെറാലിക്കൊണ്ടു. എല്ലുകളെല്ലാം അതതിന്റെ സ്ഥാനങ്ങളിൽ കൂടിച്ചേരുന്ന ബഹളം! ഉടനെ മാംസവും തൊലിയും വന്ന് അസ്ഥികളെ മൂടി. അപ്പോൾ അവ മനുഷ്യശരീരങ്ങളായി. പക്ഷേ, അവയവിടെത്തന്നെ കിടക്കുകയാണ്; കാരണം, ഒന്നിനും ജീവനില്ല. ദൈവം ആജ്ഞാപിച്ചതനുസരിച്ചു ദീർഘദർശി വീണ്ടും പ്രവചിച്ചുപറഞ്ഞു: "ആത്മാക്കളേ, നിങ്ങൾ വന്ന് ഇവയിൽ പ്രവേശിക്കുവിൻ. അവ വീണ്ടും ജീവൻ പ്രാപിക്കട്ടെ." ഉടനെ ആ ദേഹങ്ങൾ ചലിച്ചുതുടങ്ങി, അവർ പിടഞ്ഞെഴുന്നേററുനിന്നു—എത്രയോ വലിയ ഒരു സൈന്യം! (എസക്കിയേൽ, 37: 1–12).

ആത്മീയമായി മരിച്ചു ശാരീരികമായിമാത്രം ജീവിക്കുന്നവരുടെ സാദൃശ്യമാണ് ആ ഉണങ്ങിവരണ്ട അസ്ഥിക്കൂടങ്ങൾ. അവരുടെ ആത്മാക്കൾക്കു ദൈവവിശ്വാസമില്ല, പരസ്നേഹമില്ല, പ്രസാദവരജീവനുമില്ല. ആത്മാക്കളുടെ ജീവനാണു ദൈവപ്രസാദവരം. ഉണങ്ങിവരണ്ട എല്ലുകളെ കൂട്ടിയോജിപ്പിച്ച് അവയ്ക്കു ജീവൻ നല്കാൻ ദൈവത്താൽ മാത്രമേ സാധ്യമാകൂ. അതുപോലെ, മൃതരായ ആത്മാക്കൾക്കു പ്രസാദവരം നല്കി അവയെ ജീവിപ്പിക്കുവാനും അവിടുത്തേക്കു മാത്രമേ സാധിക്കൂ. എന്നാൽ, അപ്രകാരം പ്രവർത്തിക്കുന്നതിനു മനുഷ്യരുടെ സഹായം അവിടുത്തേക്കാവശ്യമാണ്. എസക്കിയേൽ ദീർഘദർശി പ്രാർത്ഥിച്ചതിനുശേഷം മാത്രമാണു ദൈവം അസ്ഥിക്കൂടങ്ങൾക്കു ജീവൻ പ്രദാനം ചെയ്തതു്. അതുപോലെ നാമും പ്രാർത്ഥിക്കണം, ദൈവം പാപികൾക്കു പ്രസാദ

KOTTAYAM PUBLIC LIBRARY KOTTAYAM

വരജീവൻ നല്കണമെങ്കിൽ. അതേ, ഭാരതം മാനസാന്തരപ്പെടണമെങ്കിൽ അതിനായി നാം ധാരാളം പ്രാൎത്ഥിക്കണം. പ്രാൎത്ഥനയുടെ ശക്തി എന്തുമാത്രമെന്നു നിങ്ങൾ ഗ്രഹിച്ചു കഴിഞ്ഞു. അനാഗതരുടെ ആഗമനത്തിനായി തീക്ഷ്ണതയോടേ എപ്പോഴും നിങ്ങൾ പ്രാർത്ഥിക്കുവിൻ. പ്രത്യേകിച്ചു്, നിങ്ങൾ പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കുവിൻ, അവരിൽ വന്നിറങ്ങി അവരുടെ ബോധത്തെ പ്രകാശിപ്പിക്കുവാൻ. പ്രാൎത്ഥിക്കുവിൻ; നിരന്തരം പ്രാൎത്ഥിക്കുവിൻ; അപ്പോൾ ഇൻഡ്യ നവീകരിക്കപ്പെടും; അതു ക്രിസ്തുവിന്റെ രാജ്യമായിത്തീരും.

## ദിവ്യകാരുണ്യസ്വീകരണം

ഒരു ദിവസം ഒരു വൈദികൻ ദിവ്യകാരുണ്യവും വഹിച്ചുകൊണ്ടു് ഒരു ഗവണ്മേൻറാസ്പത്രിയുടെ കോവണിപ്പടികൾ കയറി നിശ്ശബ്ദനായി കടന്നുപോവുകയായിരുന്നു. ഒരു അവിശ്വാസിയായിരുന്ന പ്രധാനഡോക്ടർ അദ്ദേഹത്തെ കണ്ടപ്പോൾ പരിഹാസദ്യോതകമായ ഒരു ചിരിയാൽ തന്റെ അവിശ്വാസം പ്രകടിപ്പിച്ചു. അരമണിക്കൂർ കഴിഞ്ഞു് 5-ാം നമ്പർ മുറിയിൽ ഡോക്ടർ എത്തി. ഏകദേശം പതിനഞ്ചു വയസ്സു പ്രായമുള്ള ജെയിംസ് അവിടെ ഒരു കട്ടിലിൽ നിശ്ചലനായി നിവർന്നു കിടപ്പുണ്ടു്. ക്ഷീണിച്ചു വെളുത്തുവിളറിയ മുഖം. അവന്റെ കൈകളിലും കാലുകളിലും വച്ചുകെട്ടുകൾ പലതുണ്ടു്. ഈ രോഗിയുടെ പക്കലേക്കാണു കുറച്ചു സമയംമുമ്പു തുപ്പാഥേയം സംവഹിക്കപ്പെട്ടതു്. ഇപ്പോഴും ജെയിംസ് ഉപകാരസ്മരണ നടത്തുകയാണു്. വേദന ക്ഷമയോടേ സഹിക്കുന്നതിനു മനോധൈര്യം നല്കുവാൻ നമ്മുടെ കൎത്താവിനോടു് അവൻ പ്രാൎത്ഥിച്ചു. കത്തോലിക്കാസഭയുടെ അഭ്യുദയത്തിനും പാപികളുടെ മാനസാന്തരത്തിനുമായി തന്റെ ജീവിതത്തെ അവൻ കാഴ്ചവച്ചു.

ഡോക്ടർ അടുത്തുചെന്നു് വച്ചുകെട്ടുകൾ അഴിച്ചുനീ

ക്കി. “ഇതെന്തൊരു മുറിവ്!” ഡോക്ടർ ആത്മഗതം ചെയ്തു. “ഇതു് ഒരിക്കലും സുഖപ്പെടുകയില്ല. എന്റെ ഈ വച്ചുകെട്ടൽ അവസാനത്തേതായിരിക്കും.” ഡോക്ടർ രോഗിയുടെ ഒരു കൈ പതുക്കെ പൊക്കിയെടുത്തു് ഒരു വിരലിൽ ഒന്നമർത്തി. ഉടനെ അതിലേ മുറിവു രണ്ടായി പിളർന്നു; ജെയിംസ് അത്യുഗ്രമായ വേദന അനുഭവിക്കുന്നതായി കാണപ്പെട്ടു. എങ്കിലും അവൻ ആവലാതിപ്പെട്ടില്ല. ഡോക്ടർ അവന്റെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. “ജെയിംസേ, നിന്നെ ഞാൻ വേദനിപ്പിച്ചോ?” “കുറച്ചു്. സാരമില്ല ഡോക്ടർ. ജോലി തുടന്നുകൊള്ളുക. എനിക്കിനിയും സഹിക്കാം” ശാന്തമായി ജെയിംസ് മറുപടി നല്കി. ഡോക്ടർ തന്റെ കൃത്യം നിവ്വഹിച്ചു. ഓരോന്നോരോന്നായി എല്ലാ വിരലുകളിലും അയാൾ പിടിച്ചു ഞെക്കി മുറിവുകൾ വിടിത്തി, കഴുകി വൃത്തിയാക്കി, മരുന്നുകൾ വച്ചുകെട്ടി. അങ്ങനെ വളരെയധികം വേദന ആ ബാലന്നു സഹിക്കേണ്ടിവന്നു. എന്നിട്ടും ശാന്തതയോടും സന്തോഷത്തോടുംകൂടെ അവയെല്ലാം അവൻ സഹിച്ചു. “ജെയിംസേ, എന്റെ കുഞ്ഞേ, നിന്നെ ഞാൻ വേദനിപ്പിച്ചു; തീർച്ചയാണു്. എന്നിട്ടും നീ എന്തുകൊണ്ടു് ഇത്തവണ നിലവിളിച്ചില്ല?” ഉടനെ ജെയിംസ് പറഞ്ഞു: “ഡോക്ടർ, ഞാൻ ഇന്നു ദിവ്യകാരുണ്യം സ്വീകരിച്ചു.” ആ വാക്കുകൾ കൂർത്തുമൂർത്ത ഒരു ശരംകണക്കേ അദ്ദേഹത്തിന്റെ അന്തരംഗത്തിൽ തറച്ചു കയറി. “ഞാൻ ഇന്നു ദിവ്യകാരുണ്യം സ്വീകരിച്ചു.” അറിയാതെതന്നെ ഡോക്ടർ അതാവർത്തിച്ചു. കണ്ടാലും! ആ ബാലന്റെ സഹനശക്തിയുടെ രഹസ്യം........!

ദിനങ്ങൾ അധികം കടന്നുപോയില്ല, ആ നാസ്തികൻ ഒരു നല്ല കുമ്പസ്സാരം കഴിച്ചു ദൈവത്തോടു രമ്യപ്പെട്ടു!— പാപികളുടെ മാനസാന്തരത്തിനുവേണ്ടി ജെയിംസ് നടത്തിയ ദിവ്യകാരുണ്യസ്വീകരണത്തിന്റെ ആദ്യഫലം!

പാപികളുടെ മാനസാന്തരത്തിനായി ആഴ്ചയിൽ ഒരു

പ്രാവശ്യം വിശേഷാൽ ഒരു ദിവ്യകാരുണ്യസ്വീകരണം നി
ങ്ങൾക്കു നടത്തരുതോ? ഉദാഹരണമായി, ഇപ്പോൾ നിങ്ങൾ
ആഴ്ചയിൽ മൂന്നുദിവസം ദിവ്യകാരുണ്യം സ്വീകരിക്കുന്നുണ്ടെ
ങ്കിൽ ഇനിമേൽ അതു നാലു ദിവസമാക്കണം. അതിനു നി
ങ്ങൾക്കു കുറേ കൂടുതൽ ക്ലേശങ്ങൾ സഹിക്കേണ്ടിവന്നേക്കാം.
ദൈവാലയത്തിലെത്തുവാൻ വളരെ ദൂരം നടക്കേണ്ടതുണ്ടാ
വാം. അല്ലെങ്കിൽ, കൂടുതൽ സമയം ഉപവാസം അനുഷ്ഠിക്ക
ണമായിരിക്കാം. എന്നാൽ, അങ്ങനെയുള്ള ക്ലേശങ്ങൾ നി
ങ്ങളുടെ ദിവ്യകാരുണ്യസ്വീകരണത്തെ കൂടുതൽ ഫലപ്രദമാ
ക്കും.. നിങ്ങൾ എന്നും കുർബാന കൈക്കൊള്ളുന്നുണ്ടെങ്കിൽ
പാപികളുടെ മാനസാന്തരത്തിനുവേണ്ടി ആഴ്ചയിൽ ഒരുദി
വസം ത്യാഗകൃത്യങ്ങൾ അനുഷ്ഠിച്ചും മററും കൂടുതൽ ഒരുങ്ങി
വളരെ തീക്ഷ്ണതയോടേ ദിവ്യനാഥനെ സ്വീകരിക്കണം.

ദിവ്യകാരുണ്യസ്വീകരണത്തിനുശേഷമാണു നിങ്ങളുടെ
പ്രാർത്ഥന പ്രേഷിതചൈതന്യത്താൽ നിറയേണ്ടതു്. സ്വ
ന്തം കാര്യങ്ങൾക്കുവേണ്ടി എന്നതിനെക്കാൾ ലോകത്തിൻെറ
രക്ഷയ്ക്കുവേണ്ടി അപ്പോൾ നിങ്ങൾ പ്രാർത്ഥിക്കണം. ഒരു
കോളെജു വിദ്യാർത്ഥി ഫ്രാൻസ്, ഇററലി, റഷ്യാ, അ
മേരിക്കാ, ഇൻഡ്യ, ചൈന മുതലായ രാജ്യങ്ങളുടെ ഒരു ലി
സ്റ്റുണ്ടാക്കി വച്ചിരുന്നു. കുർബാന കൈക്കൊണ്ടു കഴിയു
മ്പോൾ ആ ലിസ്ററു കൈയിലെടുത്തു്, അയാൾ ഓരോ രാ
ജ്യത്തിനുംവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചിരുന്നു. അവിടങ്ങ
ളിലെല്ലാം ക്രിസ്തുവിൻെറ ഭരണം സംസ്ഥാപിതമാകുവാൻ,
അവിടങ്ങളിലുള്ള ജനങ്ങളെല്ലാം ക്രിസ്തുവിനെ അറിഞ്ഞു സ്നേ
ഹിക്കുവാൻ. തൻെറ ജന്മഭൂവായ ഇൻഡ്യയുടെ പേരു വരു
മ്പോൾ അവൻെറ ഹൃദയത്തുടിപ്പുകൾക്കു വേഗം കൂടിയിരു
ന്നു. തമിഴ്നാട്ട്, മലബാർ, ബങ്കാൾ മുതലായി ഇൻഡ്യയിലു
ള്ള ഓരോ പ്രോവിൻസും പ്രത്യേകം, എടുത്തു പറഞ്ഞു്, അവി
ടങ്ങളിൽ ക്രിസ്തുവിൻെറ വിജയപതാക പാറിപ്പറക്കുവാൻ

ഇടയാക്കേണമേ എന്നു നിറഞ്ഞ കണ്ണുകളോടും തികഞ്ഞ തീക്ഷ്ണതയോടുംകൂടെ അവൻ പ്രാർത്ഥിച്ചുവന്നു. എത്ര അനുകരണാർഹമായ ഒരു മാതൃക!

ദിവ്യകാരുണ്യം ഉൾക്കൊണ്ടുകഴിഞ്ഞു നിങ്ങൾ ചെയ്യുന്ന അഭ്യർത്ഥനകൾക്കു കൂടുതൽ ശക്തിയുണ്ടായിരിക്കും. ആ സമയത്തു് ഈശോമിശിഹാതന്നെയാണു നിങ്ങളുടെ ഹൃദയത്തിൽ പള്ളികൊള്ളുന്നതു്. നിങ്ങളപ്പോൾ നടത്തുന്ന അർത്ഥനകളെ എങ്ങനെ അവിടുന്നു നിരസിക്കും? ഇരുകരങ്ങളുംകൊണ്ടു് അവിടുത്തെ നിങ്ങളുടെ ഹൃദയത്തോടമർത്തിപ്പിടിച്ചുകൊണ്ടു ഭക്തിപൂർവ്വം നിങ്ങൾ വീണ്ടുംവീണ്ടും അവിടുത്തോടു പ്രാർത്ഥിക്കുവിൻ, "ഈശോയുടെ ഏററം പരിശുദ്ധ ഹൃദയമേ, ഭാരതത്തിലും ലോകം മുഴുവനിലും നിൻെറ രാജ്യം വേഗം വരണമേ"എന്നു്.

ദിവ്യബലിയുടെ സമയത്തും ദിവ്യകാരുണ്യം ഉൾക്കൊണ്ടതിനു ശേഷവും എന്താണു ചെയ്യേണ്ടതെന്നു പലർക്കും അറിഞ്ഞുകൂടാ. നമ്മുടെ ദിവ്യനാഥൻ ഗാഗുൽത്താമലയിൽ കുരിശിൽ തൂങ്ങിക്കിടന്നു നമ്മുടെ രക്ഷയ്ക്കുവേണ്ടി രക്തം ചിന്തി അർപ്പിച്ച ആ പരമബലിതന്നെയാണു് ഇന്നും നമ്മുടെ അൾത്താരകളിൽ ആവർത്തിക്കപ്പെടുന്നതെന്നു നിങ്ങൾ അനുസ്മരിക്കുവിൻ. കുർബാനയുടെ സമയത്തു നമ്മുടെ അൾത്താരകളിൽ സന്നിധിചെയ്തുകൊണ്ടു്, അവിടുന്നു് അതേ ഉദ്ദേശ്യത്തിനായി തന്നെത്തന്നെ നിത്യപിതാവിനു വീണ്ടും ബലിയായി സമർപ്പിക്കുന്നു. അപ്പോൾ നിങ്ങളും ഈശോയെ നിത്യപിതാവിന്നു കാഴ്ചവയ്ക്കുവിൻ. അവിടുത്തെ സഹനങ്ങളും രക്തവും മുറിവുകളും ഹൃദയവും ലോകത്തിൻെറ രക്ഷയ്ക്കുവേണ്ടി നിങ്ങൾ സമർപ്പിക്കുവിൻ. അതിലേക്കു താഴെവരുന്ന ജപം നിങ്ങൾക്കുപയോഗിക്കാം: "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, 'പാപികളുടെ മാനസാന്തരത്തിനായി' നിൻെറ പുത്രനായ ഈശോമിശിഹായുടെ 'സഹനങ്ങൾ' നി

നക്കു ഞാൻ സമർപ്പിക്കുന്നു." ഓരോ തവണയും കാഴ്ചവസ്തു മാറിക്കൊണ്ടിരിക്കണം—അതായതു്, ക്രിസ്തുവിൻെറ രക്തം, മുറിവുകൾ, മരണം എന്നിവ. അതുപോലെ നിയോഗവും—അതായതു്, പ്രോട്ടസ്റ്റൻറുകാർ, ശീശ്മക്കാർ, ഹിന്ദുക്കൾ, മുഹമ്മദീയർ, നിങ്ങളുടെ പട്ടണത്തിലേയോ ഗ്രാമത്തിലേയോ സ്കൂളിലേയോ ക്ലാസിലേയോ അനാഗതർ മുതലായവരുടെ മാനസാന്തരം.

ദിവസത്തിൽ ഒരു പ്രാവശ്യമെങ്കിലും പള്ളിയിൽപോയി ദിവ്യകാരുണ്യസന്ദർശനം നടത്തുവാൻ ഉത്സാഹിക്കണം. നിവൃത്തിയുള്ളിടത്തോളം ആരും അവിടുത്തെ സന്ദർശിക്കാനില്ലാത്ത സമയത്തു്. കഴിയുന്നിടത്തോളം അൾത്താരയോടു് അടുത്തുചെന്നു മുട്ടുകുത്തി, നമ്മുടെ കർത്താവിൻെറ ദിവ്യകാരുണ്യഭരണം ലോകമെങ്ങും ഉണ്ടാകുന്നതിനായി അവിടുത്തോടു പ്രാർത്ഥിക്കണം. നിങ്ങളുടെ സമീപസ്ഥരായ ജനങ്ങളും ദൈവാലയത്തിൽവന്നു് അവിടുത്തെ കുമ്പിട്ടാരാധിക്കുന്നതിനു് ഇടയാകുവാൻ അവരെ മാനസാന്തപ്പെടുത്തണമെന്നു യാചിക്കുവിൻ. നിങ്ങളുടെ ഗ്രാമവും പട്ടണവും ക്രിസ്തീയമാകുന്നതിനും അവിടെയെല്ലാം ക്രിസ്തു ദിവ്യകാരുണ്യംവഴിയായി വളരെയധികം ബഹുമാനിക്കപ്പെടുന്നതിനും സ്നേഹിക്കപ്പെടുന്നതിനും പ്രാർത്ഥിക്കുക. ദിവ്യകാരുണ്യനാഥനായിരിക്കട്ടെ സകല ഹൃദയങ്ങളുടേയും കേന്ദ്രം. ദിവ്യസക്രാരിയിൽ സദാ സന്നിധിചെയ്യുന്ന അവിടുന്നു് എല്ലാവരാലും അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുമാറാകട്ടെ!

ആത്മാക്കളുടെ രക്ഷയ്ക്കായി ചിലപ്പോഴെങ്കിലും നിങ്ങൾ 'കുരിശിൻെറവഴി' കഴിക്കണം. മേല്പറഞ്ഞവിധം നിങ്ങളുടെ പ്രാത്ഥനകൾ ഓരോ 'സ്ഥലത്തും' വ്യത്യസ്തങ്ങളായിരിക്കട്ടെ. അങ്ങനെ നമ്മുടെ കർത്താവിൻെറ പീഡാനുഭവങ്ങളെപ്പററി ധ്യാനിക്കുമ്പോൾ നിങ്ങൾ അവിടുത്തെ വേദനകൾ ശ

മിപ്പിക്കുക മാത്രമല്ല, അനവധി ആത്മാക്കൾക്കു സ്വർഗ്ഗക വാടം തുറന്നുകൊടുക്കുകയും ചെയ്യും.

# 2 സഹനം

ഭാരതത്തിൽ അനേകനാളുകൾ മിഷൻപ്രവർത്തനത്തിലേർപ്പെട്ടിരുന്നതിനുശേഷം ഒരു വിദേശമിഷനറിവൈദികൻ സ്വന്തംനാട്ടിലേക്കു തിരിച്ചുപോയി. അവിടെ ഒരു ദിവസം, ഒരു സംഘം കുട്ടികളോട് അദ്ദേഹം തൻെറ മിഷൻ പ്രവത്തനങ്ങളെപ്പററി പ്രസംഗിച്ചു. ഭാരതമാനസാന്തരത്തിനുവേണ്ടി അവർ മിക്കപ്പോഴും ദിവ്യപൂജയിൽ സംബന്ധിക്കണമെന്നു കുട്ടികളോട് ഉപദേശിച്ചുകൊണ്ട് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചു. ആ കുട്ടികളുടെ കൂട്ടത്തിൽ പീററർ എന്നു പേരായി പന്ത്രണ്ടു വയസ്സു പ്രായംവരുന്ന ഒരു ബാലനുണ്ടായിരുന്നു. "അനാഗതരുടെ ആഗമനത്തിനായി ദിവ്യബലിയിൽ സംബന്ധിക്കുകയെന്നതു നല്ല കാര്യമെങ്കിൽ അവർക്കുവേണ്ടി കുർബാന ചൊല്ലിക്കുന്നത് എത്ര കൂടുതൽ ഫലപ്രദമായിരിക്കും!" എന്നൊരു വിചാരം അവൻെറ മനസ്സിലുദിച്ചു. അവനു ഞായറാഴ്ചതോറും സ്വന്തം ആവശ്യങ്ങൾക്കായി പിതാവിൽനിന്നു രണ്ടണ ലഭിക്കാറുണ്ടായിരുന്നു. ഇത്രയുംനാൾ ആ രണ്ടണകൊടുത്തു മധുരപലഹാരങ്ങൾ വാങ്ങിച്ചുതിന്നുകയായിരുന്നു പതിവ്. ഇനിമേൽ, ആ തുക ഒരു കുർബാന ചൊല്ലിക്കുന്നതിനു സൂക്ഷിച്ചുവയ്ക്കുവാൻ അവൻ തീരുമാനിച്ചു. മൂന്നുമാസം കഴിഞ്ഞപ്പോൾ പീററിനു തൻെറ നിക്ഷേപംകൊണ്ടു ഭാരതത്തിൻെറ മാനസാന്തരത്തിനായി ഒരു കുർബാന ചൊല്ലിക്കുവാൻ സാദ്ധ്യമായി. അങ്ങനെ ദിവ്യബലിയോടുകൂടി തൻെറ കൊച്ചുകൊച്ചു ത്യാഗപ്രവൃത്തികളും അവൻ യോജിപ്പിച്ചു. കണ്ടാലും! ഭാരതത്തിൻെറ മാനസാന്തരത്തിനുവേണ്ടി ഒരു ഫ്രഞ്ചുബാലൻ അർപ്പിച്ച ത്യാഗങ്ങൾ! എന്നാൽ നിങ്ങൾ—ഭാരതീയർ—എന്താണു ചെയ്യുന്നത്? ആത്മാക്കളുടെ രക്ഷയിലുള്ള നിങ്ങളുടെ അഗ്രഹം ഹൃദയംഗമമെ

ങ്കിൽ എത്രയെത്ര ത്യാഗങ്ങൾ നിങ്ങൾ അനുഷ്ഠിക്കുകയില്ല? ആത്മാക്കളെ നേടുവാൻ ക്രിസ്തു തന്റെ അമൂല്യരക്തവും ജീവനെത്തന്നെയും ബലിവസ്തുവായി നല്കി. അതുപോലെ, ആത്മാക്കളെ രക്ഷിക്കണമെന്നു യഥാർത്ഥമായി നിങ്ങൾ അഭിലഷിക്കുന്നുവെങ്കിൽ നിങ്ങളുടെ ത്യാഗങ്ങളും വർദ്ധിപ്പിച്ചുകൊള്ളുക.

പല ചെറുപ്പക്കാരും ആത്മാക്കളുടെ രക്ഷയെപ്രതി വളരെയധികം ത്യാഗങ്ങൾ ചെയ്യുന്നുണ്ട്. ത്യാഗങ്ങൾ ചെയ്യുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ എത്ര വളരെ സന്ദർഭങ്ങളാണ് അനുദിനം ലഭിക്കുക? രാവിലേ ഉണരേണ്ട സമയത്തുതന്നെ മടികൂടാതെ എഴുന്നേല്ക്കുക; ക്ലാസ്സിൽ സംസാരിക്കാൻ തോന്നുമ്പോൾ മൗനം പാലിക്കുക; പഠിച്ചുകൊണ്ടിരിക്കുമ്പോൾ അങ്ങുമിങ്ങും നോക്കാതിരിക്കുക; മാതാപിതാക്കളോ അദ്ധ്യാപകരോ ആജ്ഞാപിക്കുന്നതെല്ലാം ഉടനടി സന്തോഷസമേതം അനുസരിക്കുക; അന്യർക്കു വേണ്ട സഹായങ്ങൾ യഥാസമയം ചെയ്തുകൊടുക്കുക—ഉദാഹരണമായി, ചാപ്പൽ അലങ്കരിക്കുക, ഹാൾ അടിച്ചുവാരുക, തിരുനാളാഘോഷങ്ങൾക്കൊരുങ്ങുക മുതലായവയിൽ സഹകരിക്കുക; കളികളിൽ മററുള്ളവർക്കു മുൻഗണന നല്കുക; നിങ്ങൾക്കു വളരെ ഇഷ്ടമുള്ള ഭക്ഷണസാധനങ്ങൾ ചിലപ്പോഴൊക്കെ ഉപേക്ഷിക്കുക; ദരിദ്രർക്കു ധർമ്മം കൊടുക്കുക; കോപം തോന്നുന്നവരോടു സൗമ്യമായി പെരുമാറുക; കയർത്തു സംസാരിക്കണമെന്നു തോന്നുമ്പോൾ ശാന്തതയോടേ സംസാരിക്കുക; തിന്മ പ്രവർത്തിക്കുന്നവർക്കു നന്മ ചെയ്യുക; ഇവയെല്ലാം ത്യാഗാനുഷ്ഠാനത്തിനുള്ള സന്ദർഭങ്ങളല്ലേ?

ത്യാഗങ്ങൾ അനുഷ്ഠിക്കുന്നതിന്റെ ഉദ്ദേശ്യം നിങ്ങൾ സദാ അനുസ്മരിക്കണം. അല്ലാത്തപക്ഷം, നിങ്ങൾക്കതു വളരെ വിഷമമായി തോന്നിയേക്കാം. നിങ്ങളുടെ സഹനങ്ങൾ വഴി കുറേപ്പേരെങ്കിലും മനസ്സുതിരിയുമെന്നും നിങ്ങൾനിമി

ത്തം അവർ സ്വർഗ്ഗത്തിൽ പോകുമെന്നും ഓക്കുമ്പോൾ എത്ര വലിയ ത്യാഗവും ദുസ്സഹമായി അനുഭവപ്പെടുകയില്ല. മാത്രമ ല്ല, ലുബ്ധന്മാർ സ്വർണ്ണനാണയങ്ങൾക്കെന്നതുപോലെ ത്യാ ഗാനുഷ്ഠാനത്തിനുള്ള അവസരങ്ങളെ നിങ്ങൾ പാത്തിരിക്കു കയും ചെയ്യും. അതിനാൽ, ഈ ത്യാഗങ്ങൾവഴി രക്ഷിക്ക പ്പെടുന്ന ആത്മാക്കളെക്കുറിച്ചു ചിന്തിക്കുവിൻ. ആത്മാക്കളുടെ രക്ഷയെന്ന മഹനീയോദ്ദേശ്യത്തിനായി എല്ലാ ത്യാഗങ്ങളും നിങ്ങൾ കാഴ്ചവയ്ക്കുവിൻ.

സ്വമനസാ നിങ്ങൾ തെരഞ്ഞെടുത്തു് അനുഷ്ഠിക്കുന്ന ത്യാഗങ്ങൾ കൂടാതെ, നിങ്ങൾക്കു് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കി ലും സഹിക്കേണ്ടിവരുന്ന എത്രയെത്ര ക്ലേശങ്ങളാണു് അനു ദിനജീവിതത്തിൽ അനുഭവപ്പെടുക—ഉദാഹരണമായി, പ നി, തലവേദന, അന്യരുടെ വിദ്വേഷം, വിമർശനം, പരി ഹാസം, പരീക്ഷയിൽ പരാജയം, ആശാഭംഗം, പ്രതികൂല മായ കാലാവസ്ഥകൾ മുതലായവ....ഇങ്ങനെയുള്ള ക്ലേശങ്ങ ളും പ്രതിബന്ധങ്ങളും നേരിടുമ്പോൾ ആവലാതിപ്പെടുകയോ പിറുപിറുക്കുകയോ ചെയ്യരുതു്. ആത്മാക്കളുടെ രക്ഷയ്ക്കായി അവയെല്ലാം സന്തോഷപൂർവ്വം സഹിച്ചു നമ്മുടെ കർത്താവിനു കാഴ്ചസമർപ്പിക്കുവിൻ.

ഒരു വിദ്യാർത്ഥി പബ്ലിക്കു പരീക്ഷയിൽ തോററുപോ യി. ആ വിവരമറിഞ്ഞപ്പോൾ എന്തുമാത്രം സങ്കടം അവനനു ഭവപ്പെട്ടെന്നോ? എങ്കിലും ഇടംവലം നോക്കാതെ നേരെ അ വൻ ദൈവാലയത്തിലേക്കു ചെന്നു് ഒരു 'വിയാസാക്രാ' ക ഴിച്ചു് ആ പരാജയം അവൻെറ ഗ്രാമത്തിലുള്ളവരുടെ മാന സാന്തരത്തിന്നായി നമ്മുടെ കർത്താവിനു കാഴ്ചവച്ചു.

കുറേനാൾമുമ്പു് ഒരു പുരോഹിതനു് ഒരു രോഗിയുടെ പ ക്കൽനിന്നു് ഒരു കത്തുകിട്ടി: "എൻെറ ആത്മീയപിതാവേ, സന്തോഷകരമായ ഒരു വാർത്ത അവിടുത്തെ ഞാൻ അറിയി ച്ചുകൊള്ളട്ടെ. ഇന്നു ഡോക്ടർ എന്നോടു പറഞ്ഞു, എനിക്കു

ക്ഷയമാണെന്നും അതൊരുവിധത്തിലും സുഖപ്പെടുകയില്ലെന്നും; മാത്രമല്ല, അധികനാൾ കഴിയുന്നതിനുമുമ്പു ഞാൻ മരിക്കുമെന്നും. സ്വർഗ്ഗത്തിലേക്കു പോകുന്നതിനുമുമ്പ് അനവധി ആത്മാക്കളെ എനിക്കു രക്ഷിക്കണം. എന്റെ കരളിനെ ഭേദിപ്പിക്കുന്ന അതിനിഷ്ഠുരനായ ഈ ക്ഷയരോഗത്തേയും ഇതിൽനിന്നെനിക്കനുഭവിക്കേണ്ടിവരുന്ന സകല കഷ്ടപ്പാടുകളേയും പാപികളുടെ മാനസാന്തരത്തിനായി നമ്മുടെ കർത്താവിനു ഞാൻ കാഴ്ചവയ്ക്കുന്നു. ഒരു ജോലിയും ചെയ്യുവാൻ എനിക്കു സാധിക്കുകയില്ല. എപ്പോഴും കട്ടിലേൽത്തന്നെ കിടക്കണം. എങ്കിലും എനിക്കു തീർച്ചയുണ്ട്, എന്റെ സമയം പാഴായിപ്പോവുകയില്ലെന്ന്. നമ്മുടെ കർത്താവിനു സമർപ്പിതമായ സഹനംനിറഞ്ഞ എന്റെ ദിനങ്ങൾ ഓരോന്നിനും അനവധി ആത്മാക്കളെ അവിടുത്തേക്കു നേടുവാൻ കഴിയുമെന്ന് എനിക്കറിയാം. എനിക്ക് ഇരുപതുവയസ്സുമാത്രം പ്രായമുള്ള എന്റെ ഹ്രസ്വജീവിതം ഇങ്ങനെ വളരെ ഫലപ്രദമായിത്തീരുമെന്നു ഞാൻ വിശ്വസിക്കുന്നു. കണ്ടാലും! ആത്മാക്കളെ രക്ഷിക്കുന്നതിൽ അവിടുത്തെ സഹായിക്കുവാൻ എനിക്ക് ഈ രോഗംതന്നെ അയച്ചുതന്ന് എന്നെ ഭാഗ്യവാനാക്കിയ ദിവ്യനാഥൻ എത്ര കാരുണ്യവാൻ!"

എത്ര ഹൃദയസ്പർശകമായ ഒരുദാഹരണം! സഹനത്തിന്റെ മാററുരച്ചു നോക്കുന്ന ചില സന്ദർഭങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായെന്നു വന്നേക്കാം. യാതനകളുടെ തീച്ചൂളയിൽക്കിടന്ന് അത്യുഗ്രമായ വേദനകൾക്കു നിങ്ങൾ വിധേയരാകുമ്പോൾ പ്രശാന്തതയുടെ രശ്മികൾവേണം നിങ്ങളുടെ നയനങ്ങളിൽനിന്നു പ്രസരിക്കുവാൻ; സന്തോഷത്തിന്റെ അശ്രുക്കൾവേണം അവയിൽനിന്നും അനർഗ്ഗളം പ്രവഹിക്കുവാൻ. എത്രമാത്രം ത്യാഗങ്ങൾ നിങ്ങൾ ചെയ്യുന്നുവോ അത്രമാത്രം ആത്മാക്കളെ നിങ്ങൾ രക്ഷിക്കും.

# സമർപ്പണം

"അച്ഛാ, ആത്മാക്കളെ രക്ഷിക്കുവാൻ ഇന്നു കാലത്തു ഞാൻ വിശുദ്ധ കുർബാന സ്വീകരിക്കുകയും ഒരു ജപമാല ചൊല്ലുകയും ചെയ്തു."

"കൊള്ളാം മകനേ, നിനക്കുള്ള ഇരുപത്തിനാലു മണിക്കൂറുകളിൽ ഒന്നു പ്രേഷിതപ്രവർത്തനത്തിനായി നീ നന്നായി വിനിയോഗിച്ചു. എന്നാൽ, അതു മതിയോ? ക്രിസ്തുവിൻെറ ഭരണം ലോകമെങ്ങും വരണമെന്ന് ആത്മാർത്ഥമായി നീ അഭിലഷിക്കുന്നെങ്കിൽ ഒരു മണിക്കൂറല്ല, ദിവസം മുഴുവനും നീ ഒരു പ്രേഷിതനായിരിക്കണം. ദൈവത്തിൻെറ ഭരണം ഭൂമിയിലെങ്ങുമുണ്ടാകുന്നതിനു പ്രഭാതംമുതൽ പ്രദോഷംവരെയും നിൻെറ സകല ചെയ്തികളും നീ സമർപ്പിക്കണം."

"പ്രിയ പിതാവേ, അതെങ്ങനെയാണു സാധ്യമാവുക? എനിക്കു പഠിക്കാനുണ്ട്; എനിക്കു കളിക്കണം, ഭക്ഷണം കഴിക്കണം, ഉറങ്ങണം. പിന്നെയെവിടെയാണു സമയം?"

"അതിനുത്തരമായി നിന്നോടെനിക്കൊന്നു ചോദിക്കുവാനുണ്ട്. ആരാണു കൂടുതൽ ആത്മാക്കളെ രക്ഷിച്ചിട്ടുള്ളതു്?"

"പ്രഥമപാപ്പായായ വി. പത്രോസാണെന്ന് എനിക്കു തോന്നുന്നു. അല്ലെങ്കിൽ, പുറജാതിക്കാരുടെ അപ്പസ്തോലനായ വി. പൗലോസ്. അതുമല്ലെങ്കിൽ നമ്മുടെ കർത്താവിൻെറ ഏററവും വത്സലശിഷ്യനായിരുന്ന വി. യോഹന്നാൻ."

"അതെങ്ങനെ ശരിയാവും? എല്ലാദിവസവും പരിശുദ്ധ കന്യകയുടെ ലുത്തിനിയാ നീ ചൊല്ലുന്നുണ്ട്. എന്നിട്ടും നിനക്കറിഞ്ഞുകൂടാ ആരാണു കൂടുതൽ ആത്മാക്കളെ രക്ഷിച്ചതെന്ന്! അതു 'ശ്ലീഹന്മാരുടെ രാജ്ഞി'യായ നമ്മുടെ പരിശുദ്ധ ജനനിയാണ്. എല്ലാ ശ്ലീഹന്മാരുംകൂടി രക്ഷിച്ചിട്ടുള്ളതിനെക്കാൾ കൂടുതൽ ആത്മാക്കളെ അവൾതന്നെ രക്ഷിച്ചിട്ടുണ്ട്."

കന്യകാമറിയം ഒരിക്കലും സുവിശേഷപ്രസംഗം ചെ

KOTTAYAM PUBLIC LIBRARY KOTTAYAM

യ്തിട്ടില്ല; എന്നാൽ, അവർ ചെയ്തതെല്ലാം ആത്മാക്കളെ രക്ഷിക്കുവാനായിട്ടാണു ചെയ്തത്. അവർ ചെയ്തിരുന്നതെല്ലാം —ഭക്ഷണം പാകം ചെയ്യുക, മുറി അടിച്ചു വൃത്തിയാക്കുക എന്നിവയെല്ലാം ആത്മാക്കളെ രക്ഷിക്കുവാനായിട്ടാണു ചെയ്തത്. ദിവ്യനാഥയുടെ ഒരു ചിത്രം കാണുവാൻ എനിക്കിടവന്നു. മാലാഖാമാരോ ഭംഗിയേറിയ വിരികളോ ഒന്നും ആ പടത്തിൽ ഉണ്ടായിരുന്നില്ല. മറിച്ച്, സാധാരണവസ്ത്രങ്ങളണിഞ്ഞ് ഒരു ചെറിയ മുറിയിൽ ഒരു പരുക്കൻമേശയുടെ അടുത്തുനിന്ന് ഒരു സ്ത്രീ പാത്രങ്ങൾ കഴുകുന്നു. അതിനു താഴെ, "മറിയം, ശ്ലീഹന്മാരുടെ രാജ്ഞി" എന്ന് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. അതേ, അപ്പസ്തോലന്മാർ ദീർഘയാത്രകൾ കഴിച്ചു പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്ത് എന്തുമാത്രം ആത്മാക്കളെ രക്ഷിച്ചുവോ അതിൽ വളരെക്കൂടുതൽ ആത്മാക്കളെ ഒരു ചെററക്കുടിലിൽ കഴിച്ചുകൂട്ടിയ ദൈവമാതാവിന്, തന്റെ സാധാരണജോലികൾ കാഴ്ചവച്ചുകൊണ്ടു രക്ഷിക്കുവാൻ സാധിച്ചു. ആകയാൽ, നിങ്ങളുടെ സകല പ്രവൃത്തികളും ആത്മാക്കളുടെ രക്ഷയ്ക്കായി കാഴ്ചവയ്ക്കുവിൻ. അപ്പോൾ നിങ്ങളും അപ്പസ്തോലന്മാരായിത്തീരും. നിങ്ങൾ ക്ലാസ്സിലേയ്ക്കോ പഠനമുറിയിലേയ്ക്കോ പോകുമ്പോൾ ആ യാത്രയെ ഇൻഡ്യയുടെ മാനസാന്തരത്തിന്നായി കാഴ്ചവയ്ക്കുവിൻ. അതേ ഉദ്ദേശ്യത്തിനുവേണ്ടി ക്ലാസ്സിൽ അനുസരണത്തോടേ വർത്തിക്കുകയും ഉത്സാഹപൂർവ്വം പഠിക്കുകയും ചെയ്തുകൊള്ളാമെന്നു മിശിഹായോടു നിങ്ങൾ വാഗ്ദാനം ചെയ്യുവിൻ. കളിക്കുവാൻ പോകുമ്പോൾ അവിടുത്തെ ഭരണം വേഗം സ്ഥാപിതമാകുവാൻ നിങ്ങളുടെ കളി അവിടുത്തേക്കു കാഴ്ചവയ്ക്കുവാൻ മറക്കരുത്. ഈ ഉദ്ദേശ്യം അനുസ്മരിച്ചുകൊണ്ടു കളിസമയത്തു കൂട്ടുകാരോടു കോപിക്കുകയോ കളവു കാണിക്കുകയോ ചെയ്യാതെ, നന്നായി കളിക്കുവാൻ ഉത്സാഹിക്കുവിൻ. നിങ്ങളുടെ സകല പ്രവൃത്തികളും വിശ്രമം, നടപ്പ്, ഓട്ടം, ചാട്ടം, കളി, ചിരി, ഭക്ഷണം, പഠനം, ഉറക്കം മുതലായവ ഓരോന്നും

ആത്മാക്കളുടെ രക്ഷയ്ക്കായി നമ്മുടെ കർത്താവിനു സമർപ്പിക്കണം. വി. ജെരാർഡ് മാജെല്ലാ ഒരു തയ്യൽക്കാരനായിരുന്നു. വസ്ത്രങ്ങൾ തയ്ക്കുമ്പോൾ സൂചികൊണ്ട് എത്ര പ്രാവശ്യം തുന്നുന്നുവോ അത്രയും ആത്മാക്കളെ രക്ഷിക്കണമെന്ന് അദ്ദേഹം നമ്മുടെ കർത്താവിനോട് അഭ്യർത്ഥിച്ചിരുന്നു. ദിവ്യരക്ഷകൻ പലപ്പോഴും പ്രത്യക്ഷപ്പെട്ടിട്ടുള്ള 'സിസ്റ്റർ ജോസെഫാ മെനേണ്ടസ്'(*) ഒരു ദിവസം തുവാലകൾ നനച്ചുകൊണ്ടിരുന്നപ്പോൾ, താൻ തുവാലകൾ എത്ര പ്രാവശ്യം നനയ്ക്കുന്നുവോ അത്രയും പാപികളെ മാനസാന്തരപ്പെടുത്തണമെന്നു നമ്മുടെ കർത്താവിനോട് ആവശ്യപ്പെട്ടു. ഉടനെ, അപ്രകാരം ചെയ്യാമെന്ന് അവിടുന്നു സമ്മതിക്കുകയും ചെയ്തു.

നിങ്ങളും ഇപ്രകാരം ചെയ്യുവിൻ. ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യുന്നതിനുമുമ്പ് അതു മിശിഹായ്ക്കു കാഴ്ചവച്ച്, അതിനു പകരം ആത്മാക്കളെ രക്ഷിക്കണമെന്ന് അവിടുത്തോടഭ്യർത്ഥിക്കണം. അങ്ങനെ ക്രിസ്തുവിൻെറ ഭരണം സ്ഥാപിതമാകുവാൻ ദിവസം മുഴുവനും യത്നിക്കുന്ന അപ്പസ്തോലന്മാരാകുവാൻ നിങ്ങൾക്കു സാധിക്കും. പ്രത്യേകിച്ച്, രാവിലെ ഉണരുമ്പോൾത്തന്നെ ആ ദിവസം മുഴുവനും അവിടുത്തേക്കു നിങ്ങൾ കാഴ്ചവയ്ക്കണം. സകല മനുഷ്യരും അവിടുത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യുവാൻ നിങ്ങളുടെ എല്ലാ പ്രാർത്ഥനകളും സഹനങ്ങളും സകല ചെയ്തികളും എല്ലാ ഉദ്യമങ്ങളും അവിടുത്തേയ്ക്കു കാഴ്ചവയ്ക്കുവിൻ.

---

(*) 'സിസ്റ്റർ ജോസെഫാ മെനേണ്ടസ്' ഇരുപതു കൊല്ലംമുമ്പു മരിച്ചു. തിരുഹൃദയത്തിൻെറ അനേകദർശനങ്ങൾ ആ സുകൃതിനിക്കുണ്ടായിട്ടുണ്ട്. അവളുടെ അത്ഭുതജീവിതകഥ അറിയണമെങ്കിൽ «The way of Divine Love» (from Braganza, princess Street, Bombay) എന്ന പുസ്തകമോ "സ്നേഹനാഥൻ" (St. Joseph's Orphanage Press, Changanacherry), എന്ന പുസ്തകമോ വായിക്കുക.

"ഈശോയുടെ പരിശുദ്ധ ഹൃദയമേ, ഇൻഡ്യയിലും ലോകമെല്ലായിടത്തും നിൻെറ ഭരണം ഉണ്ടാകുന്നതിന് ഇന്നത്തേ എൻെറ എല്ലാ പ്രാർത്ഥനകളും സഹനങ്ങളും സന്തോഷങ്ങളും പ്രവൃത്തികളും പരിശുദ്ധമറിയത്തിൻെറ വിമലഹൃദയംവഴി നിനക്കു ഞാൻ കാഴ്ചവയ്ക്കുന്നു."

## 3 പ്രവൃത്തി പ്രസംഗത്തെക്കാൾ ശക്തം

കഴിഞ്ഞ നൂററാണ്ടിൽ ന്യൂയോർക്കിലേ ഒരു കൺട്രാക്റ്ററായിരുന്നു 'ജെറി ഡി നോവാൻ'. ഉത്തമനായ ഒരു കത്തോലിക്കനായിരുന്ന അദ്ദേഹം എല്ലാ ദിവസവും ദിവ്യബലിയിൽ സംബന്ധിക്കുകയും ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും ചെയ്തുപോന്നു. ഒരു ദിവസം ഒരു മിഷനറിവൈദികൻ യാദൃശ്ചികമായി അദ്ദേഹത്തെ കണ്ടുമുട്ടി. തൻെറ മിഷൻഗ്രാമത്തിൽ പണിയുവാനുദ്ദേശിക്കുന്ന ഒരു ദൈവാലയത്തെപ്പററി ആ വൈദികൻ സംസാരിക്കുകയും അതിനായി ജെറി ഡി നോവാനെ ക്ഷണിക്കുകയും ചെയ്തു. അദ്ദേഹം വളരെ സന്തോഷത്തോടേ ആ ക്ഷണം സ്വീകരിച്ചു. എന്നാൽ, പള്ളി പണിയേണ്ടിയിരുന്ന ഗ്രാമത്തിൽ അദ്ദേഹത്തിനു താമസിക്കാൻ സൗകര്യമുള്ള ഒരു ചെറിയ ഹോട്ടൽ മാത്രമേ ഉണ്ടായിരുന്നുള്ളു. അതിൻെറ മേൽനോട്ടക്കാരൻ മതഭ്രാന്തനായ ഒരു അകത്തോലിക്കനും. കൺട്രാക്റ്ററെ അവിടെ സ്വീകരിക്കുവാൻ ആദ്യം അയാൾ വിസമ്മതിച്ചു; എങ്കിലും നിർബന്ധപൂർവ്വകമായ അഭ്യർത്ഥനകളുടെ ഫലമായി ഒരു മുറി നല്കാമെന്ന് അവസാനം സമ്മതിച്ചു. ആ ഭവനത്തിലേ അംഗങ്ങളെല്ലാവരും വളരെ വെറുപ്പോടുകൂടെയാണ് ജെറിയെ വീക്ഷിച്ചി

രുന്നതു്. ഇളയ സന്താനമായ കെയ്റ്റു് (Kate) എന്ന ബാലിക ആ കൺട്രാക്ടരെ സദാ നിരീക്ഷിച്ചുകൊണ്ടിരുന്നു. അയാൾ എന്തൊക്കെയാണു ചെയ്യുന്നതെന്നു് അറിയുവാൻ അവൾ കതകിന്റെ മറവിൽ നിന്നുകൊണ്ടു് അതിന്റെ വിടവിലൂടെ സൂക്ഷിച്ചു നോക്കുവാൻപോലും മടിച്ചില്ല. ഭക്തനായ ജെറി തന്റെ മതകൃത്യങ്ങളെല്ലാം വിശ്വസ്തതയോടേ പാലിച്ചുവന്നു. പ്രഭാതപ്രാർത്ഥനകളും സന്ധ്യാനമസ്കാരങ്ങളും എന്നും മുട്ടിന്മേൽനിന്നുകൊണ്ടുതന്നെ എത്തിച്ചിരുന്നു. ഭക്ഷണത്തിനുമുമ്പും പിമ്പുമുള്ള ജപങ്ങൾ ഒരിക്കലും മുടക്കിയിരുന്നില്ല. ഉപവാസവും ഒരുനേരവും യഥാവിധി ആചരിച്ചുപോന്നു. ജോലിക്കാരോടു വളരെ കരുണാപൂർവ്വമാണു് അദ്ദേഹം പെരുമാറിയിരുന്നതു്. അന്യർക്കു് എന്തുപകാരവും ചെയ്തുകൊടുക്കുവാൻ സദാ സന്നദ്ധനമായിരുന്നു. അങ്ങനെ അദ്ദേഹം ക്രമേണ എല്ലാവരുടേയും സ്നേഹാദരങ്ങൾക്കു പാത്രമായി.

അന്നത്തേ ആ ബാലിക അടുത്ത കാലത്താണു പ്രായാധിക്യത്താൽ മരണം പ്രാപിച്ചതു്. ജെറി ഡി നോവാൻ നിർമ്മിച്ച ആ ദൈവാലയത്തിൽത്തന്നെ അവളുടെ ശവസംസ്കാരം നടന്നു. തുടിക്കുന്ന ഹൃദയത്തോടും നിറഞ്ഞ നയനങ്ങളോടുംകൂടെ ശവമഞ്ചത്തിനു ചുററും നൂറോളം ആളുകൾ നിന്നിരുന്നു—അവളുടെ മക്കളും മക്കളുടെ മക്കളും അവരുടെ മക്കളും ആയിരുന്നു അവർ. ഇതെങ്ങനെ സംഭവിച്ചു? കെയ്റ്റു് ഒരു ബാലികയായിരുന്നപ്പോൾ ജെറി ഡി നോവാന്റെ പ്രവൃത്തികളെ സൂക്ഷിച്ചു നിരീക്ഷിച്ചിരുന്നതായി പറഞ്ഞുവല്ലോ. മാതൃകാപരമായ പ്രവൃത്തികൾ മാത്രമേ അദ്ദേഹത്തിൽ അവൾ ദർശിച്ചുള്ളു. അതു് അവളെ ആകർഷിച്ചു. ഏതാനും വത്സരങ്ങൾ കഴിഞ്ഞു കെയ്റ്റു് മാതാപിതാക്കന്മാരോടൊന്നിച്ചു കത്തോലിക്കാമതം സ്വീകരിച്ചു. അവൾ ഭർത്താവായി സ്വീകരിച്ചതു് അടുത്തുള്ള ഒരു ഗ്രാമത്തിലേ മാതൃകായോ

ഗ്ല്യനായ ഒരു കത്തോലിക്കായുവാവിനെയാണ്. ഇവരുടെ ദാമ്പത്യവല്ലരിയിൽ വികസിച്ച കുസുമങ്ങളാണ് ആ ശവമഞ്ചത്തിനു ചുററും നിന്നിരുന്നവർ. 'ജെറി' നമ്മുടെ കർത്താവിനു ദൈവാലയം പണിയുകമാത്രമല്ല ചെയ്തത്, അതിൽ ആരാധകരായി ഉത്തമകത്തോലിക്കരെ ക്രിസ്തുവിനുവേണ്ടി നേടുകയും ചെയ്തു. എങ്ങനെ? സ്വന്തം മാതൃകാപരമായ ജീവിതത്താൽ!

നന്മയ്ക്കാകട്ടെ തിന്മയ്ക്കാകട്ടെ മാതൃക ചെലുത്തുന്ന ശക്തി വിസ്മയാവഹമത്രെ. കല്പനകൾ തോൽവി അടയുന്നിടത്തു മാതൃക വിജയിക്കുന്നു. പ്രവൃത്തി പലപ്പോഴും പ്രസംഗത്തെക്കാൾ ബലവത്താണ്. കത്തോലിക്കരുടെ നിർമ്മലവും മാതൃകാപരവുമായ ജീവിതത്താൽ പല അകത്തോലിക്കരും സത്യവിശ്വാസം ആശ്ലേഷിച്ചിട്ടുണ്ട്. എന്നാൽ ഹാ! കഷ്ടം! പല കത്തോലിക്കരുടേയും ദുർമ്മാതൃകയാൽ അനേകർ കത്തോലിക്കാസഭയെ വിട്ടകന്നിട്ടുമുണ്ട്. അതുകൊണ്ടാണു ക്രിസ്തു നമ്മോടാവശ്യപ്പെടുന്നത്, "മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികൾ കണ്ടു സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ. 5: 16) എന്ന്. നമ്മുടെ മതത്തിൻെറ മേന്മ അന്യർ മനസ്സിലാക്കുന്നതു നമ്മുടെ പ്രഭാഷണങ്ങളിൽനിന്ന് എന്നതിനെക്കാൾ പ്രവൃത്തികളിൽ നിന്നാണെന്ന് അനേകം അനുഭവങ്ങൾ വിളിച്ചറിയിക്കുന്നു. മേന്മയേറിയ തത്വങ്ങൾ സയുക്തികം സമ്യക്കായി പ്രതിപാദിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞേക്കാം. എന്നാൽ, നിങ്ങളുടെ പ്രസംഗവും നിങ്ങളുടെ പ്രവൃത്തിയുംതമ്മിൽ ചേർച്ചയില്ലെങ്കിൽ, നിങ്ങളുടെ ജീവിതരീതി അകത്തോലിക്കരുടേതിൽനിന്നും ഒട്ടും മെച്ചമല്ലെങ്കിൽ, അവർ എങ്ങനെ നിങ്ങളുടെ മതത്തിൽ വിശ്വസിക്കും. എന്നാൽ, അവർ നിങ്ങളിൽ ഒരു നിർമ്മലജീവിതം കാണുന്നുവെങ്കിൽ, തങ്ങൾക്കു അഭ്യ

സിക്കുവാൻ സാധിക്കാത്ത സുകൃതങ്ങൾ നിങ്ങളിൽ ദർശിക്കുന്നുവെങ്കിൽ, അപ്രകാരമുള്ള ഒരു ജീവിതത്തിനു പ്രചോദനം നല്കുന്ന മതമാണു സത്യമതമെന്ന് അവർ വിചാരിക്കും; പൂർണ്ണമനസ്സോടേ അതിനെ ആശ്ലേഷിക്കും.

അതുകയാൽ, സന്മാതൃകയാണു പ്രേഷിതപ്രവർത്തനത്തിന് ഏററം ഫലവത്തായ മാർഗ്ഗം. സ്കൂളിലോ ജോലിസ്ഥലത്തോവച്ചു ക്രിസ്ത്യാനികളുമായി പരിചയപ്പെടുന്ന അക്രൈസ്തവർ മനസ്സുതിരിഞ്ഞു സത്യസഭയെ അശ്ലേഷിക്കുന്നില്ലെങ്കിൽ അതിനു കാരണം തങ്ങളുടേതിനെക്കാൾ മെച്ചമായ ഒരു ജീവിതം ക്രിസ്ത്യാനികളിൽ അവർ കാണാത്തതായിരിക്കും. അല്ലെങ്കിൽ, തങ്ങളുടേതിനെക്കാൾ മോശമായ ഒരു ജീവിതം അവരിൽ കാണുന്നതായിരിക്കും. നേരേമറിച്ച്, ക്രിസ്ത്യാനികൾ താരതമ്യേന തങ്ങളുടേതിനെക്കാൾ നിർമ്മലവും പരിശുദ്ധവുമായ ഒരു ജീവിതം നയിക്കുന്നതായി അവർ കണ്ടിരുന്നുവെങ്കിൽ വളരെ നേരത്തെതന്നെ നമ്മുടെ മതത്തെ അവർ ആശ്ലേഷിക്കുമായിരുന്നില്ലേ? അക്രൈസ്തവരെ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ വളരെ മാതൃകായോഗ്യവും നിർമ്മലവുമായ ഒരു ജീവിതം നയിക്കണം. നിങ്ങളുടെ ഉപവിയും ക്ഷമയും വിശ്വസ്തതയും ശുദ്ധതയും ഐഹികവസ്തുക്കളോടുള്ള വിരക്തിയും നമ്മുടെ മതം സത്യമതമാണെന്നു ശക്തിയുക്തം തെളിയിച്ചുകൊടുക്കുകതന്നെ വേണം.

## ഉപവിയും ശുദ്ധതയും പ്രത്യേകിച്ചു പരിശീലിക്കുക

സഹോദരസ്നേഹമായിരിക്കണം, നിങ്ങൾ ക്രിസ്തുവിൻെറ ശിഷ്യരാണെന്ന് അക്രൈസ്തവർ തിരിച്ചറിയേണ്ടതിനുള്ള നിങ്ങളുടെ പ്രത്യേക ചിഹ്നം. ക്രിസ്തുതന്നെ അരുൾ

ചെയ്തിരിക്കുന്നു: "നിങ്ങൾക്കു പരസ്പരസ്നേഹമുണ്ടെങ്കിൽ ഇതുകൊണ്ടു നിങ്ങൾ എൻെറ ശിഷ്യന്മാരാകുന്നുവെന്നു എല്ലാമനുഷ്യരും അറിയും" (യോഹ. 14: 35). കത്തോലിക്കാസഭയെ നാമാവശേഷമാക്കുമോ എന്നു തോന്നുമാറു മൂന്നാം നൂററാണ്ടിൽ ക്രൂരമർദ്ദനങ്ങൾ പൊട്ടിപ്പുറപ്പെട്ടു. അന്ന് ഒരാൾ ക്രിസ്ത്യാനിയാവുക എന്നതു ജയിലിൽ അടയ്ക്കപ്പെടുന്നതിനോ ജീവനോടേ ദഹിപ്പിക്കപ്പെടുന്നതിനോ അവയവങ്ങൾ തുണ്ടുതുണ്ടായി മുറിക്കപ്പെടുന്നതിനോ മതിയായ കാരണമായിരുന്നു. എങ്കിലും, ആ മതപീഡനങ്ങളുടെ കാലത്താണു ക്രിസ്തുമതത്തിലേക്കു കൂടുതൽ മാനസാന്തരങ്ങളുണ്ടായിട്ടുള്ളതു്. എന്താണിതിൻെറ ഹേതു? അന്നത്തേ ക്രിസ്ത്യാനികളുടെ സഹോദരസ്നേഹം ഒന്നുമാത്രം. "കണ്ടാലും, ക്രിസ്ത്യാനികൾ തമ്മിൽത്തമ്മിൽ എത്രമാത്രം സ്നേഹിക്കുന്നു!" എന്ന് അന്നത്തെ ക്രൈസ്തവരെപ്പററി അന്യർ പറഞ്ഞിരുന്നു. ഏകഹൃദയത്തോടും ഏകമനസ്സോടുംകൂടെ പ്രവർത്തിച്ചിരുന്ന ആദിമക്രിസ്ത്യാനികളെ നിങ്ങളും അനുകരിക്കുവിൻ. അസൂയയും വിദ്വേഷവും നിങ്ങളുടെ മദ്ധ്യത്തിൽനിന്നകററുവിൻ. വഴക്കും വക്കാണവും അസഭ്യവാക്കുകളും എല്ലാം നിങ്ങൾ ഉപേക്ഷിക്കുവിൻ. സ്നേഹശൃംഖലയാൽ നിങ്ങൾ പരസ്പരം ബന്ധിക്കപ്പെടണം. ഒരു കുടുംബത്തിലേ അംഗങ്ങളെപ്പോലെ നിങ്ങൾ ഐക്യത്തിലും സമാധാനത്തിലും ജീവിക്കുവിൻ. സഹോദരരേപ്പോലെ നിങ്ങൾ അന്യോന്യം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുവിൻ. "നോക്കുവിൻ, ക്രിസ്ത്യാനികൾ അന്യോന്യം എത്രമാത്രം സ്നേഹിക്കുന്നു. അങ്ങനെയുള്ള ഒരു സ്നേഹം വളർത്തുവാൻപോരുന്ന മതം മാനുഷികമാവാൻ തരമില്ല. അതു ദൈവികമായിരിക്കണം" എന്ന് ആദിമക്രിസ്ത്യാനികളെക്കുറിച്ചെന്നപോലെ നിങ്ങളെക്കുറിച്ചും അന്യമതസ്ഥർ പറയുവാൻ ഇടയാകട്ടെ!

ശുദ്ധത—അതെത്ര ആകർഷകവും സ്നേഹയോഗ്യവുമാ

യ ഒരു സുകൃതമാണ്! ഒരു വെള്ളറോസപ്പൂവെന്നപോലെ അതു നാലുപാട്ടം പരിമളം പരത്തുന്നു; മനോജ്ഞമായ ഒരു ദീപംപോലെ പ്രഭയേറിയ രശ്മികഠം വിതറുന്നു. ആകയാൽ നിങ്ങളുടെ സകല വാക്കുകളിലും പ്രവൃത്തികളിലും ശുദ്ധതയുടെ കാന്തി ഉടനീളം പ്രസരിക്കട്ടെ. നിങ്ങളെ സമീപിക്കുന്നവരെല്ലാം അറിയട്ടെ നിങ്ങഠം നിർമ്മലരാണെന്ന്. നിങ്ങളുടെ ജീവിതനൈർമ്മല്യം നമ്മുടെ മതമാണു സത്യൈകമതമെന്നതിന്ന് അനിഷേധ്യമായ തെളിവായിരിക്കട്ടെ.

"ഉപവിയാലും ശുദ്ധതയാലും നിങ്ങഠം
ഒരപ്പസ്തോലനാവുക."

## പ്രേഷിതൻ പ്രവർത്തനരംഗത്ത്

ഏററവും നവീനരീതിയിൽ പണികഴിപ്പിച്ചിട്ടുള്ള ഒരു മനോഹരസൗധം. അതിൽ വളരെ മനോഹരമായി അലങ്കരിച്ചിട്ടുള്ള ഒരു മുറി. രണ്ടുപേർ—പിതാവും പുത്രനും—കസാലകളിൽ ഇരുന്നു സംഭാഷിക്കുകയാണ്.

"മകനേ, അങ്ങനെ അതും തീരുമാനിച്ചുകഴിഞ്ഞു. 'ഗ്രേററ് മിൽസി'ൻെറ ഡയറക്ടരെ ഞാൻ ഇന്നുകണ്ടു സംസാരിച്ചു. അയാഠം നിന്നെ ഒരു എൻജിനീയരായി സ്വീകരിച്ചിരിക്കുന്നു. ജോലി ആരംഭിക്കുന്ന ദിവസംമുതൽ, മാസം മുന്നൂറു രൂപാ ശമ്പളം തരാമെന്നു സമ്മതിച്ചിട്ടുമുണ്ട്."

എന്നിട്ട്, ഇക്കാര്യം ആലോചിച്ചുറപ്പിക്കുന്നതിനുമുമ്പ് അപ്പൻ അതെക്കുറിച്ച് എന്നോടൊന്നും പറഞ്ഞില്ലല്ലോ?"

"അതെന്തുകൊണ്ടെന്നോ? നിനക്ക് അപ്രതീക്ഷിതമായ ഒരാഹ്ളാദം നല്കണമെന്നു കരുതി."

. "ആഹ്ളാദമോ? പിതാവേ, എനിക്ക് ആ ജോലി ഒട്ടും ഇഷ്ടമില്ല. വേറെ ഒരു ജോലിയിൽ പ്രവേശിക്കണമെന്നാണു ഞാൻ നിശ്ചയിച്ചിരിക്കുന്നത്."

1744

"വേറെ എന്തു ജോലി?"

"ഒരു....തൊഴിലാളി....അതേ! ഒരു സാധാരണ തൊഴിലാളി."

"അസംബന്ധം! എന്തു്, നിനക്കു ഭ്രാന്തു പിടിച്ചോ?.... യൂണിവേഴ്സിററിയിൽ ഒന്നാമതായി പാസ്സായ നിനക്കു് ഒരു തൊഴിലാളി ആകണമെന്നോ? പ്രതിമാസം മുന്നൂറു രൂപാ സമ്പാദിക്കാവുന്ന നീ വെറും അൻപതുകൊണ്ടു തൃപ്തിപ്പെട്ടു കൊള്ളാമെന്നോ?"

"എന്നാലും എനിക്കൊരു തൊഴിലാളി ആകണം."

"ഞാൻ അതിനു സമ്മതിക്കുകയില്ല. ധനംകൊണ്ടും ആഭിജാത്യംകൊണ്ടും ഈ നാട്ടിൽ ഒന്നാംകിടയിൽ നില്ക്കുന്നതാണു നമ്മുടെ കുടുംബം എന്നു നീ ഓർക്കണം. എന്നിട്ടും നീ ഒരു തൊഴിലാളി ആകുവാൻ ആഗ്രഹിക്കുന്നു! എന്റെ അഭിമാനം അതിനു സമ്മതിക്കുകയില്ല! ഛേ! ഒരിക്കലുമില്ല!"

"പിതാവേ, ഈ പറഞ്ഞതൊക്കെ ശരിയാണു്. എന്നാൽ, ഞാൻ ഒന്നു തീരുമാനിച്ചുകഴിഞ്ഞു. എന്റെ നില ഞാൻ വിശദമാക്കാം. തൊഴിലാളികളുടെ ഒരു അപ്പസ്തോലനാകുന്നതിനു് എനിക്കു് അനുഗ്രഹം നല്കണമേ എന്നു നമ്മുടെ കർത്താവിനോടു ഞാൻ പ്രാർത്ഥിച്ചിട്ടുണ്ടു്. എന്റെ ആഗ്രഹം സാധിക്കുവാൻ തൊഴിലാളികളോടൊന്നിച്ചു ഞാനും ഒരു തൊഴിലാളിയാകണം...."

അധികം ദിവസങ്ങൾ കടന്നുപോയില്ല. നമ്മുടെ യുവാവു് "ഗ്രേററു് മിൽസി"ൽ ഒരു തൊഴിലാളിയായി. ആ ഫാക്ടറിയിൽ ഉണ്ടായിരുന്ന അനവധി ജോലിക്കാരിൽ ഒട്ടുമിക്കപേരും മതാഭ്യാസങ്ങൾ ഉപേക്ഷിച്ചവരായിരുന്നു. പലരും കമ്മ്യൂണിസ്റ്റുകെണിയിൽ കുടുങ്ങിയവരും. ജോലികളൊന്നും ചെയ്തു പരിചയിച്ചിട്ടില്ലാത്ത കുബേരനായ ആ യുവാവിനെ ഫാക്ടറിയിലെ തൊഴിലാളികൾ പരിഹാസപൂർവ്വമാണു സ്വീ

കരിച്ചതു്. എന്നാൽ, അയാളിൽ സദാ കളിയാടിയിരുന്ന പ്രസന്നതയും അയാളുടെ സേവനസന്നദ്ധതയും അയാളെ എല്ലാവരുടേയും സ്നേഹബഹുമാനങ്ങൾക്കു പാത്രമാക്കി. എന്തിന്, ഒരു വർഷം കഴിയുന്നതിനു മുമ്പ് ആ ഫാക്ടറിയിലെ തൊഴിലാളികളെല്ലാവരുംതന്നെ വീണ്ടും ഉത്തമകത്തോലിക്കജീവിതം നയിക്കുവാൻ തുടങ്ങി. മാത്രമല്ല, അനേകർ ആ യുവാവിനോടൊന്നിച്ചു ഞായറാഴ്ചതോറും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തുപോന്നു.

ആ യുവാവു ക്രിസ്തുവിൻെറ ഒരു പ്രേഷിതനായിരുന്നു. ക്രിസ്തുവിങ്കലേക്ക് ആത്മാക്കളെ നയിക്കുവാൻ എന്താണു ചെയ്യേണ്ടതെന്ന് അയാൾക്കു മനസ്സിലായി. അതു് അയാൾ ധൈര്യപൂർവ്വം പ്രവർത്തിച്ചു. അതുപോലെ ആത്മാക്കളുടെ രക്ഷയ്ക്കായി നിങ്ങളും നിങ്ങളുടെ കഴിവുകളെ വിനിയോഗിച്ചേ തീരൂ. കോളെജിൽ പഠിക്കുമ്പോഴാകട്ടെ, അവധിക്കു വീട്ടിലെത്തുമ്പോഴാകട്ടെ, അല്ലെങ്കിൽ, പഠനാനന്തരം എന്തെങ്കിലും ജോലിയിൽ പ്രവേശിക്കുമ്പോഴാകട്ടെ നിങ്ങളുടെ ചുററുമുള്ളവരുടെ മാനസാന്തരത്തിന്നായി നിങ്ങൾ, ആത്മാർത്ഥമായി പ്രയത്നിക്കുവിൻ.

ആദ്യമായി, നിങ്ങൾ അവരുടെ സ്നേഹം സമ്പാദിക്കണം. നിങ്ങൾ ഹൃദയംഗമമായി അവരെ സ്നേഹിക്കുന്നുവെന്നും അവരുടെ ഉന്നമനത്തിൽ അതീവതൽപരരാണെന്നും അവരുടെ നന്മയേമാത്രം കാംക്ഷിക്കുന്നവരാണെന്നും അവർക്ക് ഉറപ്പുവരട്ടെ. സ്നേഹപൂർവ്വം അവരോടു സംസാരിക്കുവിൻ. നിങ്ങളുടെ കഴിവനുസരിച്ച് അവർക്കു വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിൽ നിങ്ങൾ വിമുഖത പ്രദർശിപ്പിക്കരുതു്. അവർക്കു രോഗം പിടിപെടുമ്പോൾ അവരെ ചെന്നുകണ്ടാശ്വസിപ്പിക്കുവാൻ നിങ്ങൾ മറക്കരുതു്. അവർക്ക് ഇഷ്ടമുള്ള വല്ല സാധനങ്ങളും വാങ്ങിക്കൊടുക്കണം. ചുരുക്കിപ്പറഞ്ഞാൽ, അവരുടെ എല്ലാ ആവശ്യങ്ങളിലും അവർക്കു തുണ

യും സങ്കേതവും ആയിരിക്കുകയും അവരോടു വളരെ കാരുണ്യ പൂർവ്വം പെരുമാറുകയും വേണം.

ഒരിക്കൽ അവരുടെ വിശ്വാസം നിങ്ങൾ സമ്പാദിച്ചു കഴിഞ്ഞാൽപ്പിന്നെ ക്രിസ്തുവിനെപ്പററിയും നമ്മുടെ മതത്തെപ്പററിയും അവരോടു പറയുവാൻ നിങ്ങൾ ഒട്ടും പേടിക്കേണ്ട. അവരോടു നിങ്ങൾ തുറന്നു പറയുവിൻ എല്ലാവരേയും രക്ഷിക്കുവാൻ ഭൂജാതനായ സത്യദൈവമാണു ക്രിസ്തുവെന്ന്. അവരെ എന്തുമാത്രം ക്രിസ്തു സ്നേഹിക്കുന്നുവെന്നും, അവർക്കുവേണ്ടി, അവരെ പാപത്തിൽനിന്നും നരകയാതനകളിൽനിന്നും മോചിപ്പിച്ചു സ്വർഗ്ഗത്തിലെത്തിക്കുവാൻ, അവിടുന്ന് അനവധി പീഡകൾ സഹിച്ച് അവസാനം കൃശിന്മേൽത്തൂങ്ങി മരിച്ചുവെന്നും അവരെ ധരിപ്പിക്കുക. കത്തോലിക്കാസഭയുടെ അതീവസുന്ദരങ്ങളായ പ്രബോധനങ്ങളെപ്പററിയും അവളുടെ വീരസന്താനങ്ങളായ വിശുദ്ധരുടേയും രക്തസാക്ഷികളുടേയും മഹനീയജീവിതത്തെക്കുറിച്ചും യുവജനങ്ങൾക്ക് അവരുടെ ശുദ്ധതയെ സംരക്ഷിക്കുവാൻ സഹായിക്കുന്ന മഹത്തായ മാർഗ്ഗങ്ങളെക്കുറിച്ചും സമ്യക്കായി പ്രതിപാദിക്കുവിൻ. നമ്മുടെ മാതാവായ പരിശുദ്ധകന്യകാമറിയത്തെപ്പററിയും നമ്മുടെ ആത്മാവിൻെറ ജീവനായ ദിവ്യകാരുണ്യത്തെപ്പററിയും പറയുവാൻ നിങ്ങൾ ശങ്കിക്കരുത്. ദൈവജനനിയുടെ നിസ്തുലമായ ശുദ്ധതയേയും നമ്മുടെനേർക്ക് അവൾക്കുള്ള നിസ്സീമമായ കാരുണ്യത്തേയുംകുറിച്ചു നിങ്ങൾ പറയണം. മറിയമാണു നമ്മുടെ സ്വർഗ്ഗീയമാതാവെന്നും അവളാണു ശുദ്ധതയുടെ പരിപൂർണ്ണമാതൃകയെന്നും അവരെ നിങ്ങൾ ഗ്രഹിപ്പിക്കണം. അവർ ജീവിതത്തിലേ കഷ്ടതകളിലും ദുർഘടസന്ധികളിലുംപെട്ടു നട്ടംതിരിയുമ്പോൾ, ദിവ്യസക്രാരിയിൽ സത്യമായി സന്നിധിചെയ്യുന്ന നമ്മുടെ കർത്താവിൽ പരിപൂർണ്ണമായി വിശ്വസിച്ച്, അവിടുത്തേപ്പക്കൽ അഭയം തേടുന്നുവെങ്കിൽ അവരെ അവിടുന്നു സഹായിക്കുകയും ആശ്വസി-

പ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുമെന്ന് അവരോടു നിങ്ങൾ പറയുവിൻ. ദിവ്യനാഥനെ സന്ദർശിക്കുവാൻ ദൈവാലയത്തിലേക്കു നിങ്ങൾ പോകുമ്പോൾ അവരെക്കൂടെ ക്ഷണിക്കുവിൻ. തങ്ങൾക്കുവേണ്ട അനുഗ്രഹങ്ങൾ പരമകാരുണികനായ നമ്മുടെ കർത്താവിനോടു ചോദിക്കുവാൻ അവരെ നിങ്ങൾ പ്രേരിപ്പിക്കണം. പരിശുദ്ധകന്യകയുടേയോ തിരുഹൃദയത്തിൻേറയോ മനോഹരമായ പടങ്ങൾ അവർക്കു സമ്മാനിച്ചുകൊണ്ടു സ്നേഹസമന്വിതം അവരോടു നിങ്ങൾ ഉപദേശിക്കണം, "ഈശോയുടെ ഏററം പരിശുദ്ധഹൃദയമേ, ഞാൻ നിന്നിൽ ശരണപ്പെടുന്നു" എന്നു ചിലപ്പോഴൊക്കെ പ്രാർത്ഥിക്കുവാൻ. 'ഫബിയോള', 'വി. അലോഷ്യസിൻെറ ജീവചരിത്രം' മുതലായ നല്ല പുസ്തകങ്ങൾ അവർക്കു വായിക്കുവാൻ നിങ്ങൾ കൊടുക്കണം.

പല കത്തോലിക്കർക്കുമുണ്ടൊരു ഭയം, അകത്തോലിക്കരോടു ക്രിസ്തുവിനെപ്പററി സംസാരിക്കുവാൻ. അവരോടു ക്രിസ്തുതന്നെ പറയുന്നു: "ആരെങ്കിലും മനുഷ്യരുടെ മുമ്പിൽ എന്നെ സ്വീകരിച്ചുപറഞ്ഞാൽ ഞാനും സ്വർഗ്ഗത്തിലുള്ള എൻെറ പിതാവിൻെറ മുമ്പിൽ അവനെ സ്വീകരിച്ചു പറയും. ആരെങ്കിലും മനുഷ്യരുടെ മുമ്പിൽ എന്നെ നിഷേധിച്ചുപറഞ്ഞാൽ ഞാനും സ്വർഗ്ഗത്തിലുള്ള എൻെറ പിതാവിൻെറ മുമ്പിൽ അവനെ നിഷേധിച്ചു പറയും" (മത്താ. 10: 32–33).

ഓരോ ക്രിസ്ത്യാനിയും ക്രിസ്തുസാക്ഷികളായിരിക്കണം. ക്രിസ്തു ദൈവമാണെന്നു വചനങ്ങൾകൊണ്ടും പ്രവൃത്തികൾകൊണ്ടും അവൻ സാക്ഷ്യം വഹിക്കണം. ക്രിസ്തു അറിയപ്പെടുന്നതിനും സ്നേഹിക്കപ്പെടുന്നതിനുമായി ഭയലേശമെന്നിയേ ഏതൊരു ക്രൈസ്തവനും ക്രിസ്തുവിനെക്കുറിച്ചു പ്രസംഗിച്ചേ മതിയാവൂ. തൻെറ സ്നേഹിതരോടൊക്കെ ക്രിസ്തുവിനെപ്പററി അവൻ പറയണം. എന്തുകൊണ്ടെന്നാൽ, റോമാക്കാരോടു വി. പൗലോസു പറഞ്ഞു: "ക്രിസ്തു പ്രസംഗിക്ക

പ്പെടുന്നില്ലെങ്കിൽ എങ്ങനെ അന്യർ അവിടുത്തെ അറിയും?" (റോമാ. 10: 14). അതിനാൽ, ക്രിസ്തു അറിയപ്പെടുന്നതിനും സ്നേഹിക്കപ്പെടുന്നതിനുംവേണ്ടി പരിശ്രമിക്കുവാൻ അതിപ്രധാനമായ ഒരു കടമ ഓരോ ക്രിസ്ത്യാനിക്കുമുണ്ടെന്നുള്ളതു നിങ്ങൾ ഒരിക്കലും വിസ്മരിക്കരുത്.

ഒരു 'കടമ' എന്നു ഞാൻ പറഞ്ഞു: എന്നാൽ, അതിനെക്കാൾ ഉപരിയായി ഒരു അവകാശമാണതു്; ഒരു ബഹുമതി. അകത്തോലിക്കരോടു ക്രിസ്തുവിനെപ്പററി സംസാരിക്കുന്നതു് ഒരാനന്ദമായി നിങ്ങൾ കരുതണം. ക്രിസ്തുവിനോടു നിങ്ങൾക്കു വാസ്തവത്തിൽ ഹൃദയംഗമമായ സ്നേഹമുണ്ടെങ്കിൽ അവിടുത്തെക്കുറിച്ചു് അന്യരോടു സംസാരിക്കുന്നതിൽ നിങ്ങൾ ആനന്ദം കൊള്ളുകതന്നെ ചെയ്യും. മാത്രമല്ല, നിങ്ങളുടെ സഹോദരനെ നിങ്ങൾ സ്നേഹിക്കുന്നുവെങ്കിൽ, അയാളെക്കൂടെ സത്യദൈവമായ ക്രിസ്തുവിങ്കലേയ്ക്കാനയിക്കുവാൻ നിങ്ങൾ ഉത്സുകരാകാതിരിക്കുകയില്ല. "സുവിശേഷം പ്രസംഗിക്കാതിരിക്കുന്നുവെങ്കിൽ ഹാ! എനിക്കു ദുരിതം!" (1 കോറ. 9: 16) എന്നു വി. പൗലോസിനോടുകൂടി നിങ്ങളും വിളിച്ചുപറയും.

ആകയാൽ യുവപ്രേഷിതരേ, ഉത്സാഹപൂർവ്വം നിങ്ങൾ മുന്നോട്ടിറങ്ങി പ്രവർത്തിക്കുവിൻ. നിങ്ങളുടെ ചുററുമുള്ള എല്ലാവർക്കും ക്രിസ്തുവിനെ അറിയിക്കുവിൻ. അവർ ക്രിസ്തുവിനെ സ്നേഹിക്കട്ടെ. ക്രിസ്തുവിനെ രാജാവായി ഭാരതീയർ സ്വീകരിക്കുന്ന ആ സുദിനം — അവിടുത്തേ സ്തോത്രഗീതങ്ങൾ ഏതൊരു ഭാരതീയൻേറയും അധരങ്ങളിൽനിന്നും സ്വർഗ്ഗത്തിലേക്കുയരുന്ന ആ സുദിനം—വേഗം ആഗമിക്കുന്നതിനു നിങ്ങൾക്കുള്ള പങ്കു് ഉടനെ നിങ്ങൾ നിർവ്വഹിക്കുവിൻ. പ്രാർത്ഥനകൾ, ത്യാഗങ്ങൾ, പ്രേഷിതപ്രവർത്തനങ്ങൾ ഇവവഴി ക്രിസ്തുവിൻെറ ഭരണം ഭാരതത്തിൽ സംസ്ഥാപിതമാകുന്നതിനുവേണ്ടി യത്നിക്കുവാൻ ഇന്നുതന്നെ നിങ്ങൾ ആരംഭിക്കുവിൻ.

# 4 പ്രേഷിതത്വം അതിന്റെ പൂർണ്ണതയിൽ

കഴിഞ്ഞ നൂററാണ്ടിലാണ് ആ സംഭവം നടന്നത്. ഫ്രാൻസിൽ ഒരു പ്രഭുമന്ദിരത്തിൽ ഭക്തയായ ഒരു വിധവ, ആറു വയസ്സുമാത്രം പ്രായമായ മൈക്കിൾ എന്ന പേരുള്ള തന്റെ പുത്രനോടുകൂടെ ജീവിച്ചിരുന്നു. ഒരു ദിവസം അവൾ അവനെ കപ്പേളയിലേക്കു കൊണ്ടുപോയി, സക്രാരിയുടെ സ്വർണ്ണകവാടത്തിനു പിന്നിൽ ഈശോമിശിഹാ എപ്രകാരം നിരന്തരം വസിക്കുന്നുവെന്നു വിവരിച്ചു കേൾപ്പിച്ചു. "അമ്മച്ചീ, ഈശോ അവിടെ എന്തെടുക്കയാ?" അവൻ ചോദിച്ചു. "നിന്നെ പ്രതീക്ഷിച്ചിരിക്കയല്ലേ! നീ എപ്പോഴാ തന്നെ സന്ദർശിക്കുവാൻ ചെല്ലുന്നതെന്ന് അവിടുന്നു നോക്കിയിരിക്കുന്നു. നീ സന്ദർശിക്കുവാൻ ചെല്ലുന്നത് ഈശോയ്ക്ക് എന്തിഷ്ടമാണെന്നോ? നീ എന്തു ചോദിച്ചാലും ഈശോ നിനക്കു തരും." "അമ്മച്ചീ, ആരാണ് ഈശോയെ ആ പെട്ടിയിലാക്കി അടച്ചത്?" "പട്ടക്കാരൻ." "പട്ടക്കാരനെന്നു പറഞ്ഞാൽ ആരാ അമ്മച്ചീ?" ഈശോയെ സ്വർഗ്ഗത്തിൽനിന്ന് അൾത്താരയിൽ വരുത്തുവാൻ ശക്തിയുള്ളയാളാണു പട്ടക്കാരനെന്നും അദ്ദേഹത്തിന് ഈശോയെ കരങ്ങളിൽ വഹിക്കാനും മററുള്ളവർക്ക് എഴുന്നെള്ളിച്ചുകൊടുക്കാനും സാധിക്കുമെന്നും മററും അവൾ വിവരമായി ആ ബാലകനു പറഞ്ഞുകൊടുത്തു. അന്നു വൈകിട്ട് അത്താഴത്തിനു സമയമായപ്പോൾ മൈക്കിളിനെ കാണ്മാനില്ല. ആ വത്സലമാതാവ് അവനെ അവിടെയെല്ലാം തിരക്കി. എങ്ങും കണ്ടില്ല. അവൾ ഉറക്കെ വിളിച്ചു. എന്നിട്ടും ഒരു ഫലവുമില്ല. അവസാനം, കപ്പേളയ്ക്കു സമീപേകൂടെ കടന്നുപോയപ്പോൾ, അതിന്റെ ഒരു കതക് അല്പം തുറന്നു കിടക്കുന്നതായിക്കണ്ടു. അവൾ അതിലൂടെ അകത്തേക്ക് എത്തിനോക്കി. അതാ, മൈക്കിൾ അവിടെ അൾത്താര

യ്ക്കുടുത്തു നില്ക്കുന്നു. അവൻ അവിടെനിന്നു സക്രാരിയിലേക്കു കൈ നീട്ടിക്കൊണ്ടു ചോദിക്കയാണു്! "ഈശോ ഇവിടെ ഇല്ലേ? അമ്മച്ചി പറഞ്ഞല്ലോ എപ്പോഴും നീ ഇവിടെ ഉണ്ടായിരിക്കുമെന്നു്. നിന്നോടു കുറച്ചു വത്തമാനം പറയാനാ ഞാൻ വന്നിരിക്കുന്നതു്. നിന്നോട്ട് ഒരു കാര്യം എനിക്കു ചോദിക്കാനുണ്ടു്." ചോദ്യങ്ങൾക്കൊന്നിനും മറുപടി കിട്ടാഞ്ഞിട്ട് ഈശോ ഉറങ്ങുകയായിരിക്കുമെന്നു് അവൻ വിചാരിച്ചു. എന്നാൽ, ഒന്നു വിളിച്ചെഴുന്നേല്പിച്ചിട്ടേയുള്ളുവെന്നു് അവനും കരുതി. മൈക്കിൾ ചുററും നോക്കി. കുറച്ചുകലെ കിടന്നിരുന്ന ഒരു കസേര അവൻെറ ദൃഷ്ടിയിൽപ്പെട്ടു. അതിനു വളരെ ഘനമുണ്ടായിരുന്നു. എങ്കിലും ഉന്തിയും തള്ളിയും വളരെ നേരംകൊണ്ടു ഒരുപ്രകാരത്തിൽ അവനതു അൾത്താരനടയ്ക്കലെത്തിച്ചു. പിന്നെ അതു് അൾത്താരയുടെ അടുക്കലേക്കു വലിച്ചു കയററി, അതിന്മേൽ കയറി നിന്നുകൊണ്ടു ദിവ്യസക്രാരിയുടെ വാതിലിന്മേൽ അവൻ പല പ്രാവശ്യം മുട്ടി വിളിച്ചു.... എന്നിട്ടും ഒരുത്തരവുമില്ല. "ഈശോ ഇനിയും ഉറങ്ങുകയാണോ? ഇതെന്തൊരുറക്കം! നിന്നോട്ട് ഒരു കാര്യം ചോദിക്കാനാ ഞാൻ വന്നതു്. നീ എന്നെ ഒരു പട്ടക്കാരനാക്കണം. എന്തിനെന്നോ? നിന്നെ എൻെറ കരങ്ങളിൽ എടുക്കാനും മറ്റുള്ളവർക്കു നിന്നെ കൊടുക്കാനും. കേട്ടോ?........ ഈശോ, ഞാൻ പോവുകയാണു്. ഞാൻ പറഞ്ഞ കാര്യം മറന്നേക്കരുതു്. എന്നെ ഒരു പട്ടക്കാരനാക്കണം!"

കത്തോലിക്കാപൗരോഹിത്യത്തെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കണമെന്നാണു് ഇതുവരെ ഞാൻ ഉദ്ദേശിച്ചിരുന്നതു്. എന്നാൽ, ഇപ്പോൾ ആ അഭിലാഷം ഉപേക്ഷിച്ചിരിക്കുന്നു. ഒരു വൈദികൻെറ ശ്രേഷ്ഠതയെപ്പററി വർണ്ണിക്കുവാൻ വാക്കുകൾ കേവലം അശക്തങ്ങളാണു്. വൈദികൻ ദിനന്തോറും ദിവ്യബലി അർപ്പിക്കുന്നു. ഒരു കരത്തിൽ ക്രിസ്തുവിൻെറ തിരുശ്ശരീരവും മറേറതിൽ അവിടുത്തെ തിരുര

കരവും പിടിച്ചുകൊണ്ട് അവയെ പിതാവായ ദൈവത്തിനു കാഴ്ച സമർപ്പിക്കുന്നു. ആ സമയത്ത് അൾത്താരയ്ക്കു ചുററും കോടാനുകോടി മാലാഖാമാർ സാഷ്ടാംഗപ്രണാമം ചെയ്തു കൊണ്ടു ദൈവസുതനെ ആരാധിക്കുന്നു. അവർ മനുഷ്യരെക്കാൾ ശ്രേഷ്ഠതയേറിയവരാണ്; ശരിതന്നെ. എന്നാൽ, അവർക്കാർക്കും ക്രിസ്തുവിൻെറ ആരാധനീയമായ ആ തിരുശ്ശരീരത്തെ, പുരോഹിതൻ ചെയ്യുന്നതുപോലെ സംവഹിക്കുവാനോ പിതാവായ ദൈവത്തിനു കാഴ്ചസമർപ്പിക്കുവാനോ ഭാഗ്യം ലഭിച്ചിട്ടില്ല. ഇതാ, ഒരു മനുഷ്യൻ ഒരു വൈദികനെ സമീപിക്കുന്നു. അവൻെറ ആത്മാവ് അനേകപാപങ്ങളാൽ മലിനമാക്കപ്പെട്ടിരിക്കുന്നു. അവൻ സാത്താൻെറ അടിമയാണ്. ആ വൈദികൻെറ വചനങ്ങളാൽ അവൻ നിർമ്മലനാക്കപ്പെട്ട്, ദൈവത്തിൻെറ ഒരു സുതനായി, സ്വർഗ്ഗരാജ്യത്തിന് അവകാശിയായി സന്തോഷത്തോടുകൂടെ തിരിച്ചുപോകുന്നു.

വൈദികൻ ക്രിസ്തുവിൻെറ ഒരു പ്രത്യേകമിത്രമാണ്. അദ്ദേഹം നൈസർഗ്ഗികമായ ജഡികവാസനകളെ സംയമനം ചെയ്തുകൊണ്ടു തന്നെ മുഴുവനായി ക്രിസ്തുവിനു സ്നേഹാർപ്പണം ചെയ്തിരിക്കുന്നു. ക്രിസ്തുവാണ് അദ്ദേഹത്തിൻെറ സർവ്വസ്വവും. വിശുദ്ധ പൗലോസിൻെറ വാക്കുകൾ അദ്ദേഹം നന്നായി ഗ്രഹിച്ചിട്ടുണ്ട്: "ഭാര്യയില്ലാത്തവൻ തൻെറ കർത്താവിനെ എങ്ങനെ പ്രസാദിപ്പിക്കാം എന്നുവച്ച് അവിടുത്തെ സംബന്ധിക്കുന്നവ വിചാരിക്കുന്നു. ഭാര്യയുള്ളവൻ തൻെറ ഭാര്യയെ എങ്ങനെ പ്രസാദിപ്പിക്കാം എന്നുവച്ചു ലോകസംബന്ധമായവയെപ്പററി വിചാരപ്പെടുന്നു." (1 കൊറി. 7: 32–33) നന്നാ ചെറുപ്പത്തിൽത്തന്നെ, തൻെറ കന്യാത്വം ദൈവത്തിനു നേർന്ന കന്യകാമറിയത്തിൻെറ മഹനീയമാതൃകയാണ് അദ്ദേഹത്തിനു പ്രചോദനം നല്കിയിരിക്കുന്നത്. ബ്രഹ്മചര്യം വൈവാഹികജീവിതത്തെക്കാൾ മഹത്തരമാകുന്നുവെ

ന്നു പ്രഖ്യാപിച്ച (മത്താ. 19: 22) നമ്മുടെ ദിവ്യനാഥൻെറ വാക്കകൾ അദ്ദേഹത്തിൻെറ ഹൃദയത്തിൽ ആഴമായി പതിഞ്ഞിട്ടുണ്ട്. ക്രിസ്തുവിനെപ്രതി വിവാഹത്തെ ഉപേക്ഷിച്ചവർ എവിടെയും അവിടുത്തെ പിഞ്ചെല്ലുന്നതായി വെളിപാടിൽ വിവരിച്ചിരിക്കുന്ന ദർശനം അദ്ദേഹത്തിനു ധൈര്യവും പ്രോത്സാഹനവും സുപ്രതീക്ഷയും പ്രദാനം ചെയ്യുന്നു. കാരണം, അദ്ദേഹത്തിനറിയാം ഒരിക്കൽ താനും അവരുടെ കൂട്ടത്തിൽ എണ്ണപ്പെട്ടുമെന്നു്.

ക്രിസ്തുവിൻെറ അപ്പസ്തോലനായ പുരോഹിതന് ഒരു ചിന്താവിഷയം മാത്രമേ ഉള്ളൂ— ക്രിസ്തു; ഒരു സ്നേഹമേ ഉള്ളൂ— ക്രിസ്തു; ഒരാഗ്രഹംമാത്രം— ക്രിസ്തു എല്ലാവരാലും അറിയപ്പെടണം, സ്നേഹിക്കപ്പെടണം. മററുള്ളവർ അനേകകാര്യങ്ങളിൽ വ്യാപൃതരായേക്കാം. എന്നാൽ, പുരോഹിതൻ ബദ്ധശ്രദ്ധനായിരിക്കുന്നതു് ഒന്നിൽമാത്രം— ആത്മാക്കളുടെ രക്ഷയിൽ. ഹാ! എത്ര ഉത്കൃഷ്ടവും സമുന്നതവും അഭികാമ്യവുമല്ല പുരോഹിതവൃത്തി! തീർച്ചയായും വൈദികവൃത്തി ദൈവികവൃത്തിതന്നെയാണ്. സാധാരണമായി, യുവജനങ്ങൾ വലിയ കാര്യങ്ങൾ പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നു. ശ്രേഷ്ഠകൃത്യങ്ങൾക്കായി തങ്ങളുടെ ജീവിതം ചെലവഴിക്കുവാൻ അവർ അതിയായി അഭിലഷിക്കുന്നു. കൊള്ളാം, നിങ്ങളുടെ അഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുവാൻ പര്യാപ്തമായ ഒരു ജോലി ഇതാ ഇവിടെയുണ്ട്. ആത്മാക്കളെ രക്ഷിച്ചു സ്വർഗ്ഗത്തിലേക്കയയ്ക്കുന്നതിനെക്കാൾ ഉത്കൃഷ്ടവും അഭികാമ്യവുമായി വേറെ എന്തൊരു ജോലിയാണുള്ളതു്?

ക്രിസ്തുനാഥൻ ഒരു ദിവസം ഒരു വലിയ ജനക്കൂട്ടം തന്നെ അനുഗമിക്കുന്നതു കണ്ടപ്പോൾ സങ്കടസമേതം വിളിച്ചു പറഞ്ഞു: "കൊയ്ത്തു വളരെ; എന്നാൽ വേലക്കാർ ചുരുക്കം." (മത്താ: 9: 37) അവിടുന്നു സൂചിപ്പിച്ച കൊയ്ത്ത് രക്ഷിക്കപ്പെടുവാനുള്ള ആത്മാക്കളും വേലക്കാർ വൈദികന്മാ

രമാണ്. രക്ഷിക്കപ്പെടേണ്ട ആത്മാക്കൾ വളരെയധികവും അവരെ രക്ഷിക്കാൻ വൈദികന്മാർ വളരെ വളരെ വിരളവുമാണ്. വൈദികന്മാരുടെ കുറവുനിമിത്തം വളരെയധികം ക്രിസ്ത്യാനികൾ മന്ദഭക്തരായിത്തീർന്നു സഭയിൽനിന്നും വഴുതിപ്പോകുന്നു. വൈദികന്മാരുടെ കുറവുനിമിത്തം ക്രിസ്തുവിനേയും അവിടുത്തെ സഭയേയും അറിയാതെ ബഹുസഹസ്രങ്ങൾ അബദ്ധത്തിൽത്തന്നെ കഴിഞ്ഞുകൂടുന്നു. വൈദികന്മാരുടെ കുറവുകാരണത്താൽ അസംഖ്യം ആത്മാക്കൾ അന്ധകാരത്തിലൂടെ ഉഴലുന്നു. ദയനീയമായ ഈ അവസ്ഥ നിങ്ങളുടെ ഹൃദയത്തെ സ്പർശിക്കുന്നില്ലേ? നിങ്ങളെത്തന്നെ ക്രിസ്തുവിന്നായി സമർപ്പിക്കുകയില്ലേ, അവിടുത്തെ വേലക്കാരനാകുവാൻ? അവിടുത്തെ പുരോഹിതനാകുവാൻ?

ഇടയനില്ലാത്ത ആടുകളെപ്പോലെ അവർ അലഞ്ഞുതിരിയുന്നതുകൊണ്ട് അവരുടെമേൽ ദിവ്യരക്ഷകനു കരുണതോന്നി (മത്താ: 9; 36) എന്നു സുവിശേഷത്തിൽ നാം വായിക്കുന്നു. ഇടയനില്ലെങ്കിൽ പിന്നെ ആരു് ആടുകളെ മേയിക്കും? ആരു പച്ചനിറഞ്ഞ പുൽത്തകിടികളിലേക്ക് അവയെ നയിക്കും? ആരു ചെന്നായുടെ ആക്രമണത്തിൽനിന്നും അവയെ തടയും? കാണാതെപോയാൽ ആരു് അവയെ അന്വേഷിക്കും? ഇടയനില്ലാത്ത ആടുകൾ നിസ്സഹായരാണ്. അവ അലഞ്ഞുതിരിഞ്ഞു നശിക്കുകയേയുള്ളൂ. വൈദികന്മാരാണ് ആത്മാക്കളുടെ ഇടയന്മാർ; വൈദികനില്ലെങ്കിൽ പിന്നെ ആരു ജനങ്ങളെ സ്വർഗ്ഗത്തിലേക്കുള്ള വഴി കാണിക്കും? ആരു കുഞ്ഞുങ്ങൾക്കു ജ്ഞാനസ്നാനവും രോഗികൾക്ക് അന്ത്യലേപനവും നല്കും? ആരു് അവരുടെ പാപങ്ങൾ മോചിക്കും? ആരവർക്കു ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊടുക്കും? പുരോഹിതനില്ലെങ്കിൽ ദിവ്യബലിയില്ല, ദിവ്യകാരുണ്യമില്ല, പാപവിമോചനമില്ല, രക്ഷയില്ല, സ്വർഗ്ഗമില്ല! നിങ്ങൾക്കിപ്പോൾ മനസ്സിലായോ ക്രിസ്തു പറഞ്ഞ വാക്കുകളുടെ അർത്ഥം? ഈ ജനക്കൂട്ടം

KOTTAYAM PUBLIC LIBRARY KOTTAYAM

ഇടയനില്ലാത്ത ആടുകളെപ്പോലെയാണ് — അവരെ പരിപാലിച്ചു സ്വർഗ്ഗത്തിലേക്കു നയിക്കുവാൻ അവർക്കു പുരോഹിതന്മാരില്ല. നമ്മുടെ വിസ്തൃതമായ ഈ ഭാരതഭൂവിൽ നാല്പത്തഞ്ചുകോടിയോളംവരുന്ന ജനങ്ങൾക്കായി പുരോഹിതന്മാർ വെറും നാലായിരംമാത്രം! അതായതു ശരാശരി ഒരു ലക്ഷത്തിൽപ്പരം ആത്മാക്കൾക്ക് ഒരു പുരോഹിതൻമാത്രം! "ഈശോയേ, ഈ ആത്മാക്കളെ രക്ഷിച്ചു സ്വർഗ്ഗത്തിലേക്കു നയിക്കുവാൻ എന്നെ പുരോഹിതനാക്കേണമെ" എന്ന് ആ കൊച്ചുമൈക്കിളിനെ അനുകരിച്ചു പ്രാർത്ഥിക്കുവാൻ ഇതു നിങ്ങളെ പ്രേരിപ്പിക്കുന്നില്ലേ?

ഭാരതീയജനത ഇടയനില്ലാത്ത ആടുകളെപ്പോലെയാണ്. യുവജനങ്ങളേ, അവരിൽ കരുണ തോന്നുവിൻ. നിങ്ങൾ അവരുടെ ഇടയന്മാരാകുവിൻ. പാപത്തിന്റെ അടിമത്തത്തിൽനിന്ന് അവരെ നിങ്ങൾ രക്ഷിക്കുവിൻ; ക്രിസ്തുവിനെ അവർക്കു നല്കുവിൻ; സ്വർഗ്ഗത്തിലേക്കു നിങ്ങൾ അവരെ നയിക്കുവിൻ.

ഒരു ദിവസം 'ഏശയ്യാ' ദീർഘദർശിക്ക് ഒരു ദർശനം ഉണ്ടായി. അദ്ദേഹത്തിന്റെ മുമ്പിൽ സ്വർഗ്ഗം തുറക്കപ്പെട്ടു. എണ്ണമില്ലാത്ത മാലാഖാമാരാൽ പരിസേവിതനായി ദൈവം തന്റെ സകല ശക്തിയിലും മഹിമപ്രതാപത്തിലും ഒരു സിംഹാസനത്തിൽ ഇരിക്കുന്നതായി അദ്ദേഹം കണ്ടു. ഉടനെ ദൈവത്തിന്റെ സ്വരം പറയുന്നതായി അദ്ദേഹം കേട്ടു: "ആരെയാണു ഞാൻ അയയ്ക്കുക? ആക്കു പോകാം?" (ഏശ. 6: 1-8) എന്ന്. ദീർഘദർശി ഉടനെ ദൈവസിംഹാസനത്തിന്റെ മുമ്പിൽ സന്നിഹിതനായിപ്പറഞ്ഞു: "കണ്ടാലും, കർത്താവായ ദൈവമേ, എന്നെ അയച്ചാലും. ഞാൻ പോകാം" എന്ന്. ഈ രംഗം ഇന്നും നവീകരിക്കപ്പെടുന്നു. സക്രാരിയിൽ പള്ളികൊള്ളുന്ന ഈശോ വിളിച്ചുചോദിക്കുകയാണ്: "ആരെയാണു ഞാൻ അയയ്ക്കുക? ആർക്കു പോകാം?" എന്ന്. ക്രി

സ്തുവിന്ന് ആവശ്യമുണ്ട്, ആത്മാക്കളുടെ രക്ഷയ്ക്കായി തന്നേ ടുക്കുടെ ജോലി ചെയ്യുവാൻ സകലതും ഉപേക്ഷിച്ചു തന്നെ അനുഗമിക്കുന്നതിനു സന്നദ്ധരായ യുവജനങ്ങളെ അവനെ അവിടുന്ന് അന്വേഷിക്കുകയാണ്. കർമ്മധീരരും ഔദാര്യ സമ്പന്നരുമായ യുവജനങ്ങളേ, എന്തുകൊണ്ടു നിങ്ങൾക്ക് ആ ദീർഘദർശിയെ അനുകരിച്ചുകൂടാ? എന്തുകൊണ്ട് ഈ വ നാഴികയിൽത്തന്നെ എഴുന്നേററു നിങ്ങളെത്തന്നെ ക്രിസ്തു വിനു സമർപ്പിച്ചുകൂടാ? "കർത്താവും, ഈശോയേ, എന്നെ അ യയ്ക്കുക; ഞാൻ പോയി, നീ അറിയപ്പെടുകയും സ്നേഹിക്കപ്പെ ടുകയും ചെയ്യുന്നതിനായി പ്രയത്നിച്ചുകൊള്ളാം. ആത്മാക്ക ളുടെ രക്ഷയ്ക്കായി എന്റെ ജീവിതത്തെ വിനിയോഗിച്ചു കൊള്ളാം.

Printed at the J. M. Press, Alwaye, and Published by
"S. H. League," Ap. Seminary, Alwaye, S. India.